# الاتّباع على ضوء الوحيين

[ باللغة مليالم ]

تأليف: فضيلة الشيخ فيصل بن علي البعداني

ترجمة :عبد الجبّار عبدالله

مراجعة: محمد صادق مديني

المكتتب التعاوني للدعوة والارشاد وتوعية الجاليات بالدمام

المملكة العربية السعودية

1429 – 2008

# ഇത്തിബാഉസ്സുന്നഃ

*പ്രമാണികതയും പ്രായോഗികതയും*

ശൈഖ് ഫൈസൽ
ഇബ്ൻ അലി അൽ ബുഅ്ദാനി

വിവർത്തനം:
**അബ്ദുൽ ജബ്ബാർ അബ്ദുള്ള**

പരിശോധന :

മുഹമ്മദ് സ്വാദിഖ് മദീനി

**കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ് .**
**ദമ്മാം – സൗദി അറേബ്യ**


بسم الله الرحمن الرحيم

# മുഖക്കുറിപ്പ്

പരമകാരുണികനും ദയാപരനുമായ അല്ലാഹുവിൻെറ തിരുനാമത്തിൽ, സ്തോത്രങ്ങളെല്ലാം അവന് മാത്രമാകുന്നു. അവനെ സ്തുതിക്കുന്നു. അവനോട് സഹായത്തിനും പാപ മോചനത്തിനും നേർമാർഗ്ഗത്തിന്നും തേടുന്നു. സ്വന്തം തിന്മ കളിൽനിന്നും ദുഷ്ചെയ്തികളിൽനിന്നും അവനോട് രക്ഷ തേടുന്നു. അവൻ വഴികാട്ടിയവരെ പിഴപ്പിക്കാനാരുമില്ല. അവ ൻ വഴികേടിലാക്കിയവരെ നേർവഴി നടത്താനും ആരുമില്ല. അവനല്ലാതെ യഥാർത്ഥ ആരാധ്യനേയില്ലെന്നും അവന് പ ങ്കുകാരില്ലെന്നും മുഹമ്മദ് ﷺ അല്ലാഹുവിൻെറ ദാസനും ദൂത നുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

'ഇത്തിബാഉസുന്നഃ' എന്ന തലക്കെട്ടിൽ താങ്കളുടെ കര ങ്ങളിലുള്ള ഈ ഗ്രന്ഥം 'അൽ ഇത്തിബാഉ അലാദൗഇൽ വ ഹ്യയ്നി' എന്ന ലേഖനത്തിൻെറ വിവർത്തനമാണ്. ശൈഖ് ഫൈസൽ ഇബ്ൻ അലി അൽബുഅ്ദാനി എഴുതി, 'അൽബ യാൻ' മാസിക പ്രസിദ്ധീകരിച്ചതാണ് പ്രസ്തുത ലേഖനം. പ്രവാചകൻ ﷺ യോടുള്ള അനുധാവനവുമായി ബന്ധപ്പെട്ട അടിസ്ഥാനപരമായ വിഷയങ്ങൾ ലേഖകൻ പ്രമാണികമായി എഴുതിത്തെളിയിച്ചത് കേരളക്കാർക്ക് ഉപകാരപ്പെടുമെന്നതി നാലാണ് പ്രസ്തുതലേഖനം തർജമക്ക് തെരഞ്ഞെടുത്തത്.

പദാനുപദതർജമക്ക് കഴിവതും ശ്രമിച്ചിട്ടുണ്ട്, അനിവാ ര്യമെന്ന് തോന്നിയ സ്ഥലങ്ങളിൽ അടിക്കുറിപ്പുകൾ നൽകി യിട്ടുണ്ട്. വീഴ്ചകൾ വരാനിടയുണ്ട്. നാഥനോട് മാപ്പിരക്കുന്ന തോടൊപ്പം മാന്യവായനക്കാരൻെറ ദൃഷ്ടിയിൽപ്പെടുന്നത് ഗുണകാംക്ഷയോടെ ഉണർത്തണമെന്ന് വസ്വിയ്യത് ചെയ്യുന്നു.

ഈ സംരംഭം തയ്യാറാക്കാൻ എനിക്ക് തൗഫീഖേകിയ പ്രപഞ്ചനാഥന്ന് മാത്രമാണ് സ്തുതികൾ മുഴുവനും. അതിൽ പിന്നെ സഹകരിച്ച സകലർക്കും നന്ദി. ഈ വിവർത്തനം പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകിയ ബഹു. മുഹമ്മദ് സ്വാദിഖ് മദനിയോടും, ഇതിൻെറ കെട്ടും മട്ടും ന ന്നാക്കിയ ബഹുമാന്യർ നൗഷാദ്(തിരുവനന്തപുരം), മുഹമ്മദ് അലി പുലാശ്ശേരി, അബ്ദുൽ ലത്വീഫ് കോതൊടിയിൽ, മുഹ മ്മദ് റയ്യാൻ, ഇബ്റാഹീം കൊച്ചി തുടങ്ങിയവരോടെല്ലാം വലിയ കടപ്പാടുകളുണ്ട്. റബ്ബേ ഞങ്ങളിൽനിന്നും സ്വീകരി ക്കേണമേ......

അബ്ദുൽ ജബ്ബാർ അബ്ദുല്ല

# ആമുഖം

നബിﷺയെ പിൻപറ്റൽ(ഇത്തിബാഅ്) ഇസ്‌ലാമിലെ അടിസ്ഥാനങ്ങളിലൊന്നത്രെ. മതത്തിൽ അനിവാര്യമായും അറിഞ്ഞിരിക്കേണ്ടതും അംഗീകരിക്കപ്പെടേണ്ടതുമായ മഹൽ സംഗതികളിലൊന്നുമത്രെ അത്. പ്രമാണങ്ങൾ തൽവിഷയത്തെ വ്യക്തമാക്കിയും ഉറപ്പിച്ചും ഒട്ടനവധി വന്നിരിക്കുന്നു.

അല്ലാഹു ﷻ പറയുന്നു :

﴿ وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا۟ ﴾

" നിങ്ങൾക്ക് റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക....." (വി.ക്വു. 59:7)

﴿ مَّن يُطِعِ ٱلرَّسُولَ فَقَدْ أَطَاعَ ٱللَّهَ ۖ وَمَن تَوَلَّىٰ فَمَآ أَرْسَلْنَـٰكَ عَلَيْهِمْ حَفِيظًا ﴾

" (അല്ലാഹുവിൻെറ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെമേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല." (വി.ക്വു. 4:80)

പക്ഷേ വസ്തുത ഇതായിട്ടുകൂടി, നബിചര്യയിൽ ജാഗരൂഗരായി ഗമിക്കുന്നതിൽ നിന്നും ഋജുമാർഗ്ഗത്തെ വിടാതെ പിന്തുടരുന്നതിൽ നിന്നും മുസ്‌ലിംകളിൽപ്പെട്ട ചില വിഭാഗങ്ങളുടെ മാർഗ്ഗഭ്രംശത്തെ അത് തടയിട്ടില്ല.[1] അതിൽപിന്നെ ധാര

---

[1] പ്രസ്തുത മാർഗ്ഗഭ്രംശങ്ങളുടെ ചില ഉദാഹരണങ്ങൾ ഗ്രന്ഥകാരൻ വഴിയേ വിശദീകരിക്കുന്നുണ്ട്.

ണകൾ ചഞ്ചലിതമായി, കാൽപാദങ്ങൾ അടിപതറി. അതോടെ കാര്യങ്ങൾ വിശദീകരിക്കപ്പെടേണ്ട ആവശ്യകത ഗൗരവമാർന്നതും അനിവാര്യവുമായി വന്നിരിക്കുകയാണ്. അതുകൊണ്ട് ഈ പഠനത്തിൽ നബിﷺയെ പിൻപറ്റൽ, അതിൻെറ യാഥാർത്ഥ്യം, മതവിധി, അതിൻെറ സ്ഥാനം, എങ്ങിനെ നബിﷺയെ പിൻപറ്റാം, അതിന് സഹായകമായ മാർഗ്ഗങ്ങൾ ഏതെല്ലാം, അതിന് മുമ്പിൽ തടസ്സംനിൽക്കുന്ന കൂച്ചുവിലങ്ങുകൾ എന്തെല്ലാം തുടങ്ങിയവ വ്യക്തമാക്കാനുള്ള ഒരു ശ്രമമാണിവിടെ നടത്തുന്നത്. നമുക്ക് നന്മയിലേക്ക് ഉദവിയുണ്ടാകാനും നമ്മുടെ ഉദ്ദേശം നന്നാക്കാനും പാപം നന്നായി പൊറുക്കുന്ന എൻെറ രക്ഷിതാവിനോട് തേടുകയാണ്. അവൻ എല്ലാത്തിനും കഴിവുള്ളവൻ; ഉത്തരം ചെയ്യാൻ അർഹനും.

## ഇത്തിബാഇ (الاتباع) ൻെറ ഭാഷാർത്ഥം

ഭാഷയിൽ اتبع (ഇത്തബഅ) എന്ന ക്രിയയുടെ ക്രിയാധാതുവാണ് اتباع (ഇത്തിബാഅ്). ഒരു വസ്തുവിൻെറ പിന്നിൽ ചലിച്ചാൽ, പിൻതുടർന്നാൽ എന്നൊക്കെയാണതിൻെറ അർത്ഥം. اتباع (ഇത്തിബാഅ്) എന്ന പദം, എത്തിച്ചേരുക, അന്വേഷിച്ചു പിടിക്കുക, പിൻതുടരുക, മാർഗ്ഗം പിൻതുടരുക, മാതൃകസ്വീകരിക്കുക തുടങ്ങിയ ആശയങ്ങൾ ഉൾക്കൊള്ളുന്നു. അറബിയിൽ اتبع القرآن (ഇത്തബഅൽ ക്വുർആൻ) എന്ന് പറയും അഥവാ അയാൾ ക്വുർആനിനെ പിൻപറ്റി അതിലുള്ളതിനനുസരിച്ച് പ്രവർത്തിച്ചു. അപ്രകാരം إتبع الرسول (ഇത്തബഅർറസൂൽ) എന്ന് പറയും. അഥവാ റസൂൽﷺയെ പിൻ

പറ്റി, അദ്ദേഹത്തിൻെറ കാൽപ്പാടുകൾ അനുഗമിച്ചു, അദ്ദേഹ ത്തിൻെറ മാതൃക ഉൾക്കൊണ്ടു.

## ഇത്തിബാഇൻെറ സാങ്കേതിക അർത്ഥം

വിശ്വാസ കാര്യങ്ങളിലും വാക്കുകളിലും പ്രവർത്തികളി ലും ഉപേക്ഷകളിലും നബിﷺയെ മാതൃകയാക്കുക, അനുധാ വനം ചെയ്യുക എന്നതാണ് ഇത്തിബാഅ്. നബിﷺ പ്രവർത്തി ച്ചപോലെ പ്രവർത്തിക്കുക, നിർബന്ധം സുന്നത്ത് അനുവദ നീയം വെറുക്കപ്പെട്ടത് നിഷിദ്ധം തുടങ്ങിയ വിധികളിൽ നബിﷺ എന്താണോ താൽപര്യപ്പെട്ടത് അതിനനുസരിച്ച് പ്രവ ർത്തിക്കുക, പ്രവർത്തികളിൽ സമ്പൂർണ്ണ നിയ്യത്തും ലക്ഷ്യവും ഉണ്ടാകുക, അപ്പോഴാണ് പ്രസ്തുത അനുധാവനം സാധ്യമാ വുക. [1]

### വിശ്വാസകാര്യങ്ങളിലുള്ള ഇത്തിബാഅ്:

നബിﷺ വിശ്വസിച്ചതെല്ലാം ഒരാൾ വിശ്വസിക്കുക, വി ശ്വസിക്കപ്പെടുന്ന കാര്യം നിർബന്ധമാണോ ബിദ്അത്താണോ ദീനിൻെറ അടിസ്ഥാനങ്ങളിൽപ്പെട്ടതാണോ ദീനിൻെറ അടി സ്ഥാനത്തെ തകർക്കുന്നതാണോ മതത്തിൻെറ പരിപൂർണ്ണ തയെ കളങ്കപ്പെടുത്തുന്നതാണോ എന്നീ നിലക്കൊക്കെ നബി ﷺ എങ്ങനെയാണോ വിശ്വസിച്ചത് അതേ രീതിയിൽ വിശ്വസി ക്കുക, നബിﷺ വിശ്വസിച്ചു എന്നതു കാരണത്താൽ വിശ്വസി ക്കുക; അപ്പോഴാണ് വിശ്വാസത്തിലുള്ള അനുധാവനം ഉണ്ടാ യിത്തീരുക.

---

[1] ലിസാനുൽ അറബ് 1 :416,417, അൽ മുഅ്ജമുൽവസീത്ത്1:81

## വാക്കുകളിലുള്ള ഇത്തിബാഅ്:

നബിﷺയുടെ വാക്കുകൾ എന്തൊന്ന് അന്വർത്ഥമാക്കുകയും താൽപര്യപ്പെടുകയും ചെയ്യുന്നുവോ അവ ജീവിതത്തിൽ പ്രാവർത്തികമാക്കുന്നതിലാണ് വാക്കുകളിലുള്ള ഇത്തിബാഅ് ഉണ്ടായിത്തീരുക. അതല്ലാതെ കേവലം വാക്കുകളുടെ ലിപികൾ ആവർത്തിച്ച് ഉരുവിടുക, പ്രമാണവചനങ്ങൾ ചൊല്ലിപ്പറയുക എന്നുള്ളതുകൊണ്ടല്ല.

ഉദാഹരണത്തിന്: നബിﷺ പറഞ്ഞു :

﴿ صَلُّوا كَمَا رَأَيْتُمُونِي أُصَلِّي ﴾

((ഞാൻ എപ്രകാരം നമസ്ക്കരിക്കുന്നത് നിങ്ങൾ കണ്ടുവോ, അപ്രകാരം നിങ്ങൾ നമസ്കരിക്കുക.)) [1]

നബിﷺ യുടെ പ്രസ്തുത വാക്കിനെ ഇത്തിബാഅ് ചെയ്യൽ, നബിﷺ നമസ്ക്കരിച്ചതുപോലെ നമസ്ക്കരിക്കൽ കൊണ്ടാണ് സാധ്യമാവുക. നബിﷺ പറഞ്ഞു:

﴿ لاَ تَحَاسَدُوا وَلاَ تَنَاجَشُوا ﴾

((നിങ്ങൾ പരസ്പരം അസൂയ കാണിക്കരുത്, നിങ്ങൾ അന്യോന്യം കൃത്രിമമായി വിലകയറ്റി പറയരുത്.)) [2] ഇവിടെ പ്രസ്തുതവാക്കിനെ ഇത്തിബാഉ ചെയ്യൽ അസൂയയും കൃത്രിമമായ വിലകയറ്റിപ്പറയലും ഉപേക്ഷിക്കൽ കൊണ്ടാണുണ്ടാവുക. നബിﷺ പറഞ്ഞു :

---

[1] ബുഖാരി 2 : 131,132,

[2] മുസ്ലിം : 44 : 1986

﴿مَنْ سُئِلَ عَنْ عِلْمٍ عَلِمَهُ ثُمَّ كَتَمَهُ أُلْجِمَ يَوْمَ الْقِيَامَةِ بِلِجَامٍ مِنْ نَارٍ﴾ ((ഒരാൾ, താൻ പഠിച്ച അറിവിൽനിന്ന് വല്ലതും ചോദിക്കപ്പെട്ടു, (ചോദിച്ചവനുനേരെ) താൻ മനസ്സിലാക്കിയത് മറച്ചു വെച്ചാൽ അവന് അന്ത്യനാളിൽ തീയിൽനിന്നുള്ള മുഖപ്പട്ട ധരിപ്പിക്കപ്പെടും.))[1] പ്രസ്തുത വചനത്തെ ഇത്തിബാഅ് ചെയ്യൽ ഉപകാരപ്രദമായതും ശരിയായതുമായ അറിവ് പ്രചരിപ്പിക്കൽ കൊണ്ടും ചോദിച്ചവർക്കുനേരെ അതു മറച്ചു വെക്കാതിരിക്കൽ കൊണ്ടുമാണുണ്ടായിത്തീരുക.

## പ്രവർത്തികളിലുള്ള ഇത്തിബാഅ്:

നബിﷺ പ്രവർത്തിച്ചപോലെ, പ്രവർത്തിച്ച മാർഗ്ഗേണ, നബിﷺ പ്രവർത്തിച്ചു എന്ന കാരണത്താൽ നാമും പ്രവർത്തിക്കൽ കൊണ്ടാണ് പ്രവർത്തികളിലുള്ള ഇത്തിബാഅ് സാധ്യമാവുക.

'നബിﷺ പ്രവർത്തിച്ചത് പോലെ' എന്ന് പറയാൻ കാരണം പ്രവർത്തിയുടെ രൂപവും കോലവും വ്യത്യസ്ഥമായിക്കൊണ്ടൊരു ഇത്തിബാഅ് ഇല്ലതന്നെ.

'നബിﷺ പ്രവർത്തിച്ച മാർഗ്ഗേണ' എന്നു പറഞ്ഞാൽ, പ്രസ്തുത പ്രവർത്തനത്തിൻെറ ലക്ഷ്യത്തിലും നിയ്യത്തിലും നബിﷺയുടെ നിയ്യത്തിനോടും ലക്ഷ്യത്തോടും ആത്മാർത്ഥമായ പങ്കാളിത്തമുണ്ടാവുക, ചെയ്യുന്ന പ്രവർത്തനം നിർബന്ധമാണോ സുന്നത്താണോ എന്നതനുസരിച്ച് കർമ്മത്തെ നിർണ്ണയിക്കുക എന്നതാണ്. കാരണം പ്രവർത്തനം ഉപരിപ്ളവമായി പ്രവാചകൻﷺയുടെ പ്രവർത്തനത്തോട് ഒത്താലും നിയ്യ

---

[1] അൽബാനി, സ്വഹീഹുത്തിർമിദി: 2135

ത്തിലും ലക്ഷ്യത്തിലും വ്യത്യസ്ഥമായിക്കൊണ്ടൊരു അനുധാവനം ഇല്ല തന്നെ.

'നബിﷺ പ്രവർത്തിച്ചു എന്നത് കാരണത്താൽ' എന്നു നാം പറഞ്ഞതിന്റെ വിവക്ഷ, കർമ്മത്തിന്റെ രൂപവും ലക്ഷ്യവും യോജിച്ചുവന്നാലും ഉദ്ദേശം പ്രവാചകനെ അനുധാവനം ചെയ്യുക, മാതൃകയുൾക്കൊള്ളുക എന്നതായില്ലെങ്കിൽ ഒരിക്കലും അത് ഇത്തിബാഅ് ആകില്ല എന്നതാണ്.

പ്രവർത്തിയിലുള്ള ഇത്തിബാഇനെ ഒന്നുകൂടി വിശദീകരിച്ചാൽ, നാം നോമ്പിൽ നബിﷺയെ ഇത്തിബാഅ് ചെയ്യാൻ ഉദ്ദേശിച്ചാൽ; അദ്ദേഹം എങ്ങനെയാണോ നോമ്പെടുത്തത് ആ രൂപത്തിൽ നോമ്പെടുക്കൽ അനിവാര്യമാണ്. അഥവാ അല്ലാഹുവിന്റെ സാമീപ്യം സിദ്ധിക്കാനെന്ന ഉദ്ദേശത്തോടെ പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെ നോമ്പുമുറിക്കുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും ശരീരത്തെ പിടിച്ചു നിർത്തുക. ഒരാൾ നോമ്പ് മുറിക്കുന്ന ഏതാനും ചില കാര്യങ്ങളിൽനിന്ന് വിട്ടുനിന്നാൽ അയാൾ നബിﷺയെ ഇത്തിബാഅ് ചെയ്തവനാകില്ല. പകലിന്റെ കുറച്ചു സമയം മാത്രം അവയിൽ നിന്ന് വിട്ടുനിന്നാലും ഇത്തിബാഅ് ചെയ്തവനാകില്ല.

ലക്ഷ്യത്തിലും നാം നബിﷺ നോമ്പെടുത്ത അതേ മാർഗ്ഗേണ നോമ്പെടുക്കൽ അനിവാര്യമാണ്. അഥവാ നാം നമ്മുടെ നോമ്പുകൊണ്ട് അല്ലാഹുവിന്റെ പ്രീതി ലക്ഷ്യമിട്ട് ഉദ്ദേശത്തെ നിർണ്ണയിക്കുക, നിർബന്ധ നോമ്പുകൾ– അദാഅ്, ഖദാഅ്, നേർച്ചനേർന്ന നോമ്പ്- സുന്നത്ത് നോമ്പുകൾ എന്നിങ്ങനെ നബിﷺ ഏതൊരു കാരണത്താലാണോ നോമ്പെടുത്തത് അതേ ലക്ഷ്യത്തിൽ നോമ്പെടുത്ത് പ്രവർത്തിയെ നിർ

ണ്ണയിക്കുക. ഈ കാര്യങ്ങളാണ് 'നബിﷺ നോമ്പുനോറ്റ മാർഗ്ഗേണ നോമ്പെടുക്കൽ' എന്നത് കൊണ്ട് കാര്യമാക്കുന്നത്.[1]

നബിﷺ നോമ്പുനോറ്റു എന്നത് കാരണത്താലും നാം നോമ്പെടുക്കൽ അനിവാര്യമാണ്. അതിനാൽതന്നെ രണ്ടാളുകൾ അല്ലാഹുവിൻെറ കൽപനകൊണ്ടെന്നോണവും റസൂൽﷺയുടെ ചര്യയെന്നോണവും ഒരു പ്രവർത്തി ചെയ്യുന്നു. അവരിൽ ഒരാൾ തൻെറ ഉദ്ദേശത്തിലും രൂപത്തിലും നബിﷺയല്ലാത്ത മറ്റൊരാളെയാണ് (അയാൾ ചെയ്തു എന്ന കാരണത്താൽ) പിൻപറ്റുന്നതെങ്കിൽ അയാൾ നബിﷺയെ പിൻപറ്റിയവനാകില്ല.

## ഉപേക്ഷകളിൽ നബിﷺയെ പിൻപറ്റൽ:

നബിﷺ കയ്യൊഴിച്ചതെന്തോ അത്, ഏതൊരു രൂപത്തിലാണോ മാർഗ്ഗത്തിലാണോ ഉപേക്ഷിച്ചത് ആ രൂപത്തിൽ, അദ്ദേഹം ഉപേക്ഷിച്ചു എന്നത് കാരണത്താൽ നാമും കയ്യൊഴിക്കൽകൊണ്ടാണ് ഉപേക്ഷകളിലുള്ള ഇത്തിബാഅ് സാധ്യമാവുക. പ്രവർത്തനത്തിലുള്ള ഇത്തിബാഇൽ പറയപ്പെട്ട നിബന്ധനകൾ തന്നെയാണ് ഉപേക്ഷകളിലും ഉള്ളത്. ഉദാഹരണത്തിന്: നബിﷺ സൂര്യോദയവേളകളിൽ നമസ്ക്കരിക്കുന്നത്

---

[1] നബിﷺക്ക് പ്രത്യേകമായി ഉദ്ദേശങ്ങളും പ്രവർത്തികളുടെ രൂപങ്ങളും സ്ഥിരപ്പെട്ടതായാൽ, അവയിൽ നബിﷺയെ (പിന്തുടർന്നുകൊണ്ട്) പങ്കു ചേരൽ പാടുള്ളതല്ല. വിസ്വാലായ നോമ്പും (മുറിക്കാതെ തുടർച്ചയായി പിടിക്കുന്ന നോമ്പ്) രാത്രിനമസ്ക്കാരം നിർബന്ധമാണെന്നതും ഇതിനുള്ള ഉദാഹരണമാണ്. ഇത്തിബാഇൻെറ വിഷയം നബിﷺ സമുദായത്തിന് നിയമമാക്കിയ ലക്ഷ്യങ്ങളുമായും രൂപങ്ങളുമായും ബന്ധപ്പെട്ടവയിൽ മാത്രം പരിമിതപ്പെടുന്നു.

ഉപേക്ഷിച്ചു. അപ്പോൾ നബി ﷺ യെ അനുഗമിക്കുന്നവർ ആ സമയത്ത് നബി ﷺ ഉപേക്ഷിച്ച രീതിയിൽ അദ്ദേഹം ഉപേക്ഷിച്ചു എന്ന കാരണത്താൽ നമസ്കാരം ഉപേക്ഷിക്കണം. [1]

# മുഖാലഫത് (എതിരാവൽ) ഇത്തിബാഇന് നേർവിരുദ്ധം

നബി ﷺ യോട് എതിരാവലാകട്ടെ, വിശ്വാസത്തിലും വാക്കിലും പ്രവർത്തിയിലും ഉപേക്ഷയിലുമൊക്കെവരും.

## വിശ്വാസത്തിലുള്ള മുഖാലഫ:

ഒരാൾ നബി ﷺ വിശ്വസിച്ചതിനെതിരിൽ വിശ്വസിക്കലാണ് വിശ്വാസകാര്യങ്ങളിൽ നബി ﷺ യോട് മുഖാലഫ (എതിരാവുക) എന്നതിൻെറ വിവക്ഷ.

ഉദാഹരണത്തിന്: ഒരാൾ ദീനിൽ അനിവാര്യമായും അറിയപ്പെടുന്ന നിഷിദ്ധമായ ഒരു സംഗതിയെ അനുവദനീയമെന്ന് വിശ്വസിക്കുക. അല്ലെങ്കിൽ ഒരാൾ ദീനിൽ അനിവാര്യമായും അറിയപ്പെടുന്ന അനുവദനീയമോ, നിഷിദ്ധമോ ആയ സംഗതിയെ അത് നിർബന്ധമാണെന്ന് വിശ്വസിക്കുക, അല്ലാഹുവിൻെറ ദീനിൽ അതിലില്ലാത്തത് പുതുതായി ഉണ്ടാക്കുക. അല്ലാഹുവിൻെറ ദീനിനും റസൂൽ ﷺ കൊണ്ടു വന്നതിനും എതിരിൽ നടക്കുന്നവർ അല്ലാഹുവിൻെറ ഔലിയാക്കളാണ്, ഇഷ്ടക്കാരാണ് എന്ന് വിശ്വസിക്കുക.

---

[1] ഇബ്നു തൈമിയ്യ, മജ്മൂഉൽ ഫതാവാ 10: 409. ഇമാം ആമിദി, അൽ ഇഹ്കാം 1:226-227

## വാക്കുകളിലുള്ള മുഖാലഫ:

ഒരാൾ നബിﷺയുടെ വാക്കുകൾ എന്തൊന്ന് താൽപര്യപ്പെടുന്നുവോ അത് ഉപേക്ഷിക്കൽ കൊണ്ടാണ് വാക്കുകളിലുള്ള മുഖാലഫ ഉണ്ടാവുക. അല്ലെങ്കിൽ ആ വാക്കുകൾ വിളിച്ചറിയിക്കുന്ന നിർബന്ധം, നിഷിദ്ധം, തുടങ്ങിയ വിധികളെ ജീവിതത്തിൽ പ്രാവർത്തികമാക്കാതിരിക്കൽ കൊണ്ടും പ്രസ്തുത മുഖാലഫയുണ്ടാകും.

## പ്രവർത്തികളിലുള്ള മുഖാലഫ:

നബിﷺ ഒരു പ്രവർത്തിചെയ്തു, അത് നിർബന്ധമാണ്. ആ പ്രവർത്തനം നിർബന്ധമായിട്ടുകൂടി ഒരാൾ അതിൽനിന്നും തെറ്റി വേറൊന്നിലേക്ക് പോകുന്നുവെങ്കിൽ അത് നബിﷺയുടെ പ്രവർത്തിയോടുള്ള എതിരാവലാണ്.

## ഉപേക്ഷകളിലുള്ള മുഖാലഫ:

ഒരു പ്രവർത്തി നബിﷺ ഉപേക്ഷിച്ചു. പ്രസ്തുത പ്രവർത്തി നിഷിദ്ധമായിട്ടുകൂടി ഒരാൾ അത് പ്രാവർത്തികമാക്കുന്നുവെങ്കിൽ അത് ഉപേക്ഷയിലുള്ള എതിര് പ്രവർത്തിക്കലാണ്.

സുന്നത്തായ ഒരുകാര്യം ഉപേക്ഷിക്കുന്നതിലും കറാഹത്തായ ഒരു കാര്യം പ്രവർത്തിക്കുന്നതിലും മുഖാലഫ വരുന്നില്ല. പ്രത്യുത, വാജിബ്(നിർബന്ധം) കയ്യൊഴിക്കുമ്പോഴും ഹറാം(നിഷിദ്ധം) പ്രവർത്തിക്കുമ്പോഴുമാണ് മുഖാലഫയുണ്ടാകുന്നത്. ഇവിടെ മുഖാലഫ (എതിരാവൽ) വാക്കിലോ, പ്രവർത്തിയിലോ, ഉപേക്ഷയിലോ ആകട്ടെ...[1]

---

[1] ഇമാം ആമിദി, അൽ ഇഹ്കാം 1:227

# ഇത്തിബാഇന് സ്ഥലകാലങ്ങളുമായുള്ള ബന്ധം

ഏതെങ്കിലുമൊരു പ്രവർത്തി ഒരു പ്രത്യേക കാലത്തോ സ്ഥലത്തോ സംഭവിച്ചു എന്നത് കൊണ്ടുമാത്രം ആ പ്രവർത്തിയുമായി സ്ഥലത്തിനും കാലത്തിനും യാതൊരു ബന്ധവുമില്ല. ആ പ്രവർത്തിയുമായി ബന്ധപ്പെട്ട അതിന്നു ബാഹ്യമായ മറ്റൊരു തെളിവുകൊണ്ടല്ലാതെ. നബി ﷺ ഒരു പ്രവർത്തിയിലൂടെ ആ പ്രവർത്തിക്കപ്പുറം മറ്റൊരു തെളിവ് കൊണ്ട് ഈ പ്രവർത്തി ഇന്ന സ്ഥലത്തിന് പ്രത്യേകമാണ്, അല്ലെങ്കിൽ ഇന്ന കാലത്തിന് പ്രത്യേകമാണ് എന്ന് പ്രത്യേകമാക്കിയാൽ നാമും അപ്രകാരം ചെയ്യണം. ത്വവാഫ് കഅ്ബക്ക് ചുറ്റും പ്രത്യേകമാക്കിയതും ഇസ്തിലാം ഹജറുൽ അസ്വദിനും റുക്കുനുൽ യമാനിക്കും - അവ രണ്ടും ഇസ്തിലാം ചെയ്യുന്നതിൽ വ്യത്യസ്ത രൂപമാണെങ്കിലും [1] - നിർബന്ധ നോമ്പ് റമദാനിൽ പ്രത്യേകമാക്കിയതും, അറഫയിൽ നിൽക്കൽ ദുൽഹജ്ജ് ഒമ്പതിന് പ്രത്യേകമാക്കിയതും, ഈദുൽ ഫിത്വ്ർ ശവ്വാൽ ഒന്നിനും ഈദുൽ അദ്ഹാ ദുൽഹിജ്ജ പത്തിനും പ്രത്യേകമാക്കിയതും ഈ വിഷയത്തിൽ ഉദാഹരണങ്ങളാണ്.

എന്നാൽ പ്രത്യേകമായൊരു ഉദ്ദേശമില്ലാതെ നബി ﷺ യാദൃശ്ചികമായോ ആകസ്മികമായോ പ്രവർത്തിച്ചതിൽ മുതാ

---

[1] ഹജറുൽ അസ്വദിനെ ചുംബിച്ചുകൊണ്ടും അല്ലെങ്കിൽ കൈ കൊണ്ടോ വടികൊണ്ടോ അതിനെ തടവി, ശേഷം അവ ചുംബിച്ചു കൊണ്ടുമാണ് ഇസ്തിലാമുചെയ്യേണ്ടത്. എന്നാൽ റുകുനുൽ യമാനി വലത് കൈകൊണ്ട് ഒരു തവണ തടവിക്കൊണ്ടാണ് ഇസ്തിലാമു ചെയ്യൽ. വിവ:

ബഅ(അനുധാവനം) ചെയ്യൽ മതകീയമല്ല. ഒരു നമസ്ക്കാരം കൊണ്ടോ, ഇറങ്ങി താമസിക്കൽ കൊണ്ടോ ഒരു സ്ഥലത്തെ പ്രത്യേകമാക്കാൻ ഉദ്ദേശമില്ലാതെ; നബിﷺ ഒരിടത്ത് ഇറങ്ങുകയും ഇറങ്ങിയപ്പോൾ അവിടെ നമസ്ക്കരിക്കുകയും ചെയ്തു. അതിനാൽ തന്നെ നാം ആ സ്ഥലത്ത് ചെന്നിറങ്ങി താമസിക്കാനും അവിടെ നമസ്കരിക്കാനും പ്രത്യേകമാക്കുന്നുവെങ്കിൽ ശരിയായ ഭാഷയിൽ പറഞ്ഞാൽ നമ്മൾ നബിﷺയെ അനുഗമിക്കുന്നവരൊ അനുധാവനം ചെയ്യുന്നവരോ അല്ല. ഉമറുൽ ഫാറൂഖ്رضي الله عنه ജനങ്ങളെ തടഞ്ഞ സംഭവം ഈ വിഷയത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഒരു യാത്രയിൽ ജനങ്ങൾ ഒരു സ്ഥലത്തേക്ക് ധൃതിപ്പെട്ട് പോകുന്നത് അദ്ദേഹം കണ്ടു. അതിനെക്കുറിച്ച് അദ്ദേഹം ചോദിച്ചു. അവർ പറഞ്ഞു: നബിﷺ അവിടെ നമസ്ക്കരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു :

"إِنَّما هَلَكَ أَهْلُ الْكِتَابِ أَنَّهُمْ اتَّبَعُوا آثَارَ أَنبِيَائِهِمْ فَاتَّخَذُوهَا كَنَائِسَ وَبِيَعاً، فَمَنْ عَرَضَتْ لَهُ الصَّلَاةُ [ أَيْ فِي مَوْضِعِ صَلَاتِه ﷺ ] فَلْيُصَلِّ أَوْ فَلْيَمْضِ "

" നിശ്ചയം, വേദക്കാർ നശിച്ചത് തങ്ങളുടെ നബിമാരുടെ അവശിഷ്ടങ്ങൾ പിൻതുടരുകയും ആ സ്ഥലങ്ങൾ ആരാധന നടത്തുവാനുള്ള ചർച്ചുകളും മഠങ്ങളുമാക്കുകയും ചെയ്തതിനാൽ മാത്രമാണ്. നബിﷺ നമസ്കരിച്ച ഒരു സ്ഥലത്തെത്തുമ്പോൾ ആർക്കെങ്കിലും നമസ്ക്കാരസമയമായാൽ അവൻ നമസ്കരിക്കട്ടെ അല്ലെങ്കിൽ അവൻ സ്ഥലം വിട്ടു

കൊള്ളട്ടെ" [1] അദ്ദേഹം പറഞ്ഞതായി മറ്റൊരു റിപ്പോർട്ടിൽ കാണാം:

"مَنْ أَدْرَكَتْهُ الصَلاَةُ فِي شَيْئٍ مِنْ هَذِهِ الْمَسَاجِدِ الَّتِي صَلَّى فِيهَا رَسُولُ اللهِ ﷺ فَلْيُصَلِّ فِيهَا وَإِلاَّ فَلاَ يَتَعَمَّدْهَا "

"റസൂലുല്ലാഹിﷺ നമസ്ക്കരിച്ചതായ നമസ്ക്കാരസ്ഥലങ്ങളിൽ ഏതെങ്കിലുമൊരിടത്ത് നമസ്ക്കാരം ഒരാൾക്ക് ആസന്നമായാൽ അവിടെ അവൻ നമസ്കരിക്കട്ടെ, ഇല്ലായെങ്കിൽ ഒരാൾ അവിടെ നമസ്ക്കരിക്കാൻ ബോധപൂർവ്വം ലക്ഷ്യമിടരുത്."[2] ഈ വസ്തുതയെ ആയിശ رضي الله عنها അടിവരയിട്ടുറപ്പിച്ച് പറഞ്ഞു:

" نُزُولُ الأَبْطَحِ لَيْسَ بِسُنَّةٍ ، إِنَّمَا نَزَلَهُ رَسُولُ اللهِﷺ لأَنَّهُ كَانَ أَسْمَحَ لِخُرُوجِهِ إِذَا خَرَجَ"

"അബ്തഹിൽ (നബിﷺ ഹജ്ജിന് വന്നപ്പോൾ ഇറങ്ങിത്താമസിച്ച സ്ഥലം.) ഇറങ്ങൽ സുന്നത്തല്ല. തീർച്ചയായും റസൂലുല്ലാഹിﷺ അവിടെ ഇറങ്ങിയത് അദ്ദേഹം പുറപ്പെടാൻ ഉദ്ദേശിക്കുമ്പോൾ പുറപ്പെടാൻ ഏറ്റവും സൗകര്യമുള്ള സ്ഥലം അതാണ് എന്നത് കൊണ്ട് മാത്രമാണ്."[3]

ഇസ്‌ലാമിക ലോകത്തെ ആധികാരികപണ്ഡിതർ ഈ ആശയത്തെ സ്ഥിരീകരിച്ചിട്ടുണ്ട്. ശൈഖുൽഇസ്‌ലാം ഇബ്നു

---

[1] ഫത്ഹുൽബാരി 1:569, മജ്മൂഉ ഫതാവാ 10:410 (ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ പറഞ്ഞു: ഈ സംഭവം സ്വഹീഹായ സനദിനാൽ സ്ഥിരപ്പെട്ടിരിക്കുന്നു.)

[2] മുഖ്തസറുൽ മുഖ്തസിർ, അബുൽമഹാസിനിൽ ഹനഫി, 2:177

[3] സ്വഹീഹ് മുസ്‌ലിം 2:951

തൈമിയ്യ, അദ്ദേഹത്തിൻെറ മജ്മൂഅ് ഫതാവയിലും[1] ഇമാം ആമിദി, അദ്ദേഹത്തിൻെറ ഇഹ്കാമിലും ഈ വിഷയം സ്ഥിരീകരിച്ചിരിക്കുന്നു. ഇമാം ആമിദി പറഞ്ഞു: "...നബി യുടെ ഒരു പ്രവർത്തി ഒരു പ്രത്യേക സ്ഥലത്തോ സമയത്തോ സംഭവിച്ചു എന്നതിനാൽ അത് മാതൃകയാക്കുന്നതിനും അതിൽ അനുധാവനത്തിനും യാതൊരു പഴുതുമില്ല. പ്രസ്തുത പ്രവർത്തനം പ്രവാചകൻ ആവർത്തിച്ച് ചെയ്താലും ഇല്ലെങ്കിലും ശരി. എന്നാൽ മറ്റൊരു തെളിവു കൊണ്ട് ആ പ്രവർത്തനം ഏതെങ്കിലും ഒരു സ്ഥലത്തിനോ കാലത്തിനോ പ്രത്യേകമാണെന്നറിയിച്ചാലല്ലാതെ. അപ്പോൾ അതിൽ അനുധാവനം അനിവാര്യമായി. അറഫയിൽ ഹജ്ജ് പ്രത്യേകമാകുന്നപോലെ, നമസ്ക്കാരങ്ങൾ അതിൻെറ സമയത്തിൽ ബന്ധിതമാകുന്നപോലെ, നോമ്പ് റമദാനിൽ പ്രത്യേകമാകുന്നത് പോലെ." [2]

# നബി യുടെ പ്രവർത്തികൾ

ഇത്തിബാഅ് ചെയ്യപ്പെടുന്ന വിഷയത്തിൽ നബി യുടെ പ്രവർത്തികൾ മൂന്നായി വിഭജിക്കപ്പെടും അവ:-

## ഒന്ന്- അൽ അഫ്ആലുൽ ജിബില്ലിയ

നിൽക്കുക, ഇരിക്കുക, കുടിക്കുക, ഉറങ്ങുക എന്നു തുടങ്ങിയ പ്രവർത്തികളാണ് അൽ അഫ്ആലുൽ ജിബില്ലിയ (നൈസർഗ്ഗിക പ്രവർത്തികൾ). അനുധാവനം ചെയ്യപ്പെടുന്ന വിഷയത്തിൽ അവ രണ്ട് ഇനങ്ങളാണ്.

---

[1] ഇബ്നുതൈമിയ്യ, മജ്മൂഅ് ഫതാവാ 10:409

[2] ഇമാം ആമിദി ,അൽ ഇഹ്കാം 1 1:226

1. നബിﷺയുടെ ഇത്തരം പ്രവർത്തികൾക്കപ്പുറം ആ പ്രവർത്തികൾ നിർബന്ധമെന്നോ സുന്നത്തെന്നോ അറിയിക്കുന്ന മറ്റൊരു പ്രമാണം വന്നവ. വലതു കൈകൊണ്ട് തിന്നുക, ഇരുന്ന് മൂന്നിറക്കായി കുടിക്കുക, വലത് ഭാഗം വെച്ച് ഉറങ്ങാൻ കിടക്കുക... പോലുള്ളത്. ഇവിടെ അനുധാവനം മതപരമാക്കിയിരിക്കുന്നു.
2. നബിﷺയുടെ പ്രവർത്തികൾക്കപ്പുറം അവ മതകീയമാണെന്നറിയിക്കുന്ന തെളിവ് വന്നിട്ടില്ല. അത്തരം പ്രവർത്തികൾ മൊത്തത്തിൽ എല്ലാവർക്കും അനുവദനീയമെന്ന അടിസ്ഥാനത്തിൽ പരിമിതമാണ്.

ഇമാം ശാത്വിബിؒ പറയുന്നു: "കാരണം അന്നപാനീയത്തോടുള്ള ഇഷ്ടം പോലുള്ള നൈസർഗ്ഗികമായി മനുഷ്യരിൽ ഊട്ടപ്പെട്ട പ്രത്യേകതകൾ അവരിൽനിന്നും എടുത്ത് മാറ്റാനോ, പ്രകൃത്യാ ഊട്ടപ്പെട്ടതിനെ നീക്കിമാറ്റാനോ ആവശ്യപ്പെടാവതല്ല."[1]

ബാഹ്യമായ തെളിവുകൾ സുന്നത്താണെന്ന് വിളിച്ചറിയിക്കാത്ത ഇത്തരം പ്രവർത്തികളെ അനുധാവനം ചെയ്യുന്നതിൽ മതപരമായ വിധിയെന്ത് എന്നതിൽ പണ്ഢിതന്മാർക്ക് രണ്ടഭിപ്രായമാണ്:

1) ഇത്തരം പ്രവർത്തികൾ അനുധാവനം ചെയ്യൽ സുന്നത്താണ്. അബ്ദുല്ലാഹി ബ്നു ഉമർؓ ഇത്തരം പ്രവർത്തികൾ പ്രാവർത്തികമാക്കാറുണ്ടായിരുന്നു. നബിﷺ ആ പ്രവർത്തി യാദൃശ്ചികമായി ചെയ്തതാണെങ്കിലും ശരി.

---

[1] ഇമാം ശാത്വിബി, അൽ മുവാഫഖാത്ത് 2:108

2) അൽഅഫ്ആലുൽ ജിബില്ലയിൽ മറ്റൊരു തെളിവ് ഇല്ലാത്തിടത്തോളം കാലം അതിൽ അനുധാവനം ചെയ്യൽ മതം നിയമമാക്കിയിട്ടില്ല. ഭൂരിപക്ഷം സ്വഹാബികളുടെ വാക്കുകളും പ്രവർത്തികളും ഇതാണ്. ഉമർﷺവും ആയിശﷺയും അവരിൽപ്പെടും- അവരുടെ വാക്കുകൾ നാം മുമ്പുണർത്തിയല്ലോ?[1]

ഇത്തരം അഫ്അലുൽ ജിബില്ലയിൽ നബിﷺ നാട്ടുനടപ്പനുസരിച്ചും നാട്ടുസമ്പ്രദായമനുസരിച്ചും പ്രവർത്തിച്ചവ ഉൾപ്പെടും. ജുബ്ബധരിക്കുക തലപ്പാവ് ധരിക്കുക, മുടി നീട്ടി വളർത്തുക പോലുള്ളതെല്ലാം ഇതിന്ന് ഉദാഹരണങ്ങളാണ്. അവിടെയെല്ലാം അവകൾ അനുവദനീയമെന്നല്ലാതെ മറ്റൊന്നും അറിയിക്കുന്നില്ല. ആ പ്രവർത്തിക്കപ്പുറം അവ മതപരമാണെന്നറിയിക്കുന്ന തെളിവ് വരാത്തിടത്തോളം കാലം. [2]

## രണ്ട്- നബിﷺക്ക് പ്രത്യേകമാണെന്നറിയിക്കപ്പെട്ട പ്രവർത്തികൾ

പ്രവാചകൻﷺക്ക് പ്രത്യേകമാണെന്ന തലകെട്ടിന് താഴെ അനുവദനീയവും നിർബന്ധവും നിഷിദ്ധവുമായ ചില കാര്യങ്ങൾ പണ്ഢിതർ എണ്ണിപ്പറഞ്ഞിട്ടുണ്ട്. അവയിൽ ചിലതെല്ലാം പ്രവാചകൻﷺക്ക് പ്രത്യേകമാണെന്നതിൽ പണ്ഢിതർക്ക് ഏകാഭിപ്രായവും മറ്റു ചിലത് പ്രവാചകൻﷺക്ക്

---

[1] ഇബ്നുതൈമിയ്യ, അത്തവസ്സുലു വൽ വസീല പേജ് 105, 106 മജ്മൂഉൽ ഫതാവാ10:409 ഇമാം ആമിദി, അൽഇഹ്കാം1:227-228 (ഇബ്നു ഉമർﷺവിൻെറ ഇത്തരം പ്രവർത്തികൾ ഇമാം ഇബ്നു ബത്ത്വയുടെ അൽഇബാനത്തുൽ കുബ്റ 1:240-245ൽ നോക്കുക.

[2] ഡോ. ഉമറുൽ അഷ്കർ, അഫ്ആലുന്നബിയ്യ് 1:235-236

പ്രത്യേകമാണോ എന്നതിൽ ഭിന്നതയും നിലനിൽക്കുന്നുണ്ട്.- അത് ഇവിടെ അപഗ്രഥിച്ച് പരത്തിപ്പറയുന്നില്ല.

**പ്രവാചകൻﷺക്ക് പ്രത്യേകമെന്ന് പറയപ്പെട്ടതിൽ അനുവദനീയമായവക്ക് ഉദാഹരണങ്ങൾ:**

- നാലിലധികം സ്ത്രീകളെ ഒരേസമയത്ത് വിവാഹം കഴിക്കുക.
- മഹ്റ് ഇല്ലാതെ വിവാഹം കഴിക്കൽ.
- ഒരു സ്ത്രീ സ്വദേഹത്തെ പ്രവാചകﷺക്ക് വിവാഹം കഴിക്കാൻ ദാനം ചെയ്യുന്നുവെങ്കിൽ അവളെ വിവാഹം കഴിക്കൽ.

**പ്രവാചകൻﷺക്ക് പ്രത്യേകമെന്ന് പറയപ്പെട്ടതിൽ നിർബന്ധമായവക്ക് ഉദാഹരണം:**

- രാത്രി നമസ്ക്കാരം (തഹജ്ജുദ് )

**പ്രവാചകൻﷺക്ക്** പ്രത്യേകമെന്ന് പറയപ്പെട്ടതിൽ നിഷിദ്ധമായവക്ക് ഉദാഹരണങ്ങൾ:

- സക്കാത്ത് മുതൽ തിന്നൽ
- ഉള്ളി, വെള്ളുള്ളി പോലുള്ള ദുർഗന്ധമുള്ളവ തിന്നൽ.

ഈ പറയപ്പെട്ട പ്രത്യേകതകളിൽ ആരും നബിﷺയോട് പങ്കാളികളാകാവതല്ല. അതിൽ അനുധാവനം ഇല്ല.[1] ഇമാം ശൗകാനിؒ പറഞ്ഞു: "യഥാർത്ഥത്തിൽ, പ്രവാചകൻ ﷺ തനിക്ക് പ്രത്യേകമാണെന്ന് നമ്മോട് തുറന്ന് പറഞ്ഞതിൽ ആരുമേ അദ്ദേഹത്തെ പിൻപറ്റാവതല്ല. പ്രസ്തുത പ്രവർത്തി

[1] ഇമാം ആമിദി, അൽ ഇഹ്കാം 1:228

ഏതായാലും ശരി, നമുക്കത് ബാധകമാണെന്നറിയിക്കുന്ന മതവിധിയുണ്ടങ്കിലല്ലാതെ." [1]

ഈ ഗണത്തിൽ കൂട്ടി വായിക്കേണ്ടവയിൽപ്പെട്ടതാണ്; പ്രവാചകൻﷺ ചില സ്വഹാബികളെ ചിലരേക്കാൾ ചില വിഷയങ്ങളിൽ പ്രത്യേകമാക്കിയത്. ഉദാ:- ഖുസൈമാ رضي الله عنهവിന്റെ സാക്ഷ്യം പ്രവാചകൻﷺ രണ്ട് വ്യക്തികളുടെ സാക്ഷ്യത്തിന് തുല്യമാക്കിയത്. മറ്റൊന്ന്, അബൂബുർദ رضي الله عنه ആറുമാസം പ്രായമായ കോലാടിനെ[2] (ഉദ്ഹിയത്ത്) അറുത്തപ്പോൾ നബി ﷺ അദ്ദേഹത്തോട് പറഞ്ഞു :

﴿اذْبَحْهَا وَلَنْ تَصْلُحَ لِغَيْرِكَ﴾

(( നിങ്ങൾ അതിനെ അറുത്തുകൊള്ളുക, നിങ്ങളല്ലാത്തവർക്ക് അത് പാടില്ല.))[3]

3) നബി കുടുംബത്തിൽപ്പെട്ടവർക്ക് സക്കാത്ത് മുതൽ നിഷിദ്ധമെന്ന് പറഞ്ഞ് അവരെ അതിൽനിന്നും തടഞ്ഞത്.

## മൂന്ന്. അൽ അഫ്ആൽ അത്തഅബ്ബുദിയ്യഃ

നബിﷺക്ക് ജിബില്ലിയ്യത്ത് അല്ലാത്തതും, പ്രത്യേകമാണെന്നറിയിക്കപ്പെടാത്തതും ജനങ്ങൾക്ക് മതമെന്ന് വിവക്ഷിക്കപ്പെടുന്നതുമായ പ്രവർത്തികളാണ് തഅബ്ബുദിയായ (ആരാധനയായ) പ്രവർത്തികൾ. അവകളിൽ നബിﷺയെ അനുധാവനം ചെയ്യലും മാതൃകയുൾകൊള്ളലും കൽപ്പിക്കപ്പെട്ട

---

[1] ഇമാം ശൗകാനി, ഇർശാദുൽ ഫുഹൂൽ 1:228

[2] ഉദ്ഹിയ്യതിൽ കോലാടിന് ഒരു വയസ്സ് തികയണം. (വിവ:)

[3] സ്വഹീഹുൽ ബുഖാരി :2807, 5556. ഇമാം ശാത്വിബി, അൽ മുവാഫഖാത്ത് 2:245-246

താണ്. നബിﷺ തങ്ങളുടെ പ്രവർത്തനങ്ങളിൽ അടിസ്ഥാനം അവകളാണ്. അല്ലാഹുﷻ പറഞ്ഞു :

﴿ لَّقَدْ كَانَ لَكُمْ فِي رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ ﴾

" തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്....." (വി.ക്വു. 33:21)

എന്നാൽ മതപരമായ അവയുടെ സ്വഭാവങ്ങൾ തെളിവുകൾക്കനുസരിച്ച് നിർബന്ധം, സുന്നത്ത് എന്നിങ്ങനെ വ്യത്യാസപ്പെടുന്നതാണ്.

## ഇത്തിബാഇൽ ചില സുപ്രധാന താത്വികനിയമങ്ങൾ

ഇത്തിബാഇൻെറ ഭാഷ്യവും യാഥാർത്ഥ്യവുമായി ബന്ധപ്പെട്ട് മുകളിൽ സൂചിപ്പിച്ച വിഷയങ്ങളുടെ സ്ഥിരീകരണമെന്നോണം ചില താത്വികനിയമങ്ങൾ ഇവിടെ ഉണർത്തുന്നു.

**ഒന്ന്:** ഇസ്ലാമിൻെറ സ്ഥാപനം അല്ലാഹുവിൽ നിന്നുള്ള വഹ്യിലും ശരിയായി സ്ഥിരപ്പെട്ട പ്രമാണങ്ങളിലുമാണ്. അല്ലാതെ മനുഷ്യബുദ്ധിയിലോ മനുഷ്യബുദ്ധി മെനെഞ്ഞെടുത്ത കാര്യങ്ങളിലോ അല്ല. വിശുദ്ധ ക്വുർആനിലോ തിരുസുന്നത്തിലോ വല്ല കൽപ്പനാസ്വരമോ നിരോധനാജ്ഞയോ വന്നാൽ വന്നതെല്ലാം നാം സ്വീകരിക്കലും അവ ശിരസ്സാവഹിച്ച് പ്രാവർത്തികമാക്കാൻ ധൃതികാണിക്കലും അനിവാര്യമാണ്;

ആ കാര്യങ്ങൾ പ്രവർത്തിക്കാനുള്ളതാകട്ടെ ഉപേക്ഷിക്കാനുള്ളതാകട്ടെ.

അതിനാൽ സലഫുകളായ സച്ചരിതർ പ്രമാണങ്ങൾ എവിടെയാണോ, അവിടെ അവക്കനുസരിച്ചാണ് ചലിച്ചത്. ഒരു വ്യക്തി തെളിവിൽ നിലകൊണ്ടവനാണെങ്കിൽ അയാൾ നേർമാർഗ്ഗത്തിലാണെന്ന് അവർ വിധിപറയുമായിരുന്നു.[1] ഇമാം സുഹ്‌രിﷺ പറഞ്ഞു: "അല്ലാഹുവിൽനിന്നാകുന്നു രിസാലത്ത്. അത് എത്തിക്കൽ മാത്രമാകുന്നു റസൂൽﷺയുടെ ബാധ്യത, അതിന് കീഴ്പ്പെടൽ നമ്മുടെ മേൽ നിർബന്ധമാണ്."[2] ഇമാം ത്വഹാവിﷺ പറഞ്ഞു: "ഇസ്‌ലാമിൻെറ പാദം സമർപ്പണത്തിൻേറയും സർവ്വാൽമനാ അംഗീകരിക്കുന്നതിൻേറയും പുറത്താണ് ഉറച്ചുനിൽക്കുക." പ്രസ്തുത വാക്ക് വ്യാഖ്യാനിച്ചുകൊണ്ട് ഇബ്നു അബിൽ ഇസ്സുൽ ഹനഫിﷺ പറഞ്ഞു: "അഥവാ വിശുദ്ധ ക്വുർആനിന്നും തിരുസുന്നത്തിന്നും സമർപ്പിക്കാത്തവൻെറയും അതിന് കീഴൊതുങ്ങാത്തവൻേറയും ഇസ്‌ലാം (സമർപ്പണം) ഉറക്കുകയില്ല. അതിനാൽ അതിന്നെതിരിൽ അവൻ തിരിയാതിരിക്കണം, തൻെറ ബുദ്ധികൊണ്ടോ, ചിന്തകൊണ്ടോ, അനുമാനം കൊണ്ടോ, അവയെ എതിർക്കാതിരിക്കുകയും വേണം." [3]

പ്രതിഭാശാലിയായ അലിﷺവിൻെറ വാക്കുകൾ എത്ര സുന്ദരം! അദ്ദേഹം പറഞ്ഞു: "നിങ്ങൾ ആളുകളെ അനുകരിക്കുന്നത് സൂക്ഷിക്കണം. കാരണം ഒരാൾ സ്വർഗ്ഗാവകാശി

---

[1] ഈ വിഷയത്തിൽ ഇമാം ഇബ്നു സീരീൻെറ വാക്കുകൾ സുനനുദ്ദാരിമി 140 നോക്കുക.
[2] ഫത്ഹുൽ ബാരി 13 : 504
[3] ശറഹു അൽ അഖീദത്തി ത്വഹാവിയ്യ 1 :219

കളുടെ പ്രവർത്തികൾ ചെയ്യും. പിന്നീട്- അയാളെക്കുറിച്ചുള്ള അല്ലാഹുവിൻെറ അറിവിനാൽ- അയാൾ നേരെമറിയുകയും നരകാർഹരായവരുടെ പ്രവർത്തികൾ ചെയ്യുകയും ചെയ്യും അനന്തരം മരണപ്പെടുകയും അയാൾ നരകാവകാശിയായി മാറുകയുംചെയ്യും. മറ്റൊരാൾ നരകാർഹരായവരുടെ പ്രവർ ത്തി ചെയ്യും പിന്നീട്- അയാളെക്കുറിച്ചുള്ള അല്ലാഹുവിൻെറ അറിവിനാൽ- അയാൾ മാറിമറിയുകയും സ്വർഗ്ഗാർഹരുടെ പ്രവർത്തിചെയ്യുകയും ചെയ്യും. അനന്തരം അയാൾ മരണ പ്പെടും അയാൾ സ്വർഗാവകാശിയായിത്തീരും. വസ്തുത ഇതായിരിക്കെ ആളുകളെ അനുകരിക്കുകയാണെങ്കിൽ മരിച്ച വരെ അനുഗമിക്കുക. ജീവിച്ചിരിക്കുന്നവരെയല്ല. മരിച്ചവർ എന്നതുകൊണ്ട് അദ്ദേഹം വിരൽചൂണ്ടുന്നത് പ്രവാചകൻﷺ യിലേക്കും പ്രവാചകൻﷺയുടെ അരുമ സ്വഹാബികളിലേക്കു മാണ്. "[1]

ഇമാം അബുസ്സിനാദ്ؓ പറഞ്ഞു: നബിചര്യകളും സത്യ മാർഗ്ഗങ്ങളും, ധാരാളമായി മനുഷ്യബുദ്ധിക്ക് വെളിപ്പെടുന്നെ തിനെതിരിൽ വരും. പക്ഷെ മുസ്ലിംകളെ സംബന്ധിച്ചിട ത്തോളം ഈ സംഘട്ടനത്തിൽ പ്രമാണങ്ങൾ അനുധാവനം ചെയ്യൽ അനിവാര്യമാണ്. ബുദ്ധിക്കെതിരെന്ന് പ്രകടമായി തോന്നുന്ന വിഷയമാണ്; ആർത്തവകാരി നോമ്പ് ക്വദാഅ് വീട്ടുന്നതും നമസ്ക്കാരം കദ്വാഅ് വീട്ടുന്നില്ല എന്നതും. [2]

---

[1] ഇമാം ശാത്വിബി, അൽ ഇഅ്തിസാം 2:358

[2] ഫത്ഹുൽബാരി 4:192. ഇമാം ഇബ്നുഹജർ പറഞ്ഞു: അബു സിനാദിൻെറ ഈ വാക്ക് അലിؓവിൻെറ മറ്റൊരു വാക്കിലേ ക്ക് വിരൽ ചൂണ്ടുന്നത്പോലുണ്ട്, അദ്ദേഹം പറഞ്ഞു: "ദീൻ മനുഷ്യബുദ്ധിക്ക് തോന്നുന്നതനുസരിച്ചായിരുന്നുവെങ്കിൽ കാലു

**രണ്ട്:** ഒരു മുസ്‌ലിം തൻെറ ജീവിതത്തിൻെറ മുഴുകാര്യങ്ങളിലും ഏതൊരു പ്രവർത്തനം കൊണ്ടുവരുന്നുവോ അതിന് മുമ്പായി പ്രസ്തുത പ്രവർത്തനത്തിൻെറ മതവിധിയെന്തെന്ന് അന്വേഷിക്കലും അത് ഉറപ്പുവരുത്തലും നിർബന്ധമാണ്. കാരണം, നബിﷺ പറഞ്ഞു :

((مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ))

((ഒരാൾ ഒരു പ്രവർത്തി ചെയ്തു; അതിന് നമ്മുടെ കൽപ്പനയില്ലെങ്കിൽ അത് തള്ളപ്പെടേണ്ടതാണ്.))[1] ഈ തത്വത്തിൻെറ പ്രാവർത്തികതയത്രെ പ്രവാചകനെ അനുധാവനം ചെയ്യുന്നതിൻെറ യഥാർത്ഥ വശം. ഇതു സംബന്ധമായി ഇമാം ശാത്വിബിؒ പറഞ്ഞു: "ശരീഅത്തിൻെറ വിധിവിലക്കുകളിൽ തനിക്ക് ശറആക്കപ്പെടാത്ത (മതപരമാക്കപ്പെടാത്ത)തിനെ തേടിപ്പോകുന്നവരെല്ലാം ശരീഅത്തിനെ പൊളിക്കുന്നവരാണ്. ആരൊക്കെ ശരീഅത്തിനെ ഖണ്ഡിക്കുന്നുവോ അവൻെറ ഖണ്ഡനപ്രവർത്തനം ബാത്വിലാണ്. ആരെങ്കിലും വിധിവിലക്കുകളിൽ തനിക്ക് ശറആക്കപ്പെടാത്തത് ചെയ്യാൻ ആഗ്രഹിച്ചാൽ അവൻെറ പ്രവർത്തനം ബാത്വിലാണ്."[2]

**മൂന്ന്:** റസൂൽﷺമയെ ഇത്തിബാഅ് ചെയ്യുകയെന്ന് പറഞ്ഞാൽ, വിശുദ്ധക്വുർആനിൽ; അത് അല്ലാഹുവിൽനിന്ന് പ്രവാചകനുള്ള വഹ്‌യ് ആണെന്ന് പരിഗണിച്ച് അതിൽ വന്ന

---

റയുടെ അടിഭാഗം തടവലായിരുന്നു അതിൻെറ മുകൾഭാഗം തടവുന്നതിനേക്കാൾ കരണീയമായത്." ഇമാം അഹ്മദ്, മുസ്നദ്:1267, ഇമാം അബൂദാവൂദ് , സുനൻ: 162

1 മുസ്‌ലിം 1718

2 ഇമാം ശാത്വിബി , അൽമുവാഫഖാത്ത് 2:333

മുഴുവൻ കൽപ്പനകളും നിരോധനങ്ങളും പ്രാവർത്തികമാക്കലിലൂടെയാണ്. അപ്രകാരം വിശുദ്ധ സുന്നത്തിനെ പ്രാവർത്തികമാക്കലുമാണ്. നബിﷺ പറഞ്ഞു :

﴿أَلاَ إِنِّي أُوتِيتُ الْكِتَابَ وَمِثْلَهُ مَعَهُ، أَلاَ إِنِّي أُوتِيتُ الْقُرْآنَ وَمِثْلَهُ مَعَهُ﴾

"അറിയണം, എനിക്ക് ക്വുർആനും അതോടൊപ്പം തതുല്യമായതും നൽകപ്പെട്ടിരിക്കുന്നു. അറിയണം, എനിക്ക് ക്വുർആനും അതോടൊപ്പം തതുല്യമായതും നൽകപ്പെട്ടിരിക്കുന്നു."[1] ഇമാം അത്വാഅ് رضي الله عنه പറഞ്ഞു: "റസൂലുല്ലാഹിﷺയെ അനുസരിക്കൽ, ക്വുർആനിനേയും തിരുസുന്നത്തിനേയും പിൻപറ്റലാണ്."[2] അല്ലാമാ നാസിറുദ്ദീൻ സഅ്ദി رحمه الله പറഞ്ഞു: "റസൂലുല്ലാഹിﷺ കൊണ്ട് വന്നതെന്തോ അത് ഓരോ വ്യക്തിയും സ്വീകരിക്കുകയും പിൻപറ്റുകയും ചെയ്യൽ ബാധ്യതയാണ്. ഒരിക്കലും അതിൽ എതിര് പ്രവർത്തിക്കാവതല്ല. ഒരു വിധി നബിﷺ പ്രമാണമാക്കിയാൽ അല്ലാഹു പ്രമാണമാക്കിയത് പോലെ തന്നെയാണ്. അത് കയ്യൊഴിക്കുന്നതിൽ ഒരാൾക്കും വിട്ട്വീഴ്ചയോ ഒഴികഴിവോ ഇല്ല തന്നെ. ഒരാളുടെ വാക്കും പ്രവാചകൻെറ വാക്കുകളേക്കാൾ മുന്തിപ്പിക്കൽ അനുവദനീയമല്ല." [3]

**നാല്**: ആരാധനയുടെ വകുപ്പിൽപ്പെട്ടതും നബിﷺ ചെയ്യാതിരിന്നതുമായവ, അഥവാ നബിﷺയുടെ കാലത്ത് അത് ചെയ്യാനുള്ള തേട്ടമുണ്ടായിട്ടും നബിﷺ അത് ചെയ്തില്ല. എങ്കിൽ

---

[1] ഇമാം അഹ്മദ് 4 : 131 സ്വഹീഹുൽ ജാമിഅ് 1:516

[2] ദാരിമി 1 : 77

[3] തഫ്സീറുസ്സഅദി 7 : 333

നബിﷺയുടെ കാലശേഷം അത് ചെയ്യൽ ബിദ്അത്ത് ആണ്. അത് ചെയ്യാതിരിക്കൽ സുന്നത്തുമാണ് . നബിദിനാഘോഷം, ഇസ്റാഅ്-മിഅ്റാജ് രാവ് കൊണ്ടാടൽ, ഹിജ്റ ആഘോഷി ക്കൽ, പുതുവൽസരാഘോഷം തുടങ്ങിയവയെല്ലാം അതിന് ഉദാഹരണമാണ്. നബിﷺ പറഞ്ഞു:

﴿مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ﴾

((ഒരാൾ ഒരു പ്രവർത്തിചെയ്തു അതിന്ന് നമ്മുടെ കൽപ്പനയില്ലങ്കിൽ അത് തള്ളപ്പെടേണ്ടതാണ്.))[1] ഇമാം മാലിക് പറഞ്ഞു: "അന്ന്(നബിﷺയുടെ കാലത്ത്) ദീനല്ലാത്തത് ഇന്നൊരിക്കലും ദീനാവുകയില്ല. " [2]

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ പറഞ്ഞു: "തുടർച്ചയായി (റസൂലുല്ലാഹിﷺ) ഉപേക്ഷിച്ചത് ഉപേക്ഷിക്കൽ സുന്നത്താണ്. തുടർച്ചയായി പ്രാവർത്തികമാക്കിയത് പ്രവർത്തിക്കൽ സുന്നത്താകുന്നത് പോലെ "[3]

ഇമാം ഇബ്നുകഥീർ പറഞ്ഞു: "എന്നാൽ അഹലുസുന്നത്തി വൽജമാഅത്ത്, സ്വഹാബികളിൽനിന്ന് സ്ഥിരപ്പെടാത്ത ഏതൊരു വാക്കിനെകുറിച്ചും പ്രവർത്തിയെകുറിച്ചും അവർ പറയുന്നത് അത് ബിദ്അത്ത് (മതത്തിൽ നൂതനമായത്) ആണ് എന്നാണ്. കാരണം അതൊരു പുണ്യ കാര്യമായിരുന്നെങ്കിൽ അവർ അതിലേക്ക് നമ്മേക്കാൾ മുന്നിട്ട് ചെല്ലുമായിരുന്നു." [4]

---

[1] മുസ്ലിം 1718
[2] ഇമാം ശാത്വിബി , അൽ ഇഅ്തിസ്വാം 1 :49
[3] ഇബ്നു തൈമിയ്യ , മജ്മൂഉൽ ഫതാവാ 26 : 172
[4] ഇബ്നു കഥീർ, തഫ്സീറുൽ ക്വുർആനിൽ അദീം 4 :156

**അഞ്ച്:** ജനങ്ങൾക്ക് മതത്തിൻെറ അടിസ്ഥാന വിഷയങ്ങളിലാകട്ടെ ശാഖാപരമായ വിഷയങ്ങളിലാകട്ടെ ഏതൊരു വിഷയത്തിൻേറയും വ്യക്തരൂപവും സ്പുടഭാഷ്യവും കൊണ്ടാണ് ശരീഅത്ത് അവതീർണ്ണമായത്. പ്രസ്തുത വിഷയങ്ങൾ ആരാധനാകാര്യങ്ങളിലായാലും, ക്രയവിക്രയങ്ങളിലായാലും, സമാധാനസന്ധി, യുദ്ധം, രാഷ്ട്രീയം, സാമ്പത്തികം... തുടങ്ങിയ മേഖലകളിലായാലും ശരി.

അല്ലാഹു ﷻ പറഞ്ഞു :

﴿ وَنَزَّلْنَا عَلَيْكَ ٱلْكِتَٰبَ تِبْيَٰنًا لِّكُلِّ شَىْءٍ وَهُدًى وَرَحْمَةً وَبُشْرَىٰ لِلْمُسْلِمِينَ ﴾

" ........ എല്ലാ കാര്യത്തിലും വിശദീകരണമായിക്കൊണ്ടും, മാർഗ്ഗ ദർശനവും കാരുണ്യവും കീഴ്പെട്ട് ജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിണ്ടെുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്." (വി.ക്വു. 16:89)

വീണ്ടും അല്ലാഹു ﷻ പറയുന്നു :

﴿ ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا ﴾

" ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എൻെറ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു." (വി.ക്വു. 5:3)

ബഹുദൈവ വിശ്വാസികളിൽപ്പെട്ട ഒരാൾ സൽമാനുൽ ഫാരിസി رضي الله عنه യോട് ചോദിച്ചു: 'നിങ്ങളുടെ പ്രവാചകൻ നിങ്ങൾക്ക് എല്ലാം പഠിപ്പിച്ചു; ഖിറാഅഃ (മലമൂത്ര വിസർജ്ജന മര്യാദ) വരെ' അപ്പോൾ അദ്ദേഹം പറഞ്ഞു: "അതെ അദ്ദേഹം

ഞങ്ങൾ മല മൂത്ര വിസർജ്ജനം നടത്തുമ്പോൾ ഖിബ്‌ലയി ലേക്ക് തിരിയുന്നത് പോലും വിലക്കി......" [1]

**ആറ്:** ഒരു പ്രവർത്തി ആറ് കാര്യങ്ങളിൽ മതത്തോട് യോചി ച്ചാലല്ലാതെ ആ പ്രവർത്തിയിൽ ഇത്തിബാഅ് സാക്ഷാൽ കൃതമല്ല.

**1. സബബ്(കാരണം):** ഒരാൾ, മതം നിശ്ചയിക്കാത്ത ഒരു കാരണം ഒരു ആരാധനാ കർമ്മത്തിലേക്ക് ചേർത്തുകൊണ്ട് ആ കർമ്മം ചെയ്ത് അല്ലാഹുവിനെ ആരാധിച്ചു; എങ്കിൽ പ്രസ്തുത കർമ്മം ബിദ്അത്താണ്. അത് നിർവ്വഹിച്ചവനി ലേക്ക് തള്ളപ്പെടേണ്ടതുമാണ്. ഉദാ: തഹജ്ജുദ് നമസ്കാരം നിർവ്വഹിച്ചു കൊണ്ടൊരാൾ റജബ് ഇരുപത്തിഏഴിലെ ഇസ് റാഅ്-മിഅ്റാജ്രാവ് ആഘോഷിക്കുന്നത് പോലെ. [2] ഇവിടെ

---

[1] മുസ്‌ലിം 262

[2] ഇസ്റാഅ്-മിഅ്റാജ് രാവ് നിർണ്ണയിക്കുന്നതിൽ പണ്ഡിതന്മാ ർക്ക് പത്തിലേറെ അഭിപ്രായങ്ങളുണ്ട്. (ഇബ്നുഹജ്ർ ﷺയുടെ ഫത്ഹുൽബാരി 7:203-ൽ നോക്കുക) ശൈഖ് ഇബ്നു ബാസ്ﷺ പറഞ്ഞു: "ഇസ്റാഅ് മിഅറാജ് രാവ് എന്നാണെന്ന് നിർണ്ണയിച്ചു കൊണ്ട് ഒരു സ്വഹീഹായ ഹദീസ് പോലും സ്ഥിരപ്പെട്ടിട്ടില്ല. പ്രസ്തുതരാവിനെ നിർണ്ണയിച്ചുകൊണ്ട് വന്ന തായ റിപ്പോർട്ടുകളെല്ലാം പണ്ഡിതന്മാരുടെ അടുക്കൽ സ്ഥി രപ്പെടാത്തതാകുന്നു. ആ രാവിനെ ജനങ്ങളിൽനിന്ന് മറപ്പിച്ചതി ൽ അല്ലാഹുവിന്ന് വലിയ ഹിക്മത്തുണ്ട്. ഇനി ആ രാവ് നിർ ണ്ണയിക്കപ്പെട്ടാൽ തന്നേയും മുസ്‌ലിംകൾക്ക് ആ രാവിൽ പ്ര ത്യേക ആരാധന നടത്തുവാനോ ആഘോഷിക്കുവാനോ പാടില്ല. കാരണം നബിﷺയും സ്വഹാബികളും ആ രാവിൽ അഘോഷി ക്കുകയോ ഏതെങ്കിലും പ്രത്യേക ആരാധനകൊണ്ട് അതിനെ

തഹജ്ജുദ് അടിസ്ഥാനപരമായി ഇബാദത്താണ്. പക്ഷേ റജബ് ഇരുപത്തിഏഴിലെ മിഅ്റാജ്രാവെന്ന ശറഇൽ സ്ഥിരപ്പെടാത്ത കാരണം കൊണ്ട് അതിനെ കൂട്ടി ബന്ധിച്ചപ്പോൾ കർമ്മം ബിദ്അത്തായി.

**2. ജിൻസ്(വർഗ്ഗം):** ഒരാൾ ഒരു ആരാധനാകർമ്മം നിർവ്വഹിച്ചു. പക്ഷെ നിർവ്വഹിക്കപ്പെട്ടതിൻെറ ഇനം മതപരമായി

---

പ്രത്യേകമാക്കുകയോ ചെയ്തിട്ടില്ല. മിഅ്റാജ് രാവ് ആഘോഷിക്കൽ മതപരമായിരുന്നുവെങ്കിൽ അല്ലാഹുവിൻെറ റസൂൽﷺ വാക്കുകൊണ്ടോ പ്രവർത്തികൊണ്ടോ ഉമ്മത്തികൾക്ക് അത് വിവരിച്ചുകൊടുക്കുമായിരുന്നു. നബിﷺയിൽ നിന്ന് ആ വിഷയത്തിൽ വല്ലതും സ്ഥിരപ്പെട്ടുവെങ്കിൽ അത് അറിയപ്പെടുകയും പ്രസിദ്ധമാകുകയും സ്വഹാബികൾ നമുക്കത് കൈമാറുകയും ചെയ്യുമായിരുന്നു. കാരണം അവർ സമൂഹത്തിന് ആവശ്യമായതെല്ലാം അവരുടെ പ്രവാചകൻﷺയിൽനിന്ന് പിൻ കാലക്കാർക്ക് കൈമാറി. ദീനിൻെറ വിഷയത്തിൽ ഒരു വീഴ്ചയും വരുത്തിയില്ല എന്ന് മാത്രമല്ല എല്ലാ നന്മയിലേക്കും അവർ മുന്നേറി. മിഅ്റാജ് രാവ് കൊണ്ടാടൽ മതപരമായിരുന്നുവെങ്കിൽ അവരായിരുന്നു അതിലേക്ക് മുന്നേറേണ്ടിയിരുന്നത്. നബിﷺയാകട്ടെ ജനങ്ങളിൽ ജനങ്ങൾക്കുള്ള ഏറ്റവും വലിയ ഉപദേഷ്ടാവാണ്. അദ്ദേഹം രിസാലത്ത് സൂക്ഷ്മമായി എത്തിക്കുകയും തന്നിലർപ്പിതമായ അമാനത്ത് നിർവ്വഹിക്കുകയും ചെയ്തു. മിഅ്റാജ് രാവിനെ ആദരിക്കലും ആഘോഷിക്കലും ദീനിൽ പെട്ടതായിരുന്നുവെങ്കിൽ നബിﷺ അതിൽ അശ്രദ്ധനാകുകയോ മറച്ചുവെക്കുകയോ ചെയ്യുമായിരുന്നില്ല. മേൽപറഞ്ഞതൊന്നും സംഭവിക്കാത്തതിനാൽ തന്നെ മിഅ്റാജ് രാവിനെ ആദരിക്കലും ആഘോഷിക്കലും ഇസ്ലാമിൽ പെട്ടതേയല്ലെന്ന് മനസ്സിലാക്കാം. (ഫതാവാ ലജ്നത്തിദ്ദാഇമ 3:65)

നിശ്ചയിക്കപ്പെട്ടതല്ലായെങ്കിൽ അത് സ്വീകരിക്കപ്പെടുകയില്ല. ഉദാഹരണം: കുതിരയെ ഉദുഹിയത്ത് അറുക്കുന്നത്. അത് സ്വീകരിക്കപ്പെടില്ല. കാരണം ആട്, മാട്, ഒട്ടകം എന്നീ ഇന ങ്ങളിൽ പെട്ട മൃഗങ്ങളിൽ മാത്രമേ ഉദുഹിയത്ത് പാടുള്ളൂ.

3. **ക്വദ്റ്(തോത്)**: ഒരാൾ ഒരു ഫർദ് നമസ്കാരം കൂടി ആറാമത് വർധിപ്പിക്കാൻ ഉദ്ദേശിച്ചു. അല്ലെങ്കിൽ ഏതെങ്കി ലും ഫർദ് നമസ്കാരത്തിൽ ഒരു റക്അത്ത് വർദ്ധിപ്പിക്കാനു ദ്ദേശിച്ചു. എങ്കിൽ അവൻെറ ആ പ്രവർത്തി തള്ളപ്പെടേണ്ട ബിദ്അത്താണ്. കാരണം അത് എണ്ണത്തിലും വണ്ണത്തിലും ശറഇന്ന് എതിരാണ്.

4. **കയ്ഫിയ്യത്ത്(രൂപക്രമം)**: ഒരാൾ വുദുവിൻേറയോ നമസ്കാരത്തിൻേറയോ രൂപം തലതിരിച്ച് ചെയ്തുവെങ്കിൽ അയാളുടെ പ്രസ്തുത വുദുവോ നമസ്കാരമോ ശരിയാവു കയില്ല, കാരണം അയാളുടെ പ്രവർത്തനം നിർവ്വഹിക്കേണ്ട രൂപക്രമത്തിൽ ശറഇനോട് എതിരായി.

5. **സമാൻ(കാലം)**: ഒരാൾ റജബ് മാസത്തിൽ ഉദുഹിയ്യത്ത് അറുത്തു, റമദാനിലെ നോമ്പ് ശവ്വാലിൽ പിടിച്ചു, ദുൽഖഅ്ദ് 9-ന് അറഫയിൽ നിന്നു. എങ്കിൽ അയാളുടെ ഈ പ്രവർത്ത നങ്ങൾ ശരിയാവുകയില്ല. കാരണം പ്രസ്തുത പ്രവർത്തനം നിർവ്വഹിക്കേണ്ട കാലത്തിൻെറ വിഷയത്തിൽ അയാൾ ശറഇ നോട് എതിരായി.

6. **മകാൻ(സ്ഥലം)**: ഒരാൾ പള്ളിയിൽ ഇഅ്തികാഫ് (ഭജനം) ഇരിക്കാതെ വീട്ടിൽ ഇരുന്നു, അല്ലെങ്കിൽ ദുൽഹജ്ജ് ഒമ്പതിന് അറഫയിൽ നിൽക്കുന്നതിന് പകരം മുസ്ദലിഫ യിൽ നിന്നു. എങ്കിൽ അയാളുടെ പ്രസ്തുത പ്രവർത്തനം

നിർവ്വഹിക്കേണ്ട കാലത്തിൻെറ വിഷയത്തിൽ ശറഇന് എതി രായതിനാൽ അത് ശരിയാവുകയില്ല. [1]

**ഏഴ്:** ആരാധനകളുടെ വിഷയത്തിൽ മനുഷ്യനെ സംബന്ധി ച്ചേടത്തോളം അവൻ ആരാധനകളുടെ അർത്ഥശാസ്ത്രമെ ന്തെന്നോ താത്വിക വശമെന്തെന്നോ നോക്കാതെ അവകൊ ണ്ട് ആരാധനയെടുക്കുക, അവ പ്രാവർത്തികമാക്കുകയെന്ന താണ് അടിസ്ഥാനം. തത്വങ്ങളും അർത്ഥങ്ങളും അധിക ആരാധനകളിലും നന്നേ പ്രകടമാണെങ്കിലും ശരി, തൽവിഷ യം സ്ഥിരീകരിച്ച് കൊണ്ട് ഇബ്നു ഉഥൈമീൻﷺ പറയുന്നു: അല്ലാഹുﷻയും റസൂൽﷺയും കൽപ്പിച്ചതെന്തെന്ന് നാം അറി യൽ നിർബന്ധമാണ്. അപ്രകാരം അല്ലാഹുﷻയും റസൂൽﷺ യും വിരോധിച്ചത് അറിയലും നിർബന്ധമാണ്. അതത്രെ ഹിക്മത്. അതിനാൽ അവക്ക് നാം നമ്മെ സമർപ്പിക്കലും നമ്മുടെമേൽ നിർബന്ധമാണ്. ദീനിൻെറ ഏതെങ്കിലും വിഷ യത്തിൽ അതിൻെറ തത്വമേതെന്ന് ആരെങ്കിലും നമ്മോട് ചോദിച്ചാൽ നാം പറയും: നിശ്ചയം കൽപ്പനകളിൽ അല്ലാ ഹുﷻയും റസൂൽﷺയും കൽപ്പിച്ചു എന്നതാണ് ഹിക്മത്ത്. വിലക്കുകളിൽ അല്ലാഹുﷻയും റസൂൽﷺയും വിലക്കി എന്ന താണ് ഹിക്മത്. പ്രസ്തുത വിഷയത്തിൻെറ തെളിവ് അല്ലാഹുﷻ യുടെ വചനമാണ്:

﴿ وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى ٱللَّهُ وَرَسُولُهُۥٓ أَمْرًا أَن يَكُونَ لَهُمُ ٱلْخِيَرَةُ مِنْ أَمْرِهِمْ ﴾

---

[1] ഇബ്നു ഉഥൈമീൻ, അൽ ഇബ്ദാഅ് 21-22

“അല്ലാഹുവും അവൻെറ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്തുകഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല.” (വി.ക്വു.33:36)

ആയിശ ؓ ഒരിക്കൽ ചോദിക്കപ്പെട്ടു:

"مَا بَالُ الْحَائِضِ تَقْضِي الصِّيَامَ وَلاَ تَقْضِي الصَّلاَةَ ؟"

"ആർത്തവകാരിയുടെകാര്യം എന്താണ്; അവൾ നോമ്പ് ക്വദാ വീട്ടണം; നമസ്കാരം ക്വദാ വീട്ടേണ്ടതില്ല...? അവർ പറഞ്ഞു:

"كَانَ يُصِيبُنَا ذَلِكَ فَنُؤْمَرُ بِقَضَاءِ الصِّيَامِ وَلاَ نُؤْمَرُ بِقَضَاءِ الصَّلاَةِ "

"പ്രവാചകൻ ﷺ യുടെകാലത്ത് ഞങ്ങൾക്ക് ആർത്തവമുണ്ടാകാറുണ്ടായിരുന്നു. അപ്പോൾ നോമ്പ് ക്വദാ വീട്ടാൻ ഞങ്ങൾ കൽപ്പിക്കപ്പെടാറുണ്ടായിരുന്നു. നമസ്കാരം ക്വദാ വീട്ടാൻ കൽപ്പിക്കപ്പെടാറില്ലായിരുന്നു."[1] ഇവിടെ ആയിശ ؓ സുന്നത്ത് കൊണ്ട് തെളിവുപിടിച്ചു. കാരണം എന്തെന്ന് അവർ ഉണർത്തിയില്ല. ഇതത്രെ, യഥാർത്ഥസമർപ്പണം; കീഴൊതുക്കവും. വിധിവിലക്കുകൾക്ക് പിന്നിലെ ഹിക്മത് എന്തെന്ന് അറിഞ്ഞാലും ഇല്ലെങ്കിലും അല്ലാഹു ﷻ യും റസൂൽ ﷺ യും കൽപ്പിച്ചത് അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുക. ആ ഹിക്മത് എന്തെന്ന് അറിഞ്ഞിട്ടേ ഞാൻ വിശ്വസിക്കൂ എന്ന രീതിയിലാണ് ഒരാളെങ്കിൽ നാം അയാളോട് പറയുന്നു: "താങ്കൾ തന്നിഷ്ടത്തെ പിൻതുടരുന്നവനാണ്. ദീനിൻെറ യാതൊരു കാര്യവും നിങ്ങൾ പ്രാവർത്തികമാക്കില്ല; പ്രാവർത്തികമാക്ക

[1] സ്വഹീഹുൽ ബുഖാരി: 321

ലാണ് നിങ്ങൾക്ക് ഗുണകരം എന്ന് നിങ്ങൾക്ക് വെളിപ്പെടുന്നിടത്തല്ലാതെ. " [1]

ഉമർ ﷺ വിൻെറ മേന്മ മികവുറ്റത് തന്നെ, അദ്ദേഹം പറഞ്ഞ സന്ദർഭം:

"فِيمَ الرَّمَلاَنُ وَالْكَشْفُ عَنِ الْمَنَاكِبِ وَقَدْ أَطَّأَ اللهُ الْإِسْلاَمَ وَنَفَى الْكُفْرَ وَأَهْلَهُ ؟ مَعَ ذَلِكَ لاَ نَدَعُ شَيْئاً كُنَّا نَفْعَلُهُ عَلَى عَهْدِ رَسُولِ اللهِ ﷺ"

"അല്ലാഹു ഇസ്‌ലാമിന് സ്വാധീനമുണ്ടാക്കുകയും കുഫ്റിനേയും ശിർക്കിനേയും അവിശ്വാസികളേയും മക്കയിൽനിന്ന് തുടച്ച് നീക്കുകയും ചെയ്തതിൽ പിന്നെ ത്വവാഫ് ചെയ്യുമ്പോൾ എന്തിനാണ് റമൽ (കാലടിപ്പിച്ചുകൊണ്ടുള്ള ഓട്ടം)..? എന്തിനാണ് ഇഹ്റാമിലെ വസ്ത്രം ധരിക്കുമ്പോൾ വലം ചുമൽ വെളിപ്പെടുത്തുന്നത്..? (ഇപ്പോൾ അതിൻെറ ആവശ്യമില്ല,) എന്നാലും റസൂൽ ﷺ യുടെ കാലത്ത് ചെയ്ത ഒന്നുമേ നാം ഉപേക്ഷിക്കില്ല തന്നെ." [2]

ഉപരിസൂചിത വരികൾക്കിടയിൽനിന്ന് ആരും തന്നെ, തെളിവുകൾ വിളിച്ചറിയിക്കുന്ന ആരാധനകളുടെ അർത്ഥവും ഹിക്മതുകളും അന്വേഷിക്കൽ നമ്മോട് ആവശ്യപ്പെട്ടതല്ലെന്ന് മനസിലാക്കേണ്ടതില്ല.

അല്ലാഹു ﷻ യും റസൂൽ ﷺ യും അതിൽ ചിലതിനെകുറിച്ച് ഉണർത്തിയിരിക്കേ, അതെങ്ങിനെ അന്വേഷിക്കാതിരിക്കും?

അല്ലാഹു ﷻ പറഞ്ഞു :

---

[1] ഇബ്നു ഉഥൈമീൻ, അശ്ശറഹുൽ മുംതിഅ് 4: 165-166

[2] അൽബാനി , സ്വഹീഹ് സുനനി അബീദാവൂദ് 2662

﴿ لَعَلَّكُمْ تَتَفَكَّرُونَ ﴾

“നിങ്ങൾ ചിന്തിക്കുവാൻ വേണ്ടി”

﴿ لَعَلَّكُمْ تُفْلِحُونَ ﴾

“നിങ്ങൾ വിജയിക്കുന്നതിന് വേണ്ടി”

﴿ لَعَلَّكُمْ تَتَّقُونَ ﴾

“നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി”

നബി ﷺ പറഞ്ഞു :

《إِنَّمَا جُعِلَ الطَّوَافُ بِالْكَعْبَةِ وَبَيْنَ الصَّفَا وَالْمَرْوَةِ وَرَمْيُ الْجِمَارِ لِإِقَامَةِ ذِكْرِ اللهِ》

((കഅ്ബക്ക് ചുറ്റും ത്വവാഫും, സ്വഫാമർവ്വക്കിടയിൽ സഅ്-യും, ജംറകളിലെ കല്ലേറും അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ നിലനിർത്താനാണ്.))[1] അപ്പോൾ ഹിക്മതുകൾ അന്വേഷിക്കേണ്ട എന്നല്ല. പക്ഷേ ഇവിടെ ഉദ്ദേശിക്കുന്നത് ഹിക്മതുകൾ അന്വേഷിച്ച് കണ്ടെത്തുന്നതിൽ തീവ്രത കാണിക്കുക, അവ അറിഞ്ഞങ്കിലേ ഞാൻ പ്രവർത്തിക്കുകയൊള്ളു, അല്ലങ്കിൽ കൽപ്പനകൾ നടപ്പിലാക്കുകയൊള്ളു എന്ന രീതിയിൽ

[1] അബൂദിവൂദ് 1888

അവയുമായി കർമ്മങ്ങളെ ബന്ധിപ്പിക്കുക എന്നിത്ത്യാതി സമീപനങ്ങൾക്കെതിരിൽ ഒരു മുന്നറിയിപ്പ് മാത്രമാണ്.

ആദത്തുകളുടേയും (ഇബാദത്തല്ലാത്ത അനുവദനീയമായ സമ്പ്രദായങ്ങൾ) ക്രയവിക്രയങ്ങളുടേയും വിഷയത്തിൽ അതിൻെറ ആശയങ്ങളിലേക്ക് ശ്രദ്ധതിരിക്കുക അവയിലെ തത്വങ്ങൾ അന്വേഷിക്കുക എന്നതാണ് അസ്വ്ല് (അടിസ്ഥാനം) അവകളിൽ ചിലതിലെല്ലാം ഹിക്മത്തുകളും (തത്വങ്ങളും) അർത്ഥങ്ങളും വെളിപ്പെട്ടിട്ടില്ലെങ്കിലും ശരി. [1]

**എട്ട്:** പ്രയാസം ഒരിക്കലും ശരീഅത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടില്ല. അതിനാലാണ് നടന്നുപോയി ഹജ്ജ് നിർവ്വഹിക്കാൻ നേർച്ച നേർന്ന ഒരു വൃദ്ധനോട്, അയാൾ തൻെറ മക്കൾക്കിടയിൽ വഹിക്കപ്പെടുകയായിരിക്കെ നബിﷺ പറഞ്ഞു:

(( إِنَّ اللهَ عَنْ تَعْذِيبِ هَذَا نَفْسَهُ لَغَنِيٌّ ))

((ഇയാൾ സ്വന്തത്തെ ശിക്ഷിക്കുന്നതിൽ നിന്ന് അല്ലാഹു ധനികനാണ്.)) അയാളോട് വാഹനത്തിൽ കയറി സഞ്ചരിക്കാൻ നബി ﷺ കൽപ്പിച്ചു. [2]

ഉപരിസൂചിത തത്വം സ്ഥാപിച്ച് ഇസ്സ് ഇബ്നു അബ്ദുസ്സലാം رحمه الله പറഞ്ഞു:"പ്രയാസകരമായ മുറകൾകൊണ്ട് അല്ലാഹു سبحانه وتعالىയിലേക്ക് സാമീപ്യം തേടൽ ശരിയാവുകയില്ല. കാരണം സാമീപ്യം തേടുന്ന കാര്യങ്ങളെല്ലാം അല്ലാഹുسبحانه وتعالىയെ മഹത്വ

[1] ഇമാം ശാത്വബിയുടെ അൽമുവാഫഖാത്ത് 2:300-310 നോക്കുക.
[2] മുസ്ലിം 1642

പ്പെടുത്താനാണ്. പ്രയാസത്തിൻെറ യാതൊരുകാര്യവും മഹത്വ പ്പെടുത്തലോ ആദരിക്കലോ അല്ല. " [1]

ദാസനോട് ആവശ്യപ്പെട്ടത് കഴിവിൻെറ പരമാവധി കൽപ്പ നകൾ പ്രാവർത്തികമാക്കുവാനും തിന്മകൾ വർജ്ജിക്കാനു മാണ്. നബി ﷺ പറഞ്ഞു :

﴿فَإِذَا نَهَيْتُكُمْ عَنْ شَيْءٍ فَاجْتَنِبُوهُ ، وَإِذَا أَمَرْتُكُمْ بِشَيْءٍ فَأْتُوا مِنْهُ مَا اسْتَطَعْتُمْ﴾

((ഞാൻ നിങ്ങളോട് വല്ലതും വിരോധിച്ചാൽ നിങ്ങളതിൽനി ന്നും വിട്ടു നിൽക്കണം. വല്ലതും കൽപ്പിച്ചുവെങ്കിലോ കഴിവി ൻെറ പരമാവധി നിങ്ങളത് നിർവ്വഹിക്കുകയും വേണം.))[2] ശ രീഅത്തിൻെറ അടിസ്ഥാനം അടിയാറുകൾക്ക് എളുപ്പമുണ്ടാ-ക്കുക, പ്രയാസം ഇല്ലാതാക്കുക എന്നതാണ്. അതിൽ തന്നെ യാണ് ശരീഅത്തിൻെറ നിർമ്മിതിയും അല്ലാഹു ﷻ പറയുന്നു:

﴿ مَا يُرِيدُ ٱللَّهُ لِيَجْعَلَ عَلَيْكُم مِّنْ حَرَجٍ ﴾

"…. …..നിങ്ങൾക്ക് ഒരു ബുദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നില്ല." (വി.ക്വു. 5:6)

അതിനാലാണ് പ്രവർത്തനങ്ങൾക്കുള്ള സ്ഥാനങ്ങളുടെ ഏ റ്റക്കുറച്ചിലിനും, കർമ്മങ്ങളുടെ ശ്രേഷ്ടതയുടെ തോതിനുമ നുസരിച്ച് പ്രതിഫലത്തിനും ഏറ്റക്കുറച്ചിലുണ്ടായത്; പ്രയാസം കഠിനമാകട്ടെ, കുറവാകട്ടെ.[3]

---

[1] ഖവാഇദുൽ അഹ്കാം 1: 30
[2] ഫത്ഹുൽ ബാരി 13 : 264
[3] ഖവാഹിദുൽ അഹ്കാം. 1 :29

പക്ഷേ ഇവിടെ സംശയലേശമന്യേ മനസ്സിലാക്കേണ്ട ഒന്നുണ്ട്, ഒരാൾ ശറഇയായ ഒരുകർമ്മം നിർവ്വഹിക്കുന്നത് കാരണത്താൽ വന്ന് ചേരുന്നതായ പ്രയാസം -ആ പ്രയാസം അല്ലാഹു ﷻ ഒരിക്കലും ആ പ്രവർത്തനത്തോടൊപ്പം ഉദ്ദേശിച്ചിട്ടില്ല.- ആ വ്യക്തിയുടെ പ്രതിഫലത്തെ വർദ്ധിപ്പിക്കുന്നു. അല്ലാഹു ﷻ പറഞ്ഞു :

﴿ ذَٰلِكَ بِأَنَّهُمْ لَا يُصِيبُهُمْ ظَمَأٌ وَلَا نَصَبٌ وَلَا مَخْمَصَةٌ فِي سَبِيلِ ٱللَّهِ وَلَا يَطَـُٔونَ مَوْطِئًا يَغِيظُ ٱلْكُفَّارَ وَلَا يَنَالُونَ مِنْ عَدُوٍّ نَّيْلًا إِلَّا كُتِبَ لَهُم بِهِۦ عَمَلٌ صَـٰلِحٌ ........ ﴾

"............അതെന്ത് കൊണ്ടെന്നാൽ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അവർക്ക് ദാഹവും ക്ഷീണവും വിശപ്പും നേരിടുകയോ, അവിശ്വാസിളെ പ്രകോപിപ്പിക്കുന്ന വല്ല സ്ഥാനത്തും അവർ കാൽവെക്കുകയോ, ശത്രുവിന് വല്ല നാശവും ഏൽപിക്കുന്നപക്ഷം അതുകാരണം അവർക്ക് ഒരു സൽകർമ്മം രേഖപ്പെടുത്താതിരിക്കുകയില്ല..." (വി.ക്വു. 9:120)

ജാബിർ رضي الله عنه പറയുന്നു: ഞങ്ങളുടെ വീടുകൾ പള്ളിയിൽനിന്ന് വിദൂരത്തായിരുന്നു. അവിടം വിൽക്കുവാനും പള്ളിയോട് അടുത്ത് താമസിക്കുവാനും ഞങ്ങൾ ഉദ്ദേശിച്ചു. അപ്പോൾ അല്ലാഹുവിൻെറ റസൂൽ ﷺ ഞങ്ങളോട് അത് വിലക്കി. അദ്ദേഹം പറഞ്ഞു:

(( إِنَّ لَكُمْ بِكُلِّ خُطْوَةٍ دَرَجَةً ))

((നിശ്ചയം, നിങ്ങൾക്ക് ഓരോ കാൽവെയ്പിനും ഓരോ പദവിയുണ്ട്.))[1]

ഹജ്ജ് വേളയിൽ ആർത്തവക്കാരിയായ ആയിശﷺക്ക് ഉംറ നിർവ്വഹിക്കാൻ കഴിയാത്തതിൽ പ്രയാസപ്പെട്ട് അവർ പ്രവാചകൻﷺ യോട് പറഞ്ഞു:

" يَا رَسُولَ اللهِ ، يَصْدُرُ النَّاسُ بِنُسكَيْنِ وَ أَصْدُرُ بِنُسْكٍ ؟"

"ജനങ്ങളെല്ലാം ഹജ്ജും ഉംറയും നിർവ്വഹിച്ച് മടങ്ങുന്നു. ഞാനാകട്ടെ ഹജ്ജ് മാത്രം ചെയ്ത് മടങ്ങുന്നു." അപ്പോൾ പ്രവാചകൻﷺ പറഞ്ഞു :

﴿انْتَظِرِي ، فَإِذَا طَهُرْتِ فَاخْرُجِي إِلَى التَنْعِيمِ فَأَهِلِّي ثُمَّ ائْتِينَا بِمَكَانِ كَذَا ، وَلَكِنَّهَا عَلَى قَدْرِ نَفَقَتِك أَوْ نُصْبِك﴾

((ആയിശാ കുറച്ച് കാത്തുനിൽക്കൂ.. നിങ്ങൾ ശുദ്ധിയായാൽ തൻഈമിലേക്ക് പുറപ്പെടുക. അവിടെവെച്ച് ഇഹ്റാമിൽ പ്രവേശിക്കുക. പിന്നെ നിങ്ങൾ നമ്മുടെ അടുക്കലേക്ക്, ഇന്നസ്ഥലത്തേക്ക് വരിക. പക്ഷേ നിങ്ങളുടെ ഉംറ നിങ്ങൾ ചിലവഴിക്കുന്നതനുസരിച്ചും, അദ്ധ്വാനിക്കുന്നതിനനുസരിച്ചും പ്രതിഫലം ലഭിക്കുന്നതായിരിക്കും)) [2]

ഇസ്സ് ഇബ്നു അബ്ദിസ്സലാംﷺഈ വിഷയത്തിൽ പറയുന്നു: "പ്രയാസം കുറഞ്ഞ് പ്രവർത്തിക്കുന്നവനെക്കാൾ പ്രയാസപ്പെട്ട് പ്രവർത്തിക്കുന്നവന് പ്രതിഫലം ലഭിക്കപ്പെടുമെ

---

[1] മുസ്ലിം 664

[2] ഫത്ഹുൽ ബാരി 3 :714

ങ്കിൽ ആ പ്രവർത്തിക്കുള്ള മാനദണ്ഡമെന്തെന്ന് ചോദിക്കപ്പെട്ടാൽ ഞാൻ പറയും: രണ്ടുപ്രവർത്തികൾ, ശറഫി (സ്ഥാനത്തി)ലും നിബന്ധനകളിലും സനദി(തെളിവിലും)ലും, അർകാനുകളിലും ഒത്തുവരുന്നു. അവ നിർവ്വഹിക്കുന്ന രണ്ടിലൊരാൾ അപരനെക്കാൾ പ്രയാസം സഹിക്കേണ്ടി വരുന്നു. ഇവിടെ രണ്ടുപേരും കർമ്മനിർവ്വഹണത്തിൽ തുല്യമായതിനാൽ അവർ രണ്ടുപേരുടേയും കൂലിതുല്യമാണ്. എന്നാൽ അവർ രണ്ടിലൊരാൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ പ്രയാസം സഹിക്കുന്നുണ്ട്. അത് പ്രസ്തുത പ്രവർത്തിതന്നെ പ്രയാസമായതിനാലല്ല. ആയതിനാൽ പ്രവർത്തിക്കപ്പുറമുള്ള ഒരു പ്രയാസം സഹിക്കേണ്ടിവന്നതിനാൽ അയാൾ പ്രതിഫലം നൽകപ്പെടും. [1]

---

[1] തണുപ്പുള്ള അവസരത്തിൽ ജമാഅത്തായി ഫജ്ർ നമസ്കരിക്കുന്നതുപോലെ; തണുപ്പിനെപ്രതിരോധിക്കാൻ സൗകര്യമുള്ളവനും അതില്ലാത്തവനും ജമാഅത്തായുള്ള ഫജ്ർനമസ്കാരത്തിൻെറ സ്ഥാനത്തിലും ശർത്തുകളിലും റുകുനുകളിലും ഒരുപോലെയാണ്. ആയതിനാൽ നമസ്കാരം നിർവ്വഹിക്കുന്നതിന് രണ്ടുപേർക്കും ഒരേ പ്രതിഫലമാണുള്ളത്. പക്ഷേ ഇവിടെ തണുപ്പിനെ പ്രതിരോധിക്കാൻ സൗകര്യമുള്ളവൻ അപരനെ അപേക്ഷിച്ച് പ്രയാസമില്ലാതെയാണ് നമസ്കാരം നിർവ്വഹിച്ചത്. എന്നാൽ സൗകര്യമില്ലാത്തവൻ തണുപ്പിനെ പ്രതിരോധിക്കാൻ ആഗ്രഹിക്കുന്നുവെങ്കിലും യാതൊന്നും കാണുന്നില്ല. അല്ലാഹുവിൻെറ പ്രീതിക്കായി ജമാഅത്തിൽ പങ്കുകൊള്ളാൻ ആയാൾ പ്രയാസം സഹിക്കാൻ നിർബന്ധിതനാകുന്നു. അയാൾ അത് സഹിക്കുന്നു. ഇതിൽ അയാൾക്ക് സൗകര്യമുള്ളവനേക്കാൾ പ്രതിഫലം ലഭിക്കും. പ്രസ്തുത പ്രയാസം ഫജ്റ് നമസ്കാരത്തോടൊപ്പം ഉദ്ദേശിക്കപ്പെട്ടതോ, മതമാക്കപ്പെട്ടതോ അല്ല. പ്രത്യുത പ്രയാസം പുതുതായി കടന്നുവന്നതാണ്. അത് സഹിക്കാൻ താൻ നിർബന്ധിതനാവുകയും അല്ലാഹുവിൻെറ പ്രീതിക്കായി

രണ്ട് കർമ്മങ്ങളിൽ ഒന്ന് നിർവ്വഹിക്കുമ്പോൾ ഉണ്ടാകുന്ന പ്രയാസം അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സഹിക്കുന്നതിനാലാണ് പ്രതിഫലം ലഭിക്കുന്നത്; അല്ലാതെ ആ പ്രവർത്തി തന്നെ പ്രയാസമായതുകൊണ്ടല്ല. [1]

# ഇത്തിബാഇന് ശരീഅത്തിലുള്ള സ്ഥാനം

ഇത്തിബാഇന്ന് (നബിﷺയെ അനുധാവനം ചെയ്യുന്നത്.) വലിയ സ്ഥാനമാണ് ഇസ്ലാമിലുള്ളത്. താഴെ വിവരിക്കുന്ന വരികൾക്കിടയിൽ നിന്ന് അത് വ്യക്തമാകും:-

## ഒന്ന്: ആരാധനകൾ സ്വീകരിക്കപ്പെടാനുള്ള നിബന്ധനയാണ് ഇത്തിബാഅ്.

ആരാധനാസംബന്ധിയായ എല്ലാകർമ്മങ്ങൾക്കും, ആ കർമ്മങ്ങളിൽ ഇത്തിബാഅ് ഉണ്ടാകുകയും നബിﷺ കൊണ്ടുവന്ന ആദർശത്തിന് അവ അനുയോജ്യവുമായാലല്ലാതെ യാതൊരു സ്വീകാര്യതയും ഇല്ലതന്നെ. മാത്രമല്ല പ്രവാചകൻﷺയുടെ മാതൃകയില്ലാതെ നിർവ്വഹിക്കപ്പെടുന്ന കർമ്മങ്ങൾ അവ പ്രവർത്തിക്കുന്നയാളെ അല്ലാഹുﷻയിൽനിന്ന് അകറ്റാനേ

അത് സഹിക്കുകയും ചെയ്തതിനാലാണ് പ്രത്യേകമായ ഈ പ്രതിഫലം ലഭിക്കുന്നത്. (വിവ:)

[1] ഖവാഇദുൽ അഹ്കാം. 1: 30

ഉപകരിക്കൂ. കാരണം അല്ലാഹുﷻ തൻെറ തിരുദൂതനെ ഏ-തൊരു കൽപ്പനയുമായാണോ നിയോഗിച്ചത് ആ കൽപ്പന കൾകൊണ്ടേ അവൻ ആരാധിക്കപ്പെടാവൂ. അല്ലാതെ ജന ഹിതങ്ങൾക്കോ, ഇഷ്ടങ്ങൾക്കോ അനുസരിച്ച് അല്ലാഹു ﷻ ആരാധിക്കപ്പെടാവതല്ല.

റസൂലുല്ലാഹിﷺ പറഞ്ഞു:

﴿مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ﴾

((ഒരാൾ ഒരു പ്രവർത്തി ചെയ്തു; അതിന് നമ്മുടെ കൽപ്പന യില്ലെങ്കിൽ അത് തള്ളപ്പെടേണ്ടതാണ്))[1]

ഇമാം ഹസനുൽ ബസ്വരിؓ പറഞ്ഞു: "പ്രവർത്തിപദത്തിലു ണ്ടെങ്കിലേ പറയുന്നവാക്കുകൾ ശരിയാകൂ, പറയുന്ന വാക്കു കളും ചെയ്യുന്നപ്രവർത്തികളും നിയ്യത്തുണ്ടെങ്കിലേ ശരിയാ കൂ, ഖൽബിലെ നിയ്യത്തും പറയുന്നവാക്കുകളും ചെയ്യുന്ന പ്രവർത്തികളും സുന്നത്തിന് (നബിചര്യ)ക്ക് അനുസരിച്ച് ആയെങ്കിലേ ശരിയാകൂ," [2]

ഇമാം ഇബ്നു റജബ്ؓ പറഞ്ഞു: "ഏതൊരു പ്രവർത്തിയും അതിൽ അല്ലാഹുവിൻെറ പ്രീതി കാംക്ഷിക്കുന്നില്ലെങ്കിൽ ആ പ്രവർത്തി ചെയ്തവന് അതിൽ യാതൊരു കൂലിയുമില്ല, എന്നത് പോലെ തന്നെ യാതൊരുപ്രവർത്തിയും അല്ലാഹു ﷻയുടേയും റസൂൽﷺ യുടേയും കൽപ്പനയില്ലാത്തതാണ് എ ങ്കിൽ പ്രസ്തുത പ്രവർത്തനം അത് ചെയ്തവനിലേക്ക്

---

[1] മുസ്‌ലിം 1718

[2] ഇമാം ലാലിക്കാഇ, ശറഹു ഉസൂലിഇഅ്തികാദി അഹ്‌ലിസ്സുന്ന 1:57

തള്ളപ്പെടുന്നതാണ്. അല്ലാഹുﷻയും റസൂൽﷺയും കൽപ്പന നൽകാത്ത ഒരുകാര്യം ദീനിൽ ആരൊക്കെ പുതുതായി നിർമ്മിക്കുന്നുവോ അവന് ദീനിൽ ഒരു സ്ഥാനവുമില്ല." [1]

## രണ്ട്. ഇസ്ലാമിൻെറ രണ്ട് അടിസ്ഥാനങ്ങളിലൊന്നത്രെ ഇത്തിബാഅ്.

ആരാധനയിൽ അല്ലാഹുﷻയെ ഏകനാക്കുക, ഇഖ്-ലാസുണ്ടാകുക എന്നിവയത്രെ അടിമയുടെ അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ തനിമയും لاَ إِلَـــهَ إِلاَّ اللهُ എന്ന ശഹാദത്ത് കലിമയുടെ യാഥാർത്ഥ്യവും. ഇത്തിബാഉം പ്രവാചകൻ ﷺയെ മാതൃകയാക്കലുമാണ് ഒരു അടിമയുടെ വിശ്വാസത്തിൻെറ തനിമയും مُحَمَّدٌ رَسُولُ اللهِ എന്ന കലിമത്തിൻെറ യാഥാർത്ഥ്യവും.

ഈ രണ്ട് അടിസ്ഥാനങ്ങൾ അഥവാ ഇഖ്ലാസും ഇത്തിബാഉം അന്വർത്ഥമാക്കി ദൃഢീകരിക്കുകയും, അവ രണ്ടും താൽപര്യപ്പെടുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുകയും ചെയ്താലല്ലാതെ ഒരു അടിമയുടേയും ഇസ്ലാം സാക്ഷാൽകൃതമാകുകയില്ല, അവനിൽ നിന്ന് യാതൊരു വാക്കോ പ്രവർത്തിയോ വിശ്വാസമോ സ്വീകരിക്കപ്പെടുകയുമില്ല. അല്ലാഹു ﷻ പറയുന്നു :

﴿ فَمَن كَانَ يَرْجُواْ لِقَآءَ رَبِّهِۦ فَلْيَعْمَلْ عَمَلاً صَٰلِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِۦٓ أَحَدًا ﴾

---

[1] ഇമാം ഇബ്നു റജബ്, ജാമിഉൽ ഉലൂമി വൽ ഹികം 1 :176

"....അതിനാൽ വല്ലവനും തൻെറ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽകർമ്മം പ്രവർത്തിക്കുകയും, തൻെറ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനേയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ" (വി.ക്വു. 18:110)

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ ﷺ പറയുന്നു: "മൊത്തത്തിൽ നമുക്കൊപ്പം രണ്ട് മഹത്തായ അസ്വ്ലുകളുണ്ട്. ഒന്ന്: നാം അല്ലാഹുവിനെ മാത്രമേ ആരാധിക്കൂ...രണ്ട്: നാം അല്ലാഹു മതമാക്കിയതുകൊണ്ടേ അല്ലാഹുവിനെ ആരാധിക്കു... ഒരിക്കലും നാം അവനെ ബിദ്ഈയായ ആരാധനകൾ കൊണ്ട് ആരാധിക്കുകയില്ല. ഈ രണ്ട് അടിസ്ഥാനങ്ങളാണ്, لاَ إِلَــهَ إِلاَّ اللهُ مُحَمَّدٌ رَسُولُ الله എന്ന സത്യസാക്ഷ്യത്തിൻെറ സാക്ഷാൽകാരം." [1]

ഇമാം ഇബ്നുൽ ഖയ്യിം ﷺ പറയുന്നു: " ഒരു അടിമ

﴿ إِيَّاكَ نَعْبُدُ ﴾

എന്ന വചനത്തെ അന്വർത്ഥമാക്കിയവനാകുകയില്ല; മഹത്തായ രണ്ട് അടിസ്ഥാനങ്ങൾ കൊണ്ടല്ലാതെ. ഒന്ന്: മുത്താബഅത്തുർറസൂൽ അഥവാ റസൂൽ ﷺ യെ അനുധാവനം ചെയ്യൽ'' രണ്ട്: ആരാധ്യനോടുള്ള ഇഖ്‌ലാസ് അഥവാ ആത്മാർത്ഥത." [2] ഇബ്നു അബിൽഇസ്സിൽ ഹനഫി ﷺ പറയുന്നു: "അവ രണ്ട് തൗഹീദുകളാണ്. അവ രണ്ടും സാക്ഷാൽകൃത

---

[1] ശൈഖുൽ ഇസ്‌ലാം, മജ്മൂഅ് ഫതാവാ 1:333-334

[2] ഇമാം ഇബ്നുൽ ഖയ്യിം, മദാരിജുസ്സാലികീൻ 1:104

മായാലേ ഒരു അടിമക്ക് റബ്ബിൻെറ ശിക്ഷയിൽനിന്ന് മോചന-മുള്ളു. ഒന്ന്: തൗഹീദുൽമുർസിൽ അഥവാ അല്ലാഹുവിന് ആ രാധന നിഷ്കളങ്കമാക്കുക) രണ്ട്: തൗഹീദു മുതാബഅത്തിർ റസൂൽ അഥവാ ഇത്തിബാഅ് റസൂലുല്ലാഹിﷺക്ക് മാത്രമാ-ക്കുക. " [1]

## മൂന്ന്) ഇത്തിബാഇലൂടെയാണ് സ്വർഗ്ഗ പ്രവേശനം.

നബിﷺയെ അനുധാവനം ചെയ്യൽ സ്വർഗ്ഗപ്രവേശന ത്തിനുള്ള കാരണമാണെന്ന് നബിﷺ വിളിച്ചറിയിക്കുന്നു.

﴿كُلُّ أُمَّتِي يَدْخُلُونَ الْجَنَّةَ إِلاَّ مَنْ أَبَى ، قَالُوا : يَا رَسُولَ اللهِ ، وَمَنْ يَأْبَى ؟ قَالَ : مَنْ أَطَاعَنِي دَخَلَ الْجَنَّةَ وَمَنْ عَصَانِي فَقَدْ أَبَى ﴾

((എൻെറ ഉമ്മത്തികളെല്ലാവരും സ്വർഗ്ഗത്തിൽ പ്രവേശിക്കും; വിസമ്മതിച്ചവരൊഴികെ. അവർ ചോദിച്ചു : അല്ലാഹുവിൻെറ റസൂലേ, ആരാണ് വിസമ്മതിച്ചവർ അദ്ദേഹം പറഞ്ഞു: ആർ എന്നെ അനുസരിച്ചുവോ അവൻ സ്വർഗ്ഗത്തിൽ പ്രവേശി ച്ചു. ആർ എന്നെ ധിക്കരിച്ചുവോ അവൻ വിസമ്മതിച്ചു.)) [2]

ഇബ്നു അബ്ബാസ്ؓ വിശുദ്ധ ക്വുർആനിലെ

﴿ يَوْمَ تَبْيَضُّ وُجُوهٌ وَتَسْوَدُّ وُجُوهٌ ﴾

"ചില മുഖങ്ങൾ വെളുക്കുകയും, ചില മുഖങ്ങൾ കറുക്കുക യും ചെയ്യുന്ന ഒരു ദിവസത്തിൽ " (വി.ക്വു. 3:106)

---

[1] ശറഹുത്ത്വഹാവിയ്യ 1:228
[2] ബുഖാരി: 7280

എന്ന ആയത്തിനെ വ്യാഖ്യാനിച്ചു പറയുന്നു:

"فَأَمَّا الَّذِينَ ابْيَضَّتْ وُجُوهُهُمْ فَأَهْلُ السُنَّةِ وَ الْجَمَاعَةِ وَأُولُوا الْعِلْمِ، وَ أَمَّا الَّذِينَ اسْوَدَّتْ وُجُوهُهُمْ فَأَهْلُ الْبِدَعِ وَ الضَلَالَةِ "

"എന്നാൽ മുഖം വെളുത്ത് പ്രഭമുറ്റിയവർ, അവർ അഹ്‌ലുസുന്നത്തി വൽ ജമാഅത്തും അറിവുള്ളവരുമാണ്. എന്നാൽ മുഖം കറുത്തിരുണ്ടവർ അവർ ബിദ്അത്തിൻേറയും വഴികേടിൻേറയും ആളുകളാണ് "[1]

ഇമാം സുഹ്‌രി ﵁ പറഞ്ഞു: "സുന്നത്ത് മുറുകെ പിടിക്കൽ വിജയമാണ്"[2]

## നാല്) അല്ലാഹുവോടുള്ള സ്നേഹത്തിൻെറ തെളിവാണ് ഇത്തിബാഅ്.

അല്ലാഹു ﷻ പറയുന്നു :

﴿ قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴾

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിൻതുടരുക. എങ്കിൽ

---

[1] ലാലികാഇ, ശറഹു ഉസൂലി ഇഅ്തിഖാദി അഹ്‌ലി സുന്ന1:71
[2] ലാലികാഇ, ശറഹു ഉസൂലി ഇഅ്തിഖാദി അഹ്‌ലി സുന്ന1:56

അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തു തരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ." (വി. ക്വു. 3:31)

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ ﵀ പറയുന്നു:" കൂടുതൽ ശ്രദ്ധയൂന്നൽ അനിവാര്യമായ സംഗതികളിൽ പെട്ടതത്രെ വിശുദ്ധ ക്വുർആനിലെ ഈ വാക്യം:

﴿ قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ ﴾

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിൻതുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും......" (വി. ക്വു. 3:31)

സലഫുകളിൽ ഒരു വിഭാഗം പറഞ്ഞു: ഒരു വിഭാഗം ആളുകൾ റസൂൽ ﷺയുടെ കാലത്ത്, അവർ അല്ലാഹുവെ സ്നേഹിക്കുന്നുവെന്ന് ജൽപ്പിച്ചു. അപ്പോളാണ് അല്ലാഹു വിശുദ്ധ ക്വുർ-ആനിൽ ഈ വചനമിറക്കിയത്'' അതോടെ തന്നോടുള്ള സ്നേഹം പ്രവാചകൻ ﷺയെ (ഇത്തിബാഅ് ചെയ്യൽ) അനുഗമിക്കൽ നിർബന്ധമാക്കുന്നുവെന്നും റസൂൽ ﷺയെ ഇത്തിബാഅ് ചെയ്യൽ അടിമയോടുള്ള അല്ലാഹുവിൻെറ സ്നേഹം അനിവാര്യമാക്കുന്നുവെന്നും അല്ലാഹു വ്യക്തമാക്കി. പ്രസ്തുത സ്നേഹത്തിലൂടെ അല്ലാഹു, തന്നെ സ്നേഹിക്കുന്നുവെന്ന് വീമ്പുപറയുന്ന ആളുകളെ പരീക്ഷിക്കുകയാണ്. കാരണം ഈ വിഷയത്തിൽ ജൽപ്പനങ്ങളും അസ്പഷ്ടതകളും കൂടുതലാണ്."[1]

---

[1] ഇബ്നു തൈമിയ്യ, മജ്മൂഅ് ഫതാവാ 10: 81

ഇമാം ഇബ്നു കഥീർ‍ﷺ പറയുന്നു: " ഈ വിശുദ്ധ വചനം, മുഹമ്മദ് നബിﷺയുടെ മാർഗ്ഗത്തിൽ നിലയുറപ്പിക്കാതെ അല്ലാഹുവെ സ്നേഹിക്കുന്നുവെന്ന് ജൽപ്പിക്കുന്ന എല്ലാവർക്കുമെതിരിൽ വിധിതീർപ്പാക്കുന്നു. അവൻ ജൽപ്പിക്കുന്ന പ്രസ്തുത വിഷയത്തിൽ അവൻ വ്യാജനാണ് എന്നതാണത്രെ പ്രസ്തുത വിധിതീർപ്പ്; അവൻ മുഹമ്മദ് നബിﷺയുടെ ശരീഅത്ത് പിൻപറ്റുകയും തൻെറ മുഴുവാക്കിലും പ്രവർത്തിയിലും മുഹമ്മദ് നബിﷺയുടെ ചര്യപിൻപറ്റുകയും ചെയ്യുന്നതുവരെ." [1]

ഇമാം ഇബ്നു ഖയ്യിം‍ﷺ പറയുന്നു :

﴿ يُحۡبِبۡكُمُ ٱللَّهُ ﴾

"......അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടും..." എന്ന പ്രസ്തുത വചനം അല്ലാഹുവിൻെറ സ്നേഹം ലഭിക്കാനുള്ള മാർഗ്ഗത്തിലേക്കും ആ മാർഗ്ഗം സ്വീകരിച്ചാലുള്ള ഫലത്തിലേക്കും സൂചന നൽകുന്നു. ഇത്തിബാഉർറസൂൽ (റസൂൽﷺയെ അനുധാവനം ചെയ്യൽ) എന്നതാണ് പ്രസ്തുത മാർഗ്ഗം, റസൂൽﷺയെ നിയോഗിച്ച അല്ലാഹുവിൻെറ സ്നേഹം ലഭിക്കലാണ് മാർഗ്ഗം സ്വീകരിച്ചാലുള്ള ഫലം. ഇത്തിബാഅ് ഉണ്ടാകാത്തിടത്തോളം കാലം നിങ്ങളുടെ സ്നേഹം അല്ലാഹുവിന് ഇല്ല, അല്ലാഹുവിൻെറ സ്നേഹം നിങ്ങൾക്ക് നിഷേധിക്കപ്പെടുകയും ചെയ്യും" [2] ഇബ്നുഖയ്യിം‍ﷺ തുടരുന്നു: "അല്ലാഹുവിനെ

---

[1] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 1:358

[2] ഇമാം ഇബ്നുൽ ഖയ്യിം, മദാരിജുസ്സാലികീൻ 3:22

സ്നേഹിക്കൽ സ്ഥിരപ്പെടുന്നത്, റസൂൽﷺയെ പ്രവർത്തികളിലും വാക്കുകളിലും സ്വഭാവഗുണങ്ങളിലും പിൻപറ്റുമ്പോൾ മാത്രമാണ്. ഈ ഇത്തിബാഇനെ അനുസരിച്ചാണ് പ്രസ്തുത സ്നേഹം സ്ഥിരപ്പെടുകയും ശക്തിപ്പെടുകയും ചെയ്യുന്നത്. ഇത്തിബാഇൻെറ കുറവനുസരിച്ച് സ്നേഹത്തിൻേറയും കുറവുണ്ടാകും"[1]

## അഞ്ച്) പ്രവാചകസ്നേഹം സാധ്യമാകാനുള്ള യഥാർത്ഥ മാർഗ്ഗമത്രെ ഇത്തിബാഅ്.

പ്രവാചകൻﷺയെ സ്നേഹിക്കൽ അടിമകളുടെമേൽ അല്ലാഹു നിർബന്ധമാക്കി. പ്രസ്തുത സ്നേഹത്തെ സ്വന്തത്തേയും സമ്പത്തിനേയും മക്കളേയും മാതാപിതാക്കളേയും മുഴുവൻ ജനങ്ങളേയും സ്നേഹിക്കുന്നതിനേക്കാൾ മുന്തിപ്പിക്കണമെന്നും അവൻ നിർബന്ധമാക്കി. നബിﷺ പറഞ്ഞു:

﴿لاَ يُــؤْمِنُ أَحَدُكُمْ حَتَى أَكُونَ أَحَبَّ إِلَيْهِ مِنْ وَالِدِهِ وَوَ لَدِهِ وَالنَّاسِ أَجْمَعِينَ﴾

((നിങ്ങൾ ആരും തന്നെ; തൻെറ മാതാപിതാക്കളെക്കാളും മക്കളെക്കാളും മുഴുവൻ ജനങ്ങളെക്കാളും ഞാൻ അവനിലേക്ക് ഏറ്റവും ഇഷ്ടപ്പെടുന്നവനാകുന്നതുവരെ വിശ്വാസിയാവുകയില്ല. ))[2]

ഒരിക്കൽ ഉമർؓ പ്രവാചകൻﷺയോട് പറഞ്ഞു :

" يَا رَسُلَ اللهِ ، لأَنْتَ أَحَبُّ إِلَيَّ مِنْ كُلِّ شَيْءٍ إِلاَّ مِنْ نَفْسِي "

---

[1] ഇമാം ഇബ്നുൽ ഖയ്യിം, മദാരിജുസ്സാലികീൻ 3:37

[2] ബുഖാരി:15

"അല്ലാഹുവിൻെറ റസൂലേ, എന്നെക്കഴിഞ്ഞാൽ എല്ലാത്തിനേക്കാളും എന്നിലേക്കിഷ്ടപ്പെട്ടത് താങ്കളാണ്."
അപ്പോൾ പ്രവാചകൻﷺ അരുളി:

﴿لاَ ، وَالَّذي نَفْسِي بِيَدِهِ حَتَى أَكُونَ أَحَبَّ إِلَيْكَ مِنْ نَفْسِكَ﴾

((അല്ല, അല്ലാഹുവാണെ, നിങ്ങളേക്കാളും ഞാൻ താങ്കൾക്കിഷ്ടപ്പെട്ടവനാകുന്നതുവരെ.)) ഉടൻ ഉമർ رضي الله عنه പറഞ്ഞു :

"فَإِنَّهُ الآنَ وَاللّــهِ لأَنْتَ أَحَبُّ إِلَيَّ مِنْ نَفْسِي" فَقَالَﷺ: ﴿الآنَ يَا عُمَرُ﴾

''നിശ്ചയം ഇപ്പോൾ അല്ലാഹുവാണേ, താങ്കളാണ് എന്നിലേക്ക് എന്നെക്കാൾ ഇഷ്ടപ്പെട്ടത്. പ്രവാചകൻ പ്രതിവചിച്ചു: ഇപ്പോഴാണ് ഉമറേ, ((നിങ്ങളുടെ ഈമാൻ പൂർണ്ണമായത്))[1]

നബിﷺയോടുള്ള ആ സ്നേഹം സാധ്യമാകാനും അത് സാക്ഷാൽകൃതമാകാനും യാതൊരു വഴിയുമില്ല; പ്രവാചകൻﷺ അനുധാവനം ചെയ്യുകയും അതിൽ പൂർണ്ണത വരിക്കാൻ ഉത്ഘടമായി ഇച്ഛരിക്കുകയുമല്ലാതെ. ഈ ആശയവുമായി ബന്ധപ്പെട്ട് ഇമാം ഖത്ത്വാബി പറയുന്നു: حُبُّ الطَّبَعِ (സ്വാഭാവികമായി മനുഷ്യനിൽ ഊട്ടപ്പെട്ട സ്നേഹം) അല്ല ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. പ്രത്യുത حُبُّ الْاِخْتِيَار (തെരഞ്ഞടുക്കാൻ സ്വാതന്ത്ര്യമുള്ള സ്നേഹം) ആണ് ഉദ്ദേശം. കാരണം മനുഷ്യന് സ്വന്തത്തോടുള്ള സ്നേഹം സ്വാഭാവികമാണ്; അവൻെറ പ്രകൃതിയിൽ ഊട്ടപ്പെട്ടതുമാണ്. അതു മാറ്റാൻ യാതൊരു വഴിയുമില്ല. അപ്പോൾ പ്രവാചകസ്നേഹത്തിൻെറ

---

[1] ബുഖാരി: 6632

അർത്ഥം "എന്നോടുള്ള സ്നേഹത്തിൽ നീ സത്യസന്ധനാകുകയില്ല, എനിക്കുള്ള അനുസരണത്തിൽ നീ നിന്നെ തന്നെ സംഹരിക്കുന്നതുവരെ. നിൻെറ ഇച്ഛയേക്കാൾ എൻെറ പ്രീതിക്ക് നീ പ്രാമുഖ്യം കൽപ്പിക്കുന്നതുവരേയും; അതിന്ന് നീ നിന്നെതന്നെ കുരുതി കൊടുക്കേണ്ടിവന്നാലും." [1]

## ആറ്) റസൂൽﷺയെ അനുസരിക്കാനുള്ള റബ്ബിൻെറ കൽപ്പനകൾ നിർവ്വഹിക്കാനും അതിഭീഷണമായ താക്കീതുകളിൽനിന്ന് വിട്ട് നിൽക്കാനുമുള്ള മാർഗ്ഗമാണ് ഇത്തിബാഅ്.

അല്ലാഹു ﷻ ധാരാളം വചനങ്ങളിൽ തൻെറ അടിമകളോട് നബിﷺയെ അനുസരിക്കണമെന്ന് കൽപ്പിച്ചു. അല്ലാഹു ﷻ പറയുന്നു :

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ ﴾

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിൻെറ) ദൂതനെയും അനുസരിക്കുക...” (വി.ക്വു.4:59)

റസൂൽﷺയോട് അനുസരണക്കേട് കാണിക്കുന്നവർക്ക് അതിഭീഷണമാംവിധം താക്കീത് നൽകി അല്ലാഹു ﷻ പറഞ്ഞു:

﴿ قُلْ أَطِيعُوا۟ ٱللَّهَ وَٱلرَّسُولَ ۖ فَإِن تَوَلَّوْا۟ فَإِنَّ ٱللَّهَ لَا يُحِبُّ ٱلْكَـٰفِرِينَ ﴾

---

[1] ശറഹുമുസ്ലിം 2:15

“പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനേയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്നപക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച.” (വി.ക്വു. 3:32) വീണ്ടും അല്ലാഹു പറയുന്നു :

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ ٱسۡتَجِيبُواْ لِلَّهِ وَلِلرَّسُولِ إِذَا دَعَاكُمۡ لِمَا يُحۡيِيكُمۡۖ وَٱعۡلَمُوٓاْ أَنَّ ٱللَّهَ يَحُولُ بَيۡنَ ٱلۡمَرۡءِ وَقَلۡبِهِۦ وَأَنَّهُۥٓ إِلَيۡهِ تُحۡشَرُونَ ﴾

“ നിങ്ങൾ ജീവൻ നൽകുന്ന കാര്യത്തിലേക്ക് നിങ്ങളെ വിളിക്കുമ്പോൾ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനും റസൂലിനും ഉത്തരം നൽകുക. മനുഷ്യന്നും അവന്റെ മനസ്സിന്നും ഇടയിൽ അല്ലാഹു മറയിടുന്നതാണ് എന്നും അവങ്കലേക്ക് നിങ്ങൾ ഒരുമിച്ചു കൂട്ടപ്പെടുമെന്നും നിങ്ങൾ അറിഞ്ഞുകൊള്ളുക. ” (വി.ക്വു. 8:24)

റസൂൽﷺയെ ഇത്തിബാഅ് ചെയ്യുകയും അദ്ദേഹത്തിന്റെ മാതൃക ഉൾകൊള്ളുകയുമല്ലാതെ, റസൂൽﷺക്ക് ഉത്തരം ചെയ്യാനും റസൂൽﷺയെ അനുസരിക്കാനുള്ള കൽപ്പനകൾ ഉൾകൊള്ളാനും റസൂൽﷺയെ ധിക്കരിച്ചാലുണ്ടാകുന്ന ഇഹത്തിലേയും പരത്തിലേയും ശക്തമായ മുന്നറിയിപ്പുകളിൽ നിന്ന് വിട്ടുനിൽക്കാനും യാതൊരു മാർഗ്ഗവുമില്ല.

## ഏഴ്) ഇത്തിബാഅ് സത്യവിശ്വാസികളുടെ അനുപേക്ഷണീയ ഗുണമാണ്.

പ്രസ്തുതഗുണം സത്യവിശ്വാസികൾക്കുണ്ടാകുമെന്നറിയിച്ച് അല്ലാഹു ﷻ പറയുന്നു :

﴿ إِنَّمَا كَانَ قَوْلَ ٱلْمُؤْمِنِينَ إِذَا دُعُوٓا۟ إِلَى ٱللَّهِ وَرَسُولِهِۦ لِيَحْكُمَ بَيْنَهُمْ أَن يَقُولُوا۟ سَمِعْنَا وَأَطَعْنَا ۚ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ۝ وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ وَيَخْشَ ٱللَّهَ وَيَتَّقْهِ فَأُو۟لَـٰٓئِكَ هُمُ ٱلْفَآئِزُونَ ﴾

"തങ്ങൾക്കിടയിൽ (റസൂൽ) തീർപ്പ് കൽപിക്കുന്നതിനായി അല്ലാഹുവിലേക്കും റസൂലിലേക്കും വിളിക്കപ്പെട്ടാൽ സത്യവിശ്വാസികളുടെ വാക്ക്, 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു' എന്ന് പറയുകമാത്രമായിരിക്കും. അവർ തന്നെയാണ് വിജയികൾ. അല്ലാഹുവേയും റസൂലിനേയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയികൾ. " (വി.ക്വു. 24:51,52)

റസൂൽﷺയെ അനുസരിക്കുന്നതിനോട് വിമുഖത കാണിക്കുകയും അദ്ദേഹത്തിൻെറ വിധിയിൽ തൃപ്തിപ്പെടാതിരിക്കുകയും ചെയ്യുന്നവരിൽ ഈമാനിനെതന്നെ നിഷേധിക്കുകയാണ് അല്ലാഹു ഇവിടെ.

ഇനിയും അല്ലാഹു ﷻ പറയുന്നു:

﴿ فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا۟ فِىٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا۟ تَسْلِيمًا ﴾

"ഇല്ല, നിൻെറ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി-

കർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസിയാവുകയില്ല."

## എട്ട്) ഇത്തിബാഅ് തഖ്‌വയുടെ അടയാളമാണ്

നബിﷺയെ ഇത്തിബാഅ് ചെയ്യൽ ഹൃദയത്തിൽ തഖ്‌വയുണ്ട് എന്നതിൻേറയും വിശ്വാസം ബലവത്താണെന്നതിൻേറയും തെളിവും ലക്ഷണവുമാണ്. അല്ലാഹു ﷻ പറഞ്ഞു:

﴿ ذَٰلِكَ وَمَن يُعَظِّمْ شَعَٰٓئِرَ ٱللَّهِ فَإِنَّهَا مِن تَقْوَى ٱلْقُلُوبِ ﴾

"അത് (നിങ്ങൾ ഗ്രഹിക്കുക.) വല്ലവനും അല്ലാഹുവിൻെറ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായുമത് ഹൃദയങ്ങളിലെ ധർമ്മനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ." (വി.ഖു. 22:32)

അല്ലാഹുവിൻെറ ചിഹ്നങ്ങൾ, അവൻെറ കൽപ്പനകളും അവൻെറ ദീനിൽ സ്ഥിരപ്പെട്ട പ്രതീകങ്ങളുമാണ്. അവയിൽ ഏറ്റവും പ്രകടവും ഉന്നതവുമായത് നബിﷺയോടുള്ള അനുസരണവും ദീനിലുള്ള അനുധാവനവുമാണ്.[1]

---

[1] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 3:219- ഉം തഫ്സീറുസ്സഅ്ദി 5:291- ഉം നോക്കുക.

# ഇത്തിബാഇൻെറ മതവിധി

തൻെറ രക്ഷിതാവിൽനിന്ന് പ്രവാചകൻﷺ കൊണ്ടുവന്നതിൽ അദ്ദേഹത്തെ ഇത്തിബാഅ് ചെയ്യലും പ്രവാചകമാതൃക പിൻപറ്റലും ദീനിൽ സ്ഥിരപ്പെട്ടകാര്യമാണ്. ഒരാൾക്കുമേ ആ വിഷയത്തിൽ അജ്ഞത പാടില്ല; കാരണം അത് മതത്തിൽ അനിവാര്യമായും അറിയപ്പെട്ട സംഗതിയാണ്. ആ വിഷയത്തിലുള്ള തെളിവുകളുടെ ആധിക്യവും അടിക്കടിയെന്നോണം അവയുടെ പരാമർശങ്ങളും വെച്ച് നോക്കിയാണ് ഈ വിധി പ്രഖ്യാപനം. പ്രസ്തുതവിഷയത്തിലുള്ള ഏതാനും തെളിവുകൾ:

1. അല്ലാഹു ﷻ പറയുന്നു:

﴿ وَمَآ ءَاتَىٰكُمُ ٱلرَّسُولُ فَخُذُوهُ وَمَا نَهَىٰكُمْ عَنْهُ فَٱنتَهُوا۟ ﴾

നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക.....” (വി.ക്വു. 59:7)

പ്രസ്തുതവചനം വിശദീകരച്ച് ഇമാം ഇബ്നു കഥീർ رحمه الله പറഞ്ഞു: “അദ്ദേഹം എന്തുതന്നെ നിങ്ങളോട് കൽപ്പിക്കട്ടെ, അത് നിങ്ങൾ പ്രാവർത്തികമാക്കുക. എന്തൊന്ന് വിരോധിക്കുന്നുവോ അതിൽനിന്നും വിട്ടുനിൽക്കുക. കാരണം അദ്ദേഹം നല്ലത് മാത്രമേ കൽപ്പിക്കൂ. തിന്മയെ തൊട്ടേ വിരോധിക്കൂ” [1]

[1] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 4:336

ഇമാം ശൗകാനിﷺ പ്രസ്തുത ആയത്ത് *ഫൈഅ്* സ്വത്തിന് (യുദ്ധം കൂടാതെ മുസ്ലിംകൾക്ക് അധീനമാകുന്ന സ്വത്ത്) പ്രത്യേകമായി ഇറങ്ങിയതാണെന്ന് തോന്നിപ്പിക്കുന്ന ചില അഭിപ്രായങ്ങൾ എടുത്ത് ഉദ്ധരിച്ചശേഷം പറയുന്നു: "യഥാർത്ഥത്തിൽ പ്രസ്തുത ആയത്ത് എല്ലാ കാര്യങ്ങൾക്കും പൊതുവിലാണ്. അഥവാ റസൂൽﷺ കൊണ്ടുവന്ന കൽപന, നിരോധം, വാക്ക്, പ്രവർത്തി തുടങ്ങിയവക്കെല്ലാം. അവതരണ പശ്ചാതലകാരണം പ്രത്യേകമാണെങ്കിലും വന്നിറങ്ങിയ വാക്യമറിയിക്കുന്ന വിശാല താൽപര്യമാണ് പരിഗണനീയം. അല്ലാതെ പ്രത്യേകമായ ആ കാരണം മാത്രമല്ല. ശറഇൽ നിന്ന് അദ്ദേഹം നമ്മുടെ അടുക്കലേക്ക് കൊണ്ടുവന്നതെല്ലാം നമുക്കദ്ദേഹം എത്തിക്കുകയും കൈമാറുകയും ചെയ്തു. ഈയൊരു വചനം എത്ര ഫലപ്രദം, അതിലടങ്ങിയിരിക്കുന്ന അറിവുകളെത്രയാണ്."[1]

2. അല്ലാഹുﷻ പറഞ്ഞു :

﴿ فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا فِي أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴾

"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുക

[1] ശൗക്കാനി, ഫത്ഹുൽഖദീർ 5:282

യും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല."

പ്രസ്തുത സൂക്തം വിവരിച്ച് ഇമാം ഇബ്നു കഥീർﷺ പറയുന്നു: "അല്ലാഹു വിശിഷ്ടവും വിശുദ്ധവുമായ തന്റെ സത്തയെ കൊണ്ട് സത്യം ചെയ്ത് പറയുന്നു: മുഴുവൻ കാര്യങ്ങളിലും റസൂലുല്ലാഹിﷺയെ വിധികർത്താവാക്കുന്നതുവരെ ഒരാളും വിശ്വാസിയാവുകയില്ല. അദ്ദേഹം എന്തൊന്ന് വിധിച്ചുവോ അതത്രെ പരസ്യമായും രഹസ്യമായും കീഴൊതുങ്ങൽ നിർബന്ധമായ യാഥാർത്ഥ്യം. അതുകൊണ്ടാണ് അല്ലാഹു പറയുന്നത്,

﴿ثُمَّ لَا يَجِدُوا۟ فِىٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا۟ تَسْلِيمًا﴾

"......നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ (അവർ വിശ്വാസികളാവുകയില്ല)"

അഥവാ നിങ്ങളെ അവർ വിധികർത്താവാക്കിയാൽ അവരുടെ മനസാ അവർ നിങ്ങളെ അനുസരിക്കും. നിങ്ങൾ വിധിച്ചതിൽ യാതൊരു ബുദ്ധിമുട്ടും അവർ തങ്ങളിൽ കാണുകയുമില്ല. വ്യംഗ്യമായും വ്യക്തമായും അവർ ആ വിധിക്ക് കീഴൊതുങ്ങും. മനസാ വാചാ കർമ്മണാ അവർ തങ്ങളെ അതിന് സമർപ്പിക്കുകയും ചെയ്യും; വിസമ്മതമോ, എതിർപ്പോ എതിർവാദമോ ഇല്ലാതെ" [1]

[1] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 1:520

അല്ലാമാ സഅ്ദീ ﵀ പറയുന്നു.: പിന്നീട് അല്ലാഹു ﷻ തന്റെ ഉന്നതസത്തകൊണ്ട് സത്യം ചെയ്തു പറഞ്ഞു: നിശ്ചയം അവർ അവന്റെ റസൂൽ ﷺ യെ വിധികർത്താ വാക്കുന്നതുവരെ അവർ വിശ്വാസിയാവുകയില്ല.

﴿ فِيمَا شَجَرَ بَيْنَهُمْ ﴾

“തങ്ങൾക്കിടയിൽ ഭിന്നതയുണ്ടാക്കുന്ന കാര്യങ്ങളിൽ“ അഥവാ അഭിപ്രായവ്യത്യാസമുണ്ടാകുന്ന എല്ലാകാര്യങ്ങളിലും.[1]

3- അല്ലാഹു ﷻ പറഞ്ഞു :

﴿ فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴾

“….ആകയാൽ അദ്ദേഹത്തിന്റെ കല്പനക്ക് എതിർ പ്രവർത്തിക്കുന്നവർ തങ്ങൾക്ക് വല്ല ആപത്തും വന്ന് ഭവി-ക്കുകയോ, വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യു ന്നത് സൂക്ഷിച്ചു കൊള്ളട്ടെ” (വി.ക്വു. 24:63)

ഇമാം ഇബ്നു കഥീർ ﵀ പറയുന്നു:

﴿ فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ ﴾

“…ആകയാൽ അദ്ദേഹത്തിന്റെ കല്പനക്ക് എതിർ പ്രവർത്തിക്കുന്നവർ സൂക്ഷിച്ചുകൊള്ളട്ടെ..” എന്ന വാക്കിലെ അദ്ദേഹത്തിന്റെ കൽപനക്ക്’ എന്നാൽ റസൂൽ ﷺ യുടെ കൽ

[1] തഫ്സീറുസ്സഅ്ദി 2:93

പനയാണ് അർത്ഥമാക്കുന്നത്. അത് റസൂൽﷺയുടെ മാർഗ്ഗവും വഴിയും ത്വരീഖത്തും സുന്നത്തും ശരീഅത്തുമാകുന്നു. ലോകരുടെ വാക്കുകളും പ്രവർത്തികളും പ്രവാചകൻെറ വാക്കുകളും പ്രവർത്തികളുമായി തൂക്കി നോക്കപ്പെടണം. പ്രവാചകൻ ﷺയോട് ഒത്തത് സ്വീകരിക്കപ്പെടും എതിരായാലോ അത് പറഞ്ഞവനിലേക്കും ചെയ്തവനിലേക്കും തള്ളപ്പെടും, അവർ ആരാകട്ടെ" [1]

4- ഇർബാദ് ഇബ്നു സാരിയാؓവിൽനിന്ന് നിവേദനം:

﴿ أَنَّ رَسُولُ اللهِ ﷺ وَعَظَ النَّاسَ ، فَقَالُوا : يَا رَسُولَ اللهِ ، إِنَّ هَذِهِ لَمَوْعِظَةُ مُوَدِّعٍ ، فَمَاذَا تعهد عَلَيْنَا ؟ قَالَ : قَدْ تَرَكْتُكُمْ عَلَى الْبَيْضَاءَ ، لَيْلُهَا كَنَهَارِهَا ، لاَ يَزِيغُ عَنْهَا بَعْدِي إِلاَّ هَالِكٌ ﴾

((നിശ്ചയം അല്ലാഹുവിൻെറ റസൂൽﷺ ജനങ്ങളെ ഉപദേശിച്ചു. അവർ പറഞ്ഞു: അല്ലാഹുവിൻെറ ദൂതരേ, ഒരു വിട വാങ്ങുന്നവൻെറ ഉപദേശമാണല്ലോ ഇത്. നിങ്ങൾ ഞങ്ങളോട് എന്താണ് അനുശാസിക്കുന്നത്? അദ്ദേഹം പറഞ്ഞു: ഞാൻ നിങ്ങളെ വെളുത്ത് തെളിഞ്ഞ ഒരു പ്രതലത്തിലാണ് വിട്ടേക്കുന്നത്; അതിൻെറ രാവും പകലും ഒരു പോലെയാണ്. എൻെറ കാലശേഷം അതിൽനിന്ന് നാശകാരിയല്ലാതെ തെറ്റുകയില്ല)) [2]

---

[1] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 3:307

[2] അൽബാനി, സ്വഹിഹ് ഇബ്നുമാജ 1:13

5- അബ്ദുല്ലാഹിബ്നു അംറ്﵄വിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

﴿ فَمَنْ رَغِبَ عَنْ سُنَّتِي فَلَيْسَ مِنِّي ﴾

((ആരെങ്കിലും എന്റെ സുന്നത്തിനോട് വിമുഖനായോ അവൻ എന്നിൽ പെട്ടവനല്ല.))[1] പ്രസ്തുത ഹദീഥിനെ വിശദീകരിച്ച് ഇമാം ഇബ്നു ഹജർ﵀ പറഞ്ഞു: "ഹദീസിൽ സുന്നത്ത്കൊണ്ടുള്ള വിവക്ഷ, മാർഗ്ഗം എന്നാണ് അല്ലാതെ ഫർദിന് അഭിമുഖമായി (ചെയ്താൽ കൂലിയുള്ളതും ഉപേക്ഷിച്ചാൽ കുറ്റമില്ലാത്തതും എന്ന വിവക്ഷയുള്ള) സുന്നത്തല്ല. ഒരു വസ്തുവോട് വിമുഖനാകുകയെന്നാൽ അതിൽനിന്ന് വേറൊന്നിലേക്ക് തിരിയുകയെന്നാണ്. എന്റെ മാർഗ്ഗം ആര് ഉപേക്ഷിക്കുകയും എന്റേതല്ലാത്തവരുടെ മാർഗ്ഗം സ്വീകരിക്കുകയും ചെയ്തോ അവൻ എന്നിൽ പെട്ടവനല്ല എന്നതാണ് ഹദീഥിന്റെ ഉദ്ദേശം."[2]

## ഇത്തിബാഉം ജനങ്ങളും

പ്രവാചകൻﷺയെ അനുധാവനം ചെയ്യുന്ന വിഷയത്തിൽ ആളുകളുടെ അവസ്ഥ ഭിന്നമാണ്. ഒരാളും നാലാലൊരു അവസ്ഥയിൽ നിന്ന് മുക്തമല്ല.

1- കൽപനകൾ ശിരസ്സാവഹിച്ച് പ്രവർത്തിക്കുകയും, വിലക്കുകളിൽനിന്ന് വിട്ട് നിൽക്കുകയും ചെയ്യുന്നവർ. മതചിട്ടയുള്ളവരിലെ പരിപൂർണതയും മുത്തഖീങ്ങളുടെ ഉത്കൃഷ്ട വിശേ

[1] ബുഖാരി: 5063
[2] അസ്ഖലാനി, ഫത്ഹുൽബാരി 9:7

ഷണവും ഇവരുടേതത്രെ; പ്രവർത്തിക്കുന്നവർക്കുള്ള പ്രതിഫലവും, അനുസരിക്കുന്നവർക്കുള്ള കൂലിയും അർഹിക്കുന്നവർ ഇവരാണ്.

2- കൽപ്പനകൾ പ്രാവർത്തികമാക്കാതിരിക്കുകയും നിഷിദ്ധങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർ. മുകല്ലഫീങ്ങളുടെ (നിയമബദ്ധർ) അവസ്ഥകളിൽ ഏറ്റവും നികൃഷ്ടവും, അടിയാറുകളുടെ വിശേഷണങ്ങളിൽ ഏറ്റവും ചീത്തയും ഇവരുടേതാണ്. നിഷിദ്ധങ്ങൾ പ്രവർത്തിക്കാൻ മുന്നിട്ടിറങ്ങുന്നവരും കൽപ്പിക്കപ്പെട്ട പുണ്യകർമ്മങ്ങൾ പ്രാവർത്തികമാക്കുന്നതിൽ നിന്ന് അമാന്തം കാണിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ അർഹിക്കുന്നവരാണ് ഇവർ.

ഇബ്നു ശുബ്റുമ ﵁ പറഞ്ഞു: "രോഗം ഭയന്ന് നല്ല വസ്തുക്കൾ തിന്നുന്നതിൽനിന്ന് തടികാക്കുന്നവർ നരകത്തെ പേടിച്ച് തെറ്റുകളിൽനിന്ന് എങ്ങിനെ തങ്ങളുടെ തടി കാക്കാതിരിക്കും; ഞാൻ അത്ഭുതം കൂറുന്നു"

3- കൽപ്പനകൾ പ്രവർത്തിക്കുന്നതോടെപ്പം നിഷിദ്ധങ്ങൾ ചെയ്യുന്നവർ. പവിത്രത കൽപ്പിക്കപ്പെട്ടവ ചീന്തിയെറിയാനും അതിർവരമ്പുകൾ ചാടിക്കടക്കാനും ഒരുമ്പെടുന്നവർക്കുള്ള ശിക്ഷ അവർ അർഹിക്കുന്നു. കാരണം, ദേഹേച്ഛ അവനെ അതിജയിച്ചതിനാൽ പാപത്തിലേക്ക് മുന്നിട്ട് അവൻ ദുർഘടത്തിൽ ചാടി; പുണ്യകർമ്മങ്ങൾ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നതിൽ നിന്ന് അവൻ രക്ഷപ്പെട്ടുവെങ്കിലും.

4- കൽപ്പനകൾ പ്രാവർത്തികമാക്കാതിരിക്കുകയും നിഷിദ്ധങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യുന്നവർ. ഇക്കൂട്ടർ കൽപന

കൾ കയ്യൊഴിച്ചതിൻെറ ശിക്ഷയർഹിക്കുന്നവരും പുണ്യ ങ്ങളിൽ അശ്രദ്ധയിലായതിൻെറ കുറ്റം പേറുന്നവരുമത്രെ. [1]

# ഇത്തിബാഇൻെറ പ്രകടരൂപങ്ങൾ

പ്രവാചകൻﷺയെ ഇത്തിബാഅ് ചെയ്യുന്നതിന് ധാരാളം ഉപരിപ്ളവ രൂപങ്ങളുണ്ട്. അവയിൽ പ്രധാനവും പ്രകടവുമാ യത്:-

## ഒന്ന്) ശറഈപ്രമാണങ്ങളെ ആദരിക്കൽ.

ഇത്തിബാഇൻെറ ബാഹ്യരൂപങ്ങളിൽ ഏറ്റവും പ്രകട വും അതിൻെറ നിദർശനവുമാണ് സ്ഥിരപ്പെട്ടുവന്ന ശറഇ ൻെറ പ്രമാണങ്ങൾ ആദരിക്കൽ. അഥവാ അവയെ കണക്കാ ക്കേണ്ട വിധം കണക്കാക്കുക, മഹത്വപ്പെടുത്തുക, അവക്ക് പ്രാമുഖ്യം കൽപ്പിക്കുക, അവയെ കയ്യൊഴിക്കാതിരിക്കുക, അവയിലാണ് സന്മാർഗ്ഗമെന്നും അവയല്ലാത്തവയിൽ മാർഗ്ഗ വും വഴിയുമില്ലെന്നും വിശ്വസിക്കുക, അവ പഠിക്കുക, ഗ്രഹി- ക്കുക, മനനം നടത്തുക, പ്രാവർത്തികമാക്കുക, അവയി ലേക്ക് വിധിതേടുക, അതിനോട് എതിരിടാതിരിക്കുക എന്നി ങ്ങനെയാണ് പ്രസ്തുത ആദരിക്കൽ. സ്വഹാബികൾ, താബി ഉകൾ, അവരെ പിൻതുടർന്ന സച്ചരിതരായ പിൻമുറക്കാർ, തുടങ്ങിയ ഇത്തിബാഇൻെറ നേതാക്കളുടെയും പ്രമുഖരുടേ യും ആദരവിൻെറ മാർഗ്ഗം ഇതായിരുന്നു.

---

[1] മാവർദി, അദബുദ്ദുൻയാ വദ്ദീൻ 103-105, നദ്റത്തുന്നഈം 7:2673

" فَقَدْ رَأَى عَبْدُ اللهِ بنُ مُغَفَّلٍ رَجُلاً مِنْ أَصْحَابِهِ يَخْذِفُ ، فَقَالَ : لاَ تَخْذِفْ ، فَإِنَّ رَسُولَ اللهِ ﷺ كَانَ يَنْهَى عَنِ الْخَذْفِ ، وَكَانَ يَكْرَهُهُ ، ثُـــمَّ رَآهُ بَعْدَ ذَلِكَ يَخْـــذِفُ ، فَقَالَ لَهُ : أَلَمْ أُخْبِـــرُكَ أَنَّ رَسُولَ اللهِ ﷺ كَانَ يَنْهَى عَنْهُ ؟ ثُمَّ أَرَاكَ تَخْذِفُ ؟ وَ اللهِ لاَ أُكَلِّمُـــكَ أَبَداً"

അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ رضي الله عنه തന്റെ അനുചരന്മാരിൽ ഒരാൾ ഖദ്ഫായി (വിരൽമുടിച്ച് ചെറിയ കല്ലു കൊണ്ടുള്ള അലക്ഷ്യമായുള്ള ഏറ്) എറിയുന്നത് കണ്ടു. അദ്ദേഹം എറിയുന്നയാളോട് പറഞ്ഞു: "നിങ്ങൾ ഇങ്ങനെ എറിയരുത്. കാരണം അല്ലാഹുവിന്റെ റസൂൽ ﷺ ഇപ്രകാരം എറിയുന്നത് നിരോധിച്ചിട്ടുണ്ട്. അദ്ദേഹം അത് വെറുത്തിരുന്നു. വീണ്ടും അയാൾ അപ്രകാരം എറിയുന്നത് അബ്ദുല്ല رضي الله عنه കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ അത് വിരോധിച്ചെന്ന് ഞാൻ നിങ്ങളോട് പറഞ്ഞില്ലേ? എന്നിട്ടും താങ്കൾ എറിയുന്നോ? അല്ലാഹുവാണെ ഒരിക്കലും ഞാൻ നിങ്ങളോട് സംസാരിക്കില്ല."[1]

ഖർറാശ് ബ്നു ജുബൈർ رضي الله عنه പറയുന്നു:

" رَأَيْتُ فِي الْمَسْجِدِ فَتًى يَخْذِفُ ، فَقَالَ لَهُ شَيْخٌ: لاَ تَخْذِفْ؛ فَإِنِّي سَمِعْتُ رَسُولَ اللهِ ﷺ نَهَى عَنِ الْخَذْفِ ، فَغَفَلَ الْفَتَى فَظَنَّ أَنَّ الشَّيْخَ لاَ يَفْطِنُ لَهُ ، فَخَذَفَ ، فَقَالَ لَهُ الشَّيْخُ : أُحَدِّثُكَ أَنِّي سَمِعْتُ رَسُولَ اللهِ

[1] മുസ്ലിം:1954, സുനനുദ്ദാരിമി 1:124

ﷺ يَنْهَى عَنِ الْخَذْف ثُمَّ تَخْذِفُ ؟ واللهِ لاَ أَشْهَدُ لَكَ جَنَازَةً ، وَلاَ أَعُودُكَ فِي مَرَضٍ ، وَلاَ أُكَلِّمُكَ أَبَدًا "

"പള്ളിയിൽ ഒരു യുവാവ് വിരൽതുമ്പിൽ കല്ല് വെച്ച് മുടിച്ചെറിയുന്ന രംഗം ഞാൻ കണ്ടു. അപ്പോൾ ആ യുവാവിനോട് ഒരു വൃദ്ധൻ പറഞ്ഞു: നിങ്ങൾ അങ്ങനെ എറിയരുത്; കാരണം ഞാൻ അല്ലാഹുവിൻെറ റസൂൽﷺ അങ്ങനെ എറിയുന്നത് വിരോധിക്കുന്നതായി കേട്ടിട്ടുണ്ട്. പിന്നീട് ഈ യുവാവ് കാര്യം ഗൗരവത്തിലെടുക്കാതെ ശൈഖ് തന്നെ ശ്രദ്ധിക്കുന്നില്ലെന്ന് ധരിച്ച് വീണ്ടും ഏറിഞ്ഞു. അപ്പോൾ ശൈഖ് പറഞ്ഞു: ഞാൻ നിന്നോട് അല്ലാഹുവിൻെറ റസൂൽﷺ ഖദ്ഫ് (വിരൽ മൂടിച്ച് ചെറിയകല്ലു കൊണ്ടുള്ള അലക്ഷ്യമായുള്ള ഏറ്) നിരോധിച്ചതായി ഞാൻ കേട്ടിട്ടുണ്ട് എന്ന് പറഞ്ഞിട്ടും നീ ഏറ് തുടരുകയോ അല്ലാഹുവാണെ..... നിൻെറ മയ്യിത്ത് സംസ്കരണ ചടങ്ങിൽ ഞാൻ പങ്കെടുക്കില്ല. നീ രോഗിയായി കിടന്നാൽ നിന്നെ സന്ദർശിക്കില്ല. നിന്നോട് ഞാനൊരിക്കലും സംസാരിക്കുകയുമില്ല."[1]

ഇബ്നു ഉമർ رضي الله عنه ഹദീസ് പഠിപ്പിക്കവേ പറഞ്ഞു: അല്ലാഹുവിൻെറ റസൂൽﷺ പറഞ്ഞിരിക്കുന്നു:

"إِذَا اسْتَأْذَنَتْ أَحَدَكُمْ امْرَأَتُهُ إِلَى الْمَسْجِد فَلاَيَمْنَعْهَا" فَقَالَ أَحَدُ بَنِيه: إِذَنْ وَاللهِ أَمْنَعُهَا، فَأَقْبَلَ عَلَيْهِ ابْنُ عُمَرَ فَشَتَمَهُ شَتِيمَةً لَمْ يَشْتُمْهَا أَحَدًا قَبْلَهُ قَطُّ، ثُمَّ قَالَ: أُحَدِّثُ عَنْ رَسُلِ اللهِﷺ وَتَقُولُ: إِذنْ وَ اللهِ أَمْنَعُهَا !"

---

[1] സുനനുദ്ദാരിമി 1:127

((നിങ്ങളുടെ ഭാര്യമാർ നിങ്ങളോട് പള്ളിയിലേക്ക് പോകാൻ അനുവാദം ചോദിച്ചാൽ അയാൾ അവളെ തടുക്കരുത്.)) അദ്ദേഹത്തിൻെറ മക്കളിലൊരാൾ പറഞ്ഞു: അല്ലാഹുവാണെ, ഞാൻ അവളെ തടയും. ഇബ്നു ഉമർﷺ ആ മകൻെറ അടുക്കലേക്ക് ചെന്നുകൊണ്ട് മുമ്പ് മറ്റൊരാളേയും അതിക്ഷേപിക്കാത്ത വിധത്തിൽ അയാളെ ആക്ഷേപിച്ചു. തുടർന്ന് പറഞ്ഞു: "അല്ലാഹുവിൻെറ റസൂൽﷺ പറഞ്ഞുവെന്ന് ഞാൻ നിങ്ങളോട് പറയുകയും, നീ, അല്ലാഹുവാണെ ഞാൻ തടയുമെന്ന് പറയുകയുമാണോ? "[1]

അബൂഹുറയ്റﷺ പറയുന്നു:

"حَرَّمَ رَسُولُ اللهِﷺ مَا بَيْنَ لاَبَتَيْهَا، قَالَ: يُرِيدُ الْمَدِينَةَ. قَالَ: فَلَوْ وَجَدْتُ الظِّبَاءَ سَاكِنَةً مَا ذَعَرْتُهَا"

നബിﷺ വിശുദ്ധ മദീനയിലെ രണ്ട് ലാബകൾക്കിടയിലുള്ള സ്ഥലം[2] ഹറാമാണെന്ന് പ്രഖ്യാപിച്ചു. അദ്ദേഹം പറയുന്നു: "അതിൽപിന്നെ ഒരു മാൻപേട അടങ്ങി നിൽക്കുന്നത് ഞാൻ കണ്ടാലും അതിനെ വിരട്ടിയോടിക്കാറില്ല."[3]

---

[1] സുനനുദ്ദാരിമി 1:129

[2] കറുത്തകല്ലുകൾ നിരന്ന മൊട്ടക്കുന്നിനാണ് ലാബ എന്ന് പറയുക. മദീനയുടെ കിഴക്കും പടിഞ്ഞാറുമുള്ള ഭൂമി ഇത്തരത്തിലാണ്. ഹർറ ശർഖിയ്യാ എന്നും ഹർറ ഗർബ്ബിയ്യാ എന്നും അവക്ക് പറയപ്പെടും. വിവ:

[3] ബുഖാരി 9944

**ഉബാദതുബ്നു സ്വാമിത്ؓ ഒരിക്കൽ പറഞ്ഞു:**

﴿ أَنَّ النَّبِيَّ ﷺ نَهَى عَنْ دِرْهَمَيْنِ بِدِرْهَمٍ ﴾

**നബിﷺ രണ്ട് ദിർഹമിനെ ഒരു ദിർഹമുമായി കൈമാറ്റ കച്ചവടം നടത്തുന്നത് വിരോധിച്ചിരിക്കുന്നു. (ഒരേ വർഗ്ഗത്തിൽപെട്ട വസ്തുക്കൾ കൈമാറ്റ കച്ചവടം നടത്തുമ്പോൾ തുല്യത്തിന് തുല്യവും കയ്യോട് കയ്യുമായിരിക്കണം)**

فَقَالَ فُلاَنٌ مَا أَرَى بِهَذَا بَأْساً يَداً بِيَد. فَقَالَ عُبَادَةُ: أَقُولُ:"قَالَ النَّبِيُّ ﷺ وَتَقُولُ: لاَ أَرَى بِهِ بَأْساً، وَاللهِ لاَ يَظِلُّنِي وَ إِيَّاكَ سَقْفٌ وَاحِدٌ "

**അപ്പോൾ ഒരാൾ പറഞ്ഞു: കയ്യോട് കയ്യാണെങ്കിൽ ഏറ്റക്കുറച്ചിലിൽ തെറ്റ് ഞാൻ കാണുന്നില്ല. അപ്പോൾ ഉബാദ ؓ പറഞ്ഞു: ഞാൻ പറഞ്ഞു നബിﷺ പറഞ്ഞിരിക്കുന്നു. നിങ്ങൾ പറയുന്നു ഞാനൊരു കുഴപ്പവും കാണുന്നില്ല എന്ന്. അല്ലാഹുവാണെ ഞാനും നിങ്ങളും ഒരു വീട്ടിൽ അന്തിയുറങ്ങുന്ന പ്രശ്നമില്ല."[1]**

**ഇബ്നു അബ്ബാസ്ؓ പറയുന്നു:**

" تَمَتَّعَ النَّبِيُّ ﷺ. فَقَالَ عُرْوَةُ بْنُ الزُّبَيْرِ: نَهَى أَبُو بَكْرٍ وَ عُمَرُ عَـــنِ الْمُتْعَة ، فَقَالَ ابْنُ عَبَّاسٍ: أَرَاهُمْ سَيَهْلِكُونَ، أَقُولُ: قَالَ النَّبِـــيُّ ﷺ وَيَقُولُونَ: نَهَى أَبُو بَكْرٍ وَ عُمَرُ "

---

[1] **സുനനുദ്ദാരിമി 1:129**

നബി ﷺ തമത്തുആയ [1] ഹജ്ജാണ് ചെയ്തത് ഇത് കേട്ട ഉർവ്വത്ത് ഇബ്നുസുബൈർ ﵁ പറഞ്ഞു: അബൂബക്കറും ഉമറും തമത്തുആയ ഹജ്ജ് വിരോധിച്ചു. അപ്പോൾ ഇബ്നു അബ്ബാസ് ﵁ പറഞ്ഞു: ജനങ്ങൾ നശിക്കുന്നതായി ഞാൻ കാണുന്നു. ഞാൻ, നബി ﷺ പറഞ്ഞു എന്ന് പറയുന്നു. അവർ പറയുന്നു; അബൂബക്കറും ഉമറും തടഞ്ഞെന്ന് ? [2]

ഇമാം ഇബ്നു സീരീൻ ﵀ പറയുന്നു: അദ്ദേഹം ഒരാളോട് നബി ﷺ യിൽനിന്നുള്ള ഒരു ഹദീഥ് പറയുകയായിരുന്നു. അപരൻ പറഞ്ഞു: ഇന്നിന്ന ആളുകൾ വേറെയും പറഞ്ഞിട്ടുണ്ടല്ലോ? അപ്പോൾ ഇബ്നുസീരീൻ ﵀ പറഞ്ഞു: നബി ﷺ യിൽ നിന്നുള്ള ഹദീസുകൾ ഞാൻ നിങ്ങളോട് പറയുന്നു. താങ്കൾ മാലോകർ ഇന്നിന്നതൊക്കെ പറയുന്നു എന്ന് പറയുകയോ? അല്ലാഹുവാണെ, താങ്കളോട് മേലിൽ ഞാൻ സംസാരിക്കില്ല. ഒരിക്കലും. "[3]

ഇമാം ശഅ്ബി ﵀ ഒരാളോട് പറഞ്ഞു: "ആളുകൾ അല്ലാഹുവിൻെറ റസൂൽ ﷺ യിൽ നിന്നുള്ള ഹദീസുകൾ നിങ്ങളോട് പറഞ്ഞാൽ നിങ്ങളത് സ്വീകരിക്കുക. അവരുടെ അഭി

---

1 ഹജ്ജ് മാസങ്ങളിൽ (ശവ്വാൽ, ദുൽഖഅദ, ദുൽഹിജ്ജ മാസത്തിലെ ആദ്യത്തെ 10 ദിവസങ്ങൾ) ഉംറക്ക് ഇഹ്റാമിൽ പ്രവേശിക്കുകയും, ഹാജി ഉംറയിൽനിന്ന് വിരമിക്കുകയും പിന്നീട് താൻ ഉംറ നിർവ്വഹിച്ച അതേ വർഷം തന്നെ മക്കയിൽ നിന്നോ സമീപപ്രദേശങ്ങളിൽ നിന്നോ ഹജ്ജിന് ഇഹ്റാമിൽ പ്രവേശിച്ച് ഹജ്ജ് കർമ്മങ്ങൾ നിർവ്വഹിക്കുന്നതിനാണ് തമത്തുആയ ഹജ്ജ് എന്ന് പറയുന്നത്. (വിവ:)

2 ജാമിഉ ബയാനുൽ ഇൽമി വഫദ്ലിഹി 2:1210

3 സുനനുദ്ദാരിമി 1:124

പ്രായമാണ് താങ്കളോട് അവർ പറയുന്നതെങ്കിൽ അവ നിങ്ങൾ കുപ്പയിലേക്കെറിയുക." [1]

## രണ്ട്) വ്യതിയാനക്കുരുക്കിൽ അകപ്പെടുമെന്ന ഭയം.

ഇത്തിബാഇൻെറ മറ്റൊരു അടയാളവും ബാഹ്യരൂപവുമാണ് ഒരു അടിമ താൻ വ്യതിചലിക്കുന്നുവെന്നും തെറ്റിലകപ്പെടുന്നുവെന്നും ഭയക്കലും, താൻ പടിപടിയായി പാപക്കുരുക്കിൽ വീഴുന്നുവെന്നും താൻ മുഹമ്മദ് നബിﷺ കൊണ്ടുവന്ന സത്യത്തിൽ ഉറച്ചു നിൽക്കുന്നില്ലാ എന്ന് പേടിക്കലും. സ്വഹാബികളിലും താബിഇകളിലും ഇത്തരമൊരു ഭയപ്പാട് നന്നേ പ്രകടമായിരുന്നു. പ്രസ്തുതകാര്യം ചിത്രീകരിച്ച് ഇബ്നുമസ്ഊദ് ؓ പറയുന്നു:

"إِنَّ الْمُؤْمِنَ يَرَى ذُنُوبَهُ كَأَنَّهُ قَاعِدٌ تَحْتَ جَبَلٍ يَخَافُ أَنْ يَقَعَ عَلَيْهِ، وَإِنَّ الْفَاجِرَ يَرَى ذُنُوبَهُ كَذُبَابٍ مَرَّ عَلَى أَنْفِهِ فَقَالَ بِهِ هَكَذَا "

“ഒരുവിശ്വാസി തൻെറ പാപങ്ങളെ കാണുന്നത് ഞാനൊരു മലക്ക് താഴെ ഇരിക്കുകയും ആ മല തൻെറ തലയിൽ വീഴുമോ എന്ന് ഭയപ്പെടുകയും ചെയ്യുന്ന രീതിയിലാണ്. തെമ്മാടിയാകട്ടെ തൻെറ പാപങ്ങളെ കാണുന്നത് മൂക്കിന് മുന്നിലൂടെ പാറി പോകുന്ന ഈച്ചയെപ്പോലെയും. ഈച്ചയെ ആട്ടുന്ന ലാഘവത്തിൽ അതെന്ത് പാപം എന്നതായിരിക്കും അവൻെറ മനസ്സിലിരിപ്പ്” [2]

---

[1] സുനനുദ്ദാരിമി 1:72

[2] ബുഖാരി 6308

ഇമാം ഹസനുൽ ബസ്വരിﷺ പറയുന്നു: വിശ്വാസി പു-ണ്യകർമ്മങ്ങൾ ചെയ്യുന്നത് പേടിച്ചരണ്ട്, ഹൃദയം പിടച്ച് ഭയ ചകിതനായിക്കൊണ്ടായിരിക്കും. തെമ്മടിയാകട്ടെ പാപങ്ങൾ പ്രവർത്തിക്കുന്നത് നിർഭയനായിക്കൊണ്ടുമായിരിക്കും[1]

ഇമാം ബുഖാരിﷺ പറയുന്നു: ഇബ്റാഹീമുത്തൈമിﷺ പറഞ്ഞു: "എൻെറ വാക്കിനെ പ്രവർത്തിയുമായി മാറ്റുരച്ച് നോക്കുമ്പോഴെല്ലാം ഞാൻ കളവാക്കുന്നവനാണോ എന്ന് ഭ-യപ്പെടാതിരുന്നില്ല" ഇബ്നു അബീ മുലയ്ക്കﷺ പറയുന്നു: "നബിﷺയുടെ സ്വഹാബികളിൽ മുപ്പത് പേരെ ഞാൻ കണ്ടി ട്ടുണ്ട് എല്ലാവരും സ്വന്തത്തിൽ കാപട്യം ഭയന്നിരുന്നു. താൻ ജിബ്രീലിൻേറയും മീക്കായീലിൻേറയും വിശ്വാസനിലവാര ത്തിലാണെന്ന് അവരാരും പറയുമായിരുന്നില്ല"

ഹസനുൽ ബസ്വരിﷺ പറയുന്നു: "കാപട്യത്തെ വിശ്വാ സിയല്ലാതെ ഭയന്നിട്ടില്ല. കപടനല്ലാതെ അതിനെത്തൊട്ട് നിർഭയനായിട്ടുമില്ല." [2]

മാത്രമോ, ഈ സമുദായത്തിലെ ഉത്കൃഷ്ടൻ അബൂ ബക്കർﷺവിൻെറ വാക്ക് നോക്കുക:

" لَسْتُ تَارِكاً شَيْئاً كَانَ رَسُولُ اللهِﷺ يَعْمَلُ بِهِ إِلاَّ عَمِلْتُ بِهِ، وَإِنِّي لأَخْشَى إِنْ تَرَكْتُ شَيْئاً مِنْ أَمْرِهِ أَنْ أَزِيغَ "

"അല്ലാഹുവിൻെറ റസൂൽ ﷺ പ്രവർത്തിച്ച ഒന്നുമേയില്ല; ഞാൻ അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരാതെ. അദ്ദേഹം

---

[1] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽ അദീം 2:235
[2] അസ്ഖലാനി, ഫത്ഹുൽബാരി 1:135

ചെയ്ത വല്ല കാര്യവും ഞാൻ കയ്യൊഴിക്കുന്നുവെങ്കിൽ ഞാൻ വഴി തെറ്റുമെന്ന് നിശ്ചയം ഞാൻ ഭയപ്പെടുന്നു." അബൂ ബക്കർﷺവിൻെറ ഉപരിസൂചിതവാക്യത്തിന് അനുബന്ധക്കുറിപ്പെന്നോണം ഇമാം ഇബ്നു ബത്ത്വﷺ പറഞ്ഞു: സഹോദരരേ, ഇതാ അബൂബക്കർ എന്ന സിദ്ദീഖുൽ അക്ബർ, തൻെറ പ്രവാചകൻെറ വല്ല കാര്യത്തിന്നും താൻ എതിരായാൽ വഴി പിഴക്കുമോ എന്നദ്ദേഹം ഭയപ്പെടുന്നു. എങ്കിൽ വരാനിരിക്കുന്ന ഒരു കാലത്തിൻെറ ഗതിയെന്തായിരിക്കും, ആ കാലഘട്ടക്കാർ തങ്ങളുടെ നബിയേയും അദ്ദേഹത്തിൻെറ കൽപ്പനകളേയും പരിഹസിക്കുന്നു, അദ്ദേഹത്തോട് എതിരാവാൻ അവർ മത്സരിക്കുന്നു, അദ്ദേഹത്തിൻെറ ചര്യകളെ അവർ പുച്ഛരിക്കുകയും ചെയ്യുന്നു? അല്ലാഹുവേ, വഴിപിഴവുകളിൽനിന്ന് നീ ഞങ്ങളെ കാക്കണേ...... തെറ്റ് ചെയ്യുന്നതിൽനിന്ന് നീ ഞങ്ങൾക്ക് രക്ഷ നൽകണേ...,[1]

## മൂന്ന്) പ്രത്യക്ഷത്തിലും പരോക്ഷത്തിലും നബിﷺ യെ അനുധാവനം ചെയ്യലും മാതൃകയാക്കലും.

ഒരാൾ പ്രവാചകൻﷺയെ അനുധാവനം ചെയ്യുകയും അദ്ദേഹത്തെ ഏറ്റുപിടിക്കുകയും അദ്ദേഹത്തിൽനിന്ന് സ്വീകരിക്കുകയും അദ്ദേഹം കൊണ്ടുവന്നതുകൊണ്ട് പ്രവർത്തിക്കുകയും ചെയ്തുകൊണ്ടാണ് പ്രസ്തുത മാതൃകയാക്കൽ സാധ്യമാക്കേണ്ടത്.

അല്ലാഹുﷻ പറഞ്ഞു:

---

[1] ബുഖാരി 3093, ഇബ്നു ബത്ത്വ,, അൽഇബാന 1:254

﴿ لَّقَدۡ كَانَ لَكُمۡ فِي رَسُولِ ٱللَّهِ أُسۡوَةٌ حَسَنَةٌ لِّمَن كَانَ يَرۡجُواْ ٱللَّهَ وَٱلۡيَوۡمَ ٱلۡأٓخِرَ وَذَكَرَ ٱللَّهَ كَثِيرٗا ﴾

"തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമ്മിക്കുകയും ചെയ്തുവരുന്നവർക്ക്." (വി. ക്വു. 33:21)

വിശ്വാസം, ആരാധന, ക്രയവിക്രയം, സ്വഭാവം, മര്യാദ, സാമൂഹികം, സാമ്പത്തികം, രാഷ്ട്രീയം തുടങ്ങി എല്ലാ കാര്യങ്ങളും നബിﷺ പഠിപ്പിച്ച മാർഗ്ഗേണ മാത്രം. വിശുദ്ധ ക്വുർആനും തിരുസുന്നത്തും വരച്ചുകാണിച്ച അധ്യാപനങ്ങൾക്കും വിധികൾക്കും അനുസൃതമായിമാത്രം. പ്രസ്തുത കാര്യങ്ങളിലെല്ലാം ശരീഅത്തിനായിരിക്കണം മേൽക്കോയ്മ; നേതൃത്വവും.

അല്ലാഹു سُبْحَانَهُ وَتَعَالَى പറഞ്ഞു:

﴿ ٱلنَّبِيُّ أَوۡلَىٰ بِٱلۡمُؤۡمِنِينَ مِنۡ أَنفُسِهِمۡ ﴾

"പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളേക്കാളും അടുത്ത ആളാകുന്നു" (വി.ക്വു. 33:7)

പ്രസ്തുത വിശുദ്ധവചനത്തെ പുരസ്ക്കരിച്ച് സംസാരിക്കവെ ഇമാം ഇബ്നുൽഖയ്യിം رَحِمَهُ ٱللَّٰهُ പറയുന്നു: "റസൂൽﷺ ഏതൊരാൾക്ക് സ്വശരീരത്തെക്കാൾ അടുത്തവനും കടപ്പെട്ടവനുമല്ലയോ, അവൻ വിശ്വാസികളിൽപ്പെട്ടവനല്ല എന്നതിന് ഈ വചനത്തിൽ തെളിവുണ്ട്. ഈ ഔലവിയ്യത്ത്(പ്രാഥമികത്വം) പല

കാര്യങ്ങളെ ഉൾകൊള്ളുന്നു. അതിലൊന്ന് ഒരു അടിമക്ക് ആധികാരികമായി സ്വശരീരത്തിൽ പോലും ഒരു വിധി നടത്താൻ പാടില്ല പ്രത്യുത റസൂൽﷺയുടെ വിധിയായിരിക്കണം അവൻ നടത്തേണ്ടത്. പ്രവാചകവിധിയാകട്ടെ ഒരു യജമാനൻ തൻെറ അടിമയുടെ മേലോ പിതാവ് പുത്രൻെറ മേലോ വിധി നടപ്പാക്കുന്നതിനേക്കാൾ മഹത്തരമായി അവൻ നടപ്പാക്കണം. ഒരാൾക്ക് തൻെറ ശരീരത്തിൽ യാതൊരു കൈകാര്യവുമില്ല ആ ശരീരത്തോട് ഏറ്റവും അർഹനായ റസൂൽﷺ ചെയ്ത കൈകാര്യങ്ങളല്ലാതെ. "[1]

## നാല്) മതത്തെ വിധികർത്താവാക്കുക, അതിലേക്ക് വിധിതേടുക.

അല്ലാഹുവിൻെറ റസൂൽﷺ വിശുദ്ധക്വുർആനിലും തിരുസുന്നത്തിലും എന്തൊന്ന് കൊണ്ടുവന്നുവോ അത് വിധിയായി നടപ്പിലാക്കുകയും അവരണ്ടിലേക്കും വിധി തേടിപോകുകയും ചെയ്യുമ്പോഴാണ് മതത്തെ വിധി കർത്താവാക്കുക, അതിലേക്ക് വിധിതേടി പോകുകയെന്നത് സാധ്യമാകുക. മതത്തെ ഒരു തുലാസിലാക്കി വിശ്വാസകാര്യങ്ങൾ, വാക്കുകൾ, പ്രവർത്തികൾ, ഉപേക്ഷകൾ എല്ലാം പ്രസ്തുത തുലാസിലൂടെ തൂക്കിക്കണക്കാക്കണം. എന്നിട്ട് മതത്തോട് യോജിച്ചത് സ്വീകരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും വേണം. മതത്തോട് എതിരാവുന്നത് തള്ളണം; അത് കൊണ്ടുവന്നത് ആരായാലും ശരി.

അല്ലാഹു ﷻ പറയുന്നു:

---

[1] ബദാഇഉത്തഫ്സീരിൽ ജാമിഅ് 3:422

﴿ فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ﴾

"ഇല്ല, നിൻെറ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുന്നതുവരെ അവർ വിശ്വാസിയാവുക യില്ല" (വി.ക്വു. 4:65)

വീണ്ടും അല്ലാഹു ﷻ പറയുന്നു :

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ وَأُو۟لِى ٱلْأَمْرِ مِنكُمْ ۖ فَإِن تَنَـٰزَعْتُمْ فِى شَىْءٍ فَرُدُّوهُ إِلَى ٱللَّهِ وَٱلرَّسُولِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۚ ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ﴾

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസ രിക്കുക (അല്ലാഹുവിൻെറ ദൂതനേയും) നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളേയും അനുസരിക്കുക. ഇനി വല്ല കാ ര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാവുകയാണെങ്കിൽ നി ങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നി ങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെ ങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും." (വി.ക്വു. 4:59)

ശരീഅത്തിനെ വിധികർത്താവാക്കലും അതിലേക്ക് വി ധി തേടലും തൻെറ മുഴുകാര്യങ്ങളും ശരീഅത്തിന് കീഴ്പ്പെ ട്ടതാകാൻ ഉത്ഘടമായി ഇച്ഛരിക്കലുമാണ്, സത്യത്തിൻെറ മാർഗ്ഗത്തിൽ ഇത്തിബാഇന് വേണ്ടി കൊതിക്കുന്ന മുസ്ലിമി നേയും അല്ലാഹുവിൽനിന്നുള്ള നേർമാർഗ്ഗമില്ലാതെ തന്നി

ഷ്ടത്തെ പിൻപറ്റി സ്വയം പിഴച്ചും ഇതരരെ പിഴപ്പിച്ചും നടക്കുന്നവനേയും വേർതിരിക്കുന്ന അടയാളം; തെളിഞ്ഞ മുദ്രയും. പിഴച്ചവൻെറ ഇച്ഛയെ ബുദ്ധിയെന്നോ, അഭിരുചിയെന്നോ, മസ്വ്ലഹത്തെന്നോ, നേതാവെന്നോ, പാർട്ടിയെന്നോ, വ്യവസ്ഥയെന്നോ എന്ത് പേരിട്ടാലും ശരി.

## അഞ്ച്) റസൂൽﷺയുടെ വിധിയിലും ദീനിലും തൃപ്തിയടയൽ

ഇത്തിബാഇൻെറ പ്രകടരൂപമാണ് നബിﷺ വിധിച്ചതിലും മതമാക്കിയതിലും തൃപ്തിപ്പെടുകയെന്നത്. നബിﷺ പറഞ്ഞത് കേട്ടതായി അബ്ബാസ്ؓ നിവേദനം ചെയ്യുന്നു:

﴿ذَاقَ طَعْمَ الْإِيمَانِ مَنْ رَضِيَ بِاللهِ رَبًّا وَبِالْإِسْلَامِ دِينًا وَ بِمُحَمَّدٍ رَسُولاً﴾

(അല്ലാഹുവിനെ റബ്ബായും ഇസ്‌ലാമിനെ ദീനായും മുഹമ്മദ് നബിﷺയെ റസൂലായും തൃപ്തിയടഞ്ഞവൻ ഈമാനിൻെറ മധുരം നുകർന്നിരിക്കുന്നു) [1]

ഒരു മുസ്‌ലിം, മുഹമ്മദ് നബിﷺയെ നബിയും റസൂലുമായി തൃപ്തിപ്പെട്ടാൽ റസൂലല്ലാത്തവരുടെ ചര്യ തിരിഞ്ഞ് നോക്കുന്ന പ്രശ്നമില്ല. അയാൾ തൻെറ മാർഗ്ഗത്തിൽ നബിചര്യയല്ലാത്തത് അവലംഭിക്കുകയുമില്ല. അയാൾ റസൂൽﷺയെ വിധികർത്താവാക്കുകയും റസൂലിലേക്ക് വിധിതേടുകയും ചെയ്യും. അയാൾ റസൂലിൻെറ വിധി സ്വീകരിക്കുകയും അതിന് കീഴ്പ്പെടുകയും ചെയ്യും. അയാൾ റസൂൽﷺയുടെ

[1] മുസ്‌ലിം 1:62

വിധി അന്വേഷിക്കുകയും അത് പിൻപറ്റുകയും ചെയ്യും. തന്റെ രക്ഷിതാവിൽ നിന്ന് റസൂൽﷺ എന്ത് കൊണ്ടുവന്നുവോ അതിലെല്ലാം അയാൾ തൃപ്തിയടയും. അയാളുടെ ഹൃദയം അതിൽ സായൂജ്യമടയും. ശരീരം ശാന്തികണ്ടെത്തും. നെഞ്ചകം വിശാലമാകും. ആദരവായ നബിﷺയിലൂടേയും മഹത്തായ ദീനിലൂടേയും അല്ലാഹു മുഴുലോകർക്കും തനിക്കുമേകിയ മഹാ അനുഗ്രഹം അയാൾ കണ്ടറിയും. തന്റെ രക്ഷിതാവ് അരുളിയ ആദരവ് കൊണ്ടും കാരുണ്യംകൊണ്ടും അയാൾ ഹൃദയം നിറഞ്ഞ് സന്തോഷിക്കും. കാരണം, നബിﷺയെ പിൻപറ്റിയവരിലും വിജയികളായ വിഭാഗത്തിലും തന്നെ റബ്ബ് ഉൾപ്പെടുത്തിയല്ലോ എന്നോർത്ത്.

അല്ലാഹു سبحانه وتعالى പറയുന്നു :

﴿ يَٰٓأَيُّهَا ٱلنَّاسُ قَدۡ جَآءَتۡكُم مَّوۡعِظَةٞ مِّن رَّبِّكُمۡ وَشِفَآءٞ لِّمَا فِي ٱلصُّدُورِ وَهُدٗى وَرَحۡمَةٞ لِّلۡمُؤۡمِنِينَ قُلۡ بِفَضۡلِ ٱللَّهِ وَبِرَحۡمَتِهِۦ فَبِذَٰلِكَ فَلۡيَفۡرَحُواْ هُوَ خَيۡرٞ مِّمَّا يَجۡمَعُونَ ﴾

“മനുഷ്യരേ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്ക് വന്ന് കിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗ്ഗദർശനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു.). പറയുക; അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചുകൊള്ളട്ടെ. അതാണവർ സമ്പാദിച്ച് കൂട്ടിയതിനേക്കാൾ ഉത്തമമായിട്ടുള്ളത്.” (വി.ക്വു. 10:57,58)

*റിദ്വാ* അഥവാ തൃപ്തി എന്ന പദം സ്വീകരിക്കുക, കീഴൊതുങ്ങുക എന്നീ ആശയങ്ങളെകൂടി ഉൾകൊള്ളുന്നു. തൻെറ രക്ഷിതാവിൽനിന്ന് റസൂലുല്ലാഹിﷺ കൊണ്ടുവന്നതിന് അകവും പുറവും പരിപൂർണമായി കീഴ്പെടുകയും നിരുപാധിക അനുസരണമുണ്ടാകുകയും ചെയ്യുമ്പോൾ മാത്രമാണ് *റിദ്വാ* അഥവാ തൃപ്തിയുണ്ടാകുന്നത്.[1]

## ഇത്തിബാഇന് സഹായകമാകുന്ന മാർഗ്ഗങ്ങൾ

ഒരാൾ പ്രവാചകൻﷺയെ അനുധാവനം ചെയ്യാൻ സഹായകമായി വർത്തിക്കുന്ന മാർഗ്ഗങ്ങൾ നിരവധിയാണ്. അവയിൽ പ്രധാനപ്പെട്ടത് താഴെ വിവരിക്കാം.

### ഒന്ന്) തഖ്വയും അല്ലാഹുവെകുറിച്ചുള്ള ഭയവും.

ഒരാൾ അല്ലാഹുവെ സൂക്ഷിക്കുകയും ഭയപ്പെടുകയും ചെയ്താൽ അല്ലാഹു അവന് സത്യവും അസത്യവും ഇരുട്ടും വെളിച്ചവും വേർതിരിക്കാനുള്ള ഒരു ലക്ഷ്യം പ്രദാനം ചെയ്യും, പ്രസ്തുത ലക്ഷ്യമാകട്ടെ ഇഹത്തിലും പരത്തിലും അവൻെറ സൗഭാഗ്യത്തിൻേറയും വിജയത്തിൻേറയും കാരണവുമായിരിക്കും.

അല്ലാഹു ﷻ പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِن تَتَّقُواْ ٱللَّهَ يَجۡعَل لَّكُمۡ فُرۡقَانٗا ﴾

---

[1] സ്വലിഹീ, അദ്ദൗഉൽ മുനീർ 2:253-234

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ചു ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കാനുള്ള കഴിവ് അവൻ ഉണ്ടാക്കിത്തരികയും…"
(വി.ക്വു 8:29)

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ وَءَامِنُوا۟ بِرَسُولِهِۦ يُؤْتِكُمْ كِفْلَيْنِ مِن رَّحْمَتِهِۦ وَيَجْعَل لَّكُمْ نُورًا تَمْشُونَ بِهِۦ وَيَغْفِرْ لَكُمْ ۚ وَٱللَّهُ غَفُورٌ رَّحِيمٌ ﴾

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവൻെറ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവൻെറ കാരുണ്യത്തിൽനിന്ന് രണ്ട് ഓഹരി അവൻ നിങ്ങൾക്ക് നൽകുന്നതാണ്. ഒരു പ്രകാശം അവൻ നിങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുകയും ചെയ്യും. അതു കൊണ്ട് നിങ്ങൾക്ക് (ശരിയായപാതയിലൂടെ) നടന്നുപോകാം. നിങ്ങൾക്കവൻ പൊറുത്തുതരുകയും ചെയ്യും. അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാനിധിയുമാണ്"(വി.ക്വു.57:28)

എന്ന ആയത്തിലെ ﴿ وَيَجْعَل لَّكُمْ نُورًا تَمْشُونَ بِهِۦ ﴾ എന്നതിന്ന് അർത്ഥം നൽകവേ ശൈഖ് നാസിറുസ്സഅ്ദി ﷺ പറഞ്ഞു: "അഥവാ നിങ്ങൾക്ക് അറിവും, നേർമാർഗ്ഗവും, അജ്ഞതയുടെ ഘനാന്ധകാരത്തിൽ നിങ്ങൾക്ക് നടന്നുനീങ്ങാൻ പ്രകാശവും അല്ലാഹു നൽകും." [1]

വീണ്ടും അല്ലാഹു ﷻ പറയുന്നു :

[1] തഫ്സീറുസ്സഅ്ദി 7:305

﴿ إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ إِذَا ذُكِرَ ٱللَّهُ وَجِلَتْ قُلُوبُهُمْ وَإِذَا تُلِيَتْ عَلَيْهِمْ ءَايَٰتُهُۥ زَادَتْهُمْ إِيمَٰنًا وَعَلَىٰ رَبِّهِمْ يَتَوَكَّلُونَ ﴾

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവൻെറ ദൃഷ്ടാന്തങ്ങൾ വായിച്ച് കേൾപ്പിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിൽ ഭരമേൽപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ." (വി.ക്വു. 8:2)

## രണ്ട്) ആത്മാർത്ഥതയും നിഷ്കളങ്കതയും

സത്യത്തെക്കുറിച്ചുള്ള അന്വേഷണവും തേട്ടവും അത് അറിയുക, കണ്ടെത്തുക എന്നിടത്ത് മാത്രം നിൽക്കാവതല്ല. പ്രത്യുത അവയോടൊപ്പം മാനസികമായി ഒരു കാര്യം കൂടിയുണ്ടാവണം. അതത്രെ, ബാഹ്യസമ്മർദ്ദങ്ങളിൽ നിന്നെല്ലാം മുക്തനായി സത്യംകണ്ടെത്തൽ തൻെറ ഉന്നമാക്കലും. ഉദ്ദേശശുദ്ധിയുണ്ടാകാൻ ഉത്ഘടമായി കൊതിക്കലും, അജ്ഞത, ദേഹേച്ഛ, അന്യായം തുടങ്ങിയ ദുർഗുണങ്ങൾ കയ്യൊഴിക്കലും. പ്രസ്തുത കാര്യങ്ങൾ തികഞ്ഞ ഇഖ്ലാസ് കൊണ്ട് മാത്രമേ ഉണ്ടാകൂ.

മനുഷ്യമനസ്സുകൾ ദേഹേച്ഛകളിൽനിന്നും അനർത്ഥങ്ങളിൽനിന്നും ശുദ്ധമാകുക, സംസ്കൃതമാകുക എന്നതിലാണ് ഈ വിഷയം ബന്ധപ്പെട്ടിരിക്കുന്നത്. കാരണം ഒരാൾ സ്വന്തത്തെ സംസ്കരിക്കുകയും, നന്നാക്കുകയും, കൂടുതൽ അല്ലാഹുവിന് കീഴ്പെട്ട് ജീവിക്കാൻ സ്വന്തത്തെ നിർബന്ധിക്കുകയും, അകത്തും പുറത്തും ഒരു പോലെ കുറ്റകൃത്യങ്ങൾ കയ്യൊഴിക്കാൻ സ്വന്തത്തിന് നേരെ ബലം പ്രയോ

ഗിക്കുകയും ചെയ്യുമ്പോഴെല്ലാം സത്യം സ്വീകരിക്കലും, സത്യത്തിലേക്കുള്ള ഗമനവും അയാളിൽ വർദ്ധിക്കും. ശൈഖുൽ ഇസ്‌ലാം ഇബ്നു തയ്മിയ്യ ﷫ പറയുന്നു: "ഇപ്രകാരമാണ് സത്യം അറിഞ്ഞുകൊണ്ട് അത് പിൻപറ്റുന്നതിൽ നിന്ന് തന്നിഷ്ടത്തെ പിൻപറ്റി തിരിഞ്ഞുകളയുന്നവൻ. ഇത് അവനിൽ അജ്ഞതയും വഴികേടും ജനിപ്പിക്കും. എത്രത്തോളമെന്നാൽ അത് അവൻെറ ഹൃദയത്തെ വ്യക്തമായ സത്യത്തിൽനിന്ന് മൂടിക്കളയുകയും ചെയ്യും. അല്ലാഹു ﷻ പറഞ്ഞതുപോലെ:

﴿ فَلَمَّا زَاغُوٓا۟ أَزَاغَ ٱللَّهُ قُلُوبَهُمْ ۚ وَٱللَّهُ لَا يَهْدِى ٱلْقَوْمَ ٱلْفَـٰسِقِينَ ﴾

"...അങ്ങനെ അവർ തെറ്റിപോയപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ തെറ്റിച്ചുകളഞ്ഞു. അല്ലാഹു ദുർമാർഗ്ഗികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല." (വി.ക്വു. 61:5)

വീണ്ടും അല്ലാഹു ﷻ പറയുന്നു:

﴿ فِى قُلُوبِهِم مَّرَضٌ فَزَادَهُمُ ٱللَّهُ مَرَضًا ﴾

"അവരുടെ മനസ്സുകളിൽ ഒരുതരം രോഗമുണ്ട്. തന്നിമിത്തം അല്ലാഹു അവർക്ക് രോഗം വർദ്ദിപ്പിക്കുകയും ചെയ്യും." (വി.ക്വു. 2:10)[1]

സത്യാന്വേഷണത്തിലെ തനിമയും നിഷ്കളങ്കതയും, ബിദ്അത്തുകളിൽനിന്നും ഇതരതെറ്റുകളിൽനിന്നും; അത് എപ്പോൾ സംഭവിച്ചാലും അതിൽനിന്ന് മടങ്ങുവാൻ ഒരു അടിമയെ സഹായിക്കും. വചനശാസ്ത്രത്തിലേയും തത്വശാസ്ത്ര

---

[1] ശൈഖുൽ ഇസ്‌ലാം, മജ്മൂഅ് ഫതാവാ 10: 10

ത്തിലേയും മറ്റും വലിയ വലിയ പണ്ഡിതന്മാർക്ക് പോലും അത്തരം മടക്കമുണ്ടായിട്ടുണ്ട്. അബുൽ ഹസൻ അൽ അശ്-അരി, അബുൽ മആനി അൽ ജുവൈനി, അബൂ ഹാമിദുൽ ഗസ്സാലി, ഫഖ്റുദ്ധീൻ റാസി തുടങ്ങി അത്തരക്കാർ ഒട്ടന വധിയാണ്.

## മൂന്ന് ) അല്ലാഹുവിന് മുന്നിൽ വിനയപ്പെടുക.

പ്രവാചകൻﷺകൊണ്ട് വന്ന സത്യമാർഗ്ഗവും പ്രകാശവും അനുഗമിക്കാൻ ഒരു അടിമയെ സഹായിക്കുന്ന മഹത്തായ ഹേതുകമാണ്; ഒരു അടിമ തൻെറ രക്ഷിതാവിലേക്ക് അഭയം തേടുക, രക്ഷിതാവിന് മുമ്പിൽ വിനയപ്പെടുക, അല്ലാഹുവിലേക്ക് തൻെറ ഇല്ലായ്മയും ആവശ്യവും തുറന്ന് പറയുക എന്നിവയെല്ലാം. ഇത് അല്ലാഹുവിൻെറ റസൂൽﷺ ധാരാളമായി ചെയ്യാറുണ്ടായിരുന്നു. രാത്രി നമസ്കാരം ആരംഭിക്കുമ്പോൾ പ്രവാചക പ്രഭുﷺയുടെ പ്രാർത്ഥന ഇപ്രകാരമായിരുന്നു:

﴿اَللَّهُمَّ رَبَّ جِبْرِيلَ وَمِيكَائِيلَ وَإِسْرَافِيلَ ، فَاطِرَ السَّمَاوَاتِ وَالأَرْضِ ، عَالِمَ الْغَيْبِ وَ الشَّهَادَةِ ، أَنْتَ تَحْكُمُ بَيْنَ عِبَادِكَ فِيمَا كَانُوا فِيهِ يَخْتَلِفُونَ ، اهْدِنِي لِمَا اخْتُلِفَ فِيهِ مِنَ الْحَقِّ بِإِذْنِكَ ، إِنَّكَ تَهْدِي مَنْ تَشَاءُ إِلَى صِرَاطٍ مُسْتَقِيمٍ﴾

((ജിബ്രീലിൻേറയും, മീക്കാഈലിൻേറയും ഇസ്റാഫീലിൻേറയും രക്ഷിതാവായ, അദൃശ്യവും ദൃശ്യവും അറിയുന്നവനായ, വാനലോകത്തിൻേറയും ഭൂലോകത്തിൻേറയും സൃഷ്-ടാവായ അല്ലാഹുവേ..., നിൻെറ അടിമകൾ ഏതൊന്നിൽ

അഭിപ്രായ ഭിന്നതയിലായോ അവർക്കിടയിൽ വിധിതീർ-പ്പ് കൽപ്പിക്കുന്നവനാണ് നീ. നിൻെറ അനുമതിയാൽ, അവ-ർ അഭിപ്രായ ഭിന്നതയിലായകാര്യത്തിൽ നീ എനിക്ക് സത്യ ത്തിൻെറ മാർഗ്ഗം തുറക്കേണമേ..., നിശ്ചയം നീയാണല്ലോ നേർമാർഗ്ഗത്തിലേക്ക് വഴി നടത്തുന്നവൻ...))[1]

പ്രവാചകൻﷺ യുടെ മറ്റു ചില പ്രാർത്ഥനകൾ:

﴿اللَّـــهُمَّ انْفَعْنِي بِمَا عَلَّمْتَنِي ، وَعَلِّمْنِي مَا يَنْفَعُنِي ، وَزِدْنِي عِلْماً ﴾

(( അല്ലാഹുവേ, നീ എനിക്ക് അറിവ് പകർന്നതിൽ ഉപ കാരം ചെയ്യേണമേ, എനിക്ക് ഉപകാരപ്പെടുന്നത് എന്നെ പഠിപ്പിക്കേണമേ, അറിവ് എനിക്ക് നീ പെരുപ്പിക്കേണമേ...))[2]

﴿ اَللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أَضِلَّ أَوْ أُضَلَّ ، أَوْ أَزِلَّ أَوْ أُزَلَّ.....﴾

((അല്ലാഹുവേ, ഞാൻ പിഴച്ച് പോകുന്നതിൽനിന്നും പി ഴപ്പിക്കപ്പെടുന്നതിൽനിന്നും (ആദർശത്തിൽനിന്ന്) അടി തെറ്റു ന്നതിൽനിന്നും അടിതെറ്റിക്കപ്പെടുന്നതിൽനിന്നും നിന്നോട് കാവലിനെ തേടുന്നു...))[3]

﴿اَللَّهُمَّ أَسْلَمْتُ وَجْهِي إِلَيْكَ ، وَفَوَّضْتُ أَمْرِي إِلَيْكَ ، وَأَلْجَأْتُ ظَهْرِي إِلَيْكَ ، رَهْبَةً وَ رَغْبَةً إِلَيْكَ ، لاَ مَلْجَأَ مِنْكَ إِلاَّ إِلَيْكَ ....﴾

---

[1] മുസ്ലിം 1:534

[2] അൽബാനി, സ്വഹീഹ് ഇബ്നിമാജ 1:47

[3] അൽബാനി, സ്വഹീഹ് അബീദാവൂദ് 3:959

((അല്ലാഹുവേ, എന്റെ മുഖം ഞാൻ നിന്നിൽ സമർപ്പിച്ചിരിക്കുന്നു, എന്റെ കാര്യം ഞാൻ നിന്നിൽ ഏൽപ്പിച്ചിരിക്കുന്നു, എന്റെ മുതുക് ഞാൻ നിന്നിലേക്ക് അഭയപ്പെടുത്തിയിരിക്കുന്നു, നിന്നിലുള്ള ഭയത്താലും ആഗ്രഹത്താലുമാണത്. നിന്നിൽനിന്ന് നിന്നിലേക്കല്ലാതെ യാതൊരു അഭയവുമില്ല... ))[1]

നിശ്ചയം, അല്ലാഹു തന്റെ അടിയാന്മാരോട് തന്നോട് പ്രാർത്ഥിക്കുവാനും തന്റെ മുന്നിൽ വിനയമുള്ളവരകാനും കൽപ്പിച്ചു. അല്ലാഹു ﷻ പറഞ്ഞു :

﴿ وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴾

“നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച.” (വി.ക്വു. 40:60)

ആര് അല്ലാഹുവോട് ചോദിക്കാതിരിക്കുകയും അല്ലാഹുവിലേക്ക് തന്റെ ആവശ്യങ്ങളുടേയും തന്റെ ഇല്ലായ്മയുടേയും പട്ടിക പറയാതിരിക്കുകയും ചെയ്യുന്നുവോ അവനോട് അല്ലാഹു കോപിക്കുമെന്ന് റസൂൽ ﷺ പറഞ്ഞിരിക്കുന്നു. അബൂഹുറയ്റ رضي الله عنه വിൽ നിന്ന് നിവേദനം. നബി ﷺ പറഞ്ഞു:

(( مَنْ لَمْ يَسْأَلِ اللهَ يَغْضَبْ عَلَيْهِ ))

---

[1] അൽബാനി, സ്വഹീഹ് അബീദാവൂദ് 3:952

(ആര് അല്ലാഹുവോട് ചോദിക്കുന്നില്ലയോ അവനോട് അല്ലാഹു ﷻ കോപിക്കും.) [1]

## നാല്) ശറഇയായ വിധികൾ പഠിക്കൽ.

ഇസ്‌ലാം അല്ലാഹുവിൽനിന്നുള്ള വഹ്‌യിനാൽ സ്ഥാപിതമാണ്. വഹ്‌യാകട്ടെ പഠനത്തിലൂടെ മാത്രമേ ഗ്രാഹ്യമാകൂ. അപ്പോൾ പിന്നെ ഇസ്‌ലാമിക കർമ്മങ്ങൾ അനുഷ്ഠിക്കാനും പ്രവാചകചര്യ പിൻതുടരാനും വിശുദ്ധ ക്വുർആനിലും തിരുസുന്നത്തിലും വന്നത് പഠിക്കുകയല്ലാതെ യാതൊരു മാർഗ്ഗവുമില്ല. കാരണം താനറിയാത്തതും പഠിക്കാത്തതുമായവകൊണ്ട് ഒരാൾക്കും വല്ലതും പ്രവർത്തിക്കൽ അസാധ്യമാണ്.

ഇമാം ബുഖാരി رحمه الله സ്വഹീഹുൽ ബുഖാരിയിൽ ഒരു അധ്യായത്തിന് പേര് നൽകുന്നത് നോക്കൂ..

" باب العلم قبل القول والعمل ، لقول الله ـــ تعالى ـــ: ﴿ فَٱعۡلَمۡ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ ﴾ فبدأ بالعلم "

"പറയുക, പ്രവർത്തിക്കുക എന്നിവക്ക് മുമ്പ് പഠിക്കുകയെന്ന കാര്യം പ്രസ്താവിക്കുന്ന അധ്യായം. കാരണം വിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു:

﴿ فَٱعۡلَمۡ أَنَّهُۥ لَآ إِلَٰهَ إِلَّا ٱللَّهُ ﴾

"ആകയാൽ അറിഞ്ഞുകൊള്ളുക, നിശ്ചയം, യഥാർത്ഥ

[1] അൽബാനി, സ്വഹീഹ് അത്തിർമിദി 3:138

ആരാധ്യനായി അല്ലാഹു അല്ലാതെ മറ്റാരുമില്ല....”(വി.ക്വു. 47:19)

ഈ വിശുദ്ധ വാക്യത്തിൽ 'അറിയുക' എന്നത് കൊണ്ടാണ് അല്ലാഹു ﷻ ആരംഭിച്ചത്.[1]

വിശുദ്ധ ക്വുർആനിൽ ആദ്യം അവതീർണമായത്

﴿ ٱقْرَأْ بِٱسْمِ رَبِّكَ ٱلَّذِى خَلَقَ ﴾

“സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക.” (വി.ക്വു.96:1) എന്ന വചനമാണല്ലോ? വായന യാകട്ടെ വിദ്യ അഭ്യസിക്കാനുള്ള ഉപകരണവുമാണ്.

## അഞ്ച്) ശരിയായ പ്രമാണങ്ങൾ ഗ്രഹിക്കുക, ആശയങ്ങൾ ചിന്തിച്ച് അറിയുക.

'വിശുദ്ധ ക്വുർആനും തിരുസുന്നത്തും' ഇവ രണ്ടുമത്രെ സത്യവും നേർമാർഗ്ഗവും സ്വീകരിക്കാനുള്ള സ്രോതസ്സുകൾ. അല്ലാഹു ﷻ പറയുന്നു :

﴿ إِنَّ هَٰذَا ٱلْقُرْءَانَ يَهْدِى لِلَّتِى هِىَ أَقْوَمُ ﴾

“തീർച്ചയായും ഈ ക്വുർആൻ ഏറ്റവും ശരിയായതിലേക്ക് വഴികാണിക്കുന്നു......” (വി.ക്വു. 17:9)

നബി ﷺ പറഞ്ഞു:

《إِنِّي قَدْ تَرَكْتُ فِيكُمْ شَيْئَيْنِ لَنْ تَضِلُّوا بَعْدَهُمَا: كِتَابُ اللهِ وَسُنَّتِي ، وَلَنْ يَتَفَرَّقَا حَتَى يَرِدَا عَلَيَّ الْحَوضِ》

---

[1] അസ്ഖലാനി, ഫത്ഹുൽബാരി 1:192

((നിശ്ചയം, ഞാൻ നിങ്ങളിൽ രണ്ട് കാര്യങ്ങൾ വിട്ടേച്ച് പോകുന്നു. അവ രണ്ടും ഉണ്ടായിരിക്കെ നിങ്ങൾ പിഴച്ച് പോകില്ല; അല്ലാഹുവിൻെറ ഗ്രന്ഥവും എൻെറ ചര്യയുമാണവ. ഹൗദിൻ കരയിൽ എൻെറ അടുക്കൽ അവ രണ്ടും വരുന്നതുവരെ അവ രണ്ടും വേർപിരിയില്ല))[1] അല്ലാഹു അവൻെറ ഗ്രന്ഥത്തിലെ വചനങ്ങൾ, അവയിൽ യാതൊരു മാറ്റിമറിക്കലോ കോട്ടിമാട്ടലോ കടന്നുവരാതെ സംരക്ഷിച്ചുകൊള്ളാമെന്ന് ഏറ്റെടുത്തിരിക്കുന്നു. അല്ലാഹു ﷻ പറയുന്നു:

﴿ إِنَّا نَحْنُ نَزَّلْنَا ٱلذِّكْرَ وَإِنَّا لَهُۥ لَحَـٰفِظُونَ ﴾

“തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ” (വി.ക്വു. 15:9)

പ്രസ്തുത സംരക്ഷണം, നബി ﷺ യുടെ സുന്നത്തിൻെറ കൂടി സംരക്ഷണം ഉൾകൊള്ളുന്നു; സുന്നത്തിൽ കടന്നുകൂടിയ ദുർബലവും കള്ളനിർമ്മിതവുമായ ഹദീസുകൾ വകവെക്കാതെ തന്നെ. പക്ഷെ അല്ലാഹു സുന്നത്തിന് വേണ്ടി ഒരു സംഘം നേതൃത്വത്തെ ഒരുക്കി സജ്ജരാക്കി. അവർ തങ്ങളുടെ ശരീരങ്ങളേയും പുരുഷായുസ്സിനേയും സുന്നത്തിന് സേവനം ചെയ്യാനും ദുർബലമായ(ദഈഫായ)വയിൽ നിന്നും കള്ളനിർമ്മിതി(മൗദൂആയവ)യിൽനിന്നും സ്വഹീഹായതിനെ വേർതിരിക്കാനും ഉഴിഞ്ഞുവെച്ചു.

ആയതിനാൽ നബി ﷺ യെ യഥാവിധം പിൻപറ്റാൻ ഉത്ഘടമായി ഇച്ഛിക്കുന്നവൻ ഏതൊരു തെളിവനുസരിച്ചാ

---

[1] അൽബാനി, സ്വഹീഹുൽജാമിഅ് 1:556

ണോ താൻ പ്രവർത്തിക്കുന്നത് ആ പ്രമാണം കുറ്റമറ്റതാണോ എന്നറിയാനും ഉത്ഘടമായി ഇച്ഛിക്കേണ്ടതുണ്ട്. അ പ്രകാരം ആ പ്രമാണങ്ങൾ ഗ്രഹിക്കാനും ആലോചിക്കാനും. അതിൻെറ അടിസ്ഥാനത്തിലാണ് പ്രവർത്തനവും ഉപേക്ഷയുമൊക്കെ നിർവ്വഹിക്കേണ്ടത്.

ശൈഖ് നാസിറുസ്സഅ്ദി ﷺ വിശുദ്ധ ക്വുർആനിലെ

﴿ أَفَلَا يَتَدَبَّرُونَ ٱلْقُرْءَانَ أَمْ عَلَىٰ قُلُوبٍ أَقْفَالُهَآ ﴾

"അപ്പോൾ അവർ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? അതല്ല, ഹൃദയത്തിന്മേൽ പൂട്ടുകളിട്ടിരിക്കയാണോ?" (വി.ക്വു. 47:24) എന്ന വചനത്തിന് വ്യാഖ്യാനം കുറിക്കവെ എഴുതി:- അഥവാ സത്യത്തിൽനിന്ന് പിന്തിരിഞ്ഞുനടക്കുന്ന ഇക്കൂട്ടർ അല്ലാഹുവിൻെറ ഗ്രന്ഥത്തെ എന്തുകൊണ്ട് പഠന വിധേയമാക്കുകയും ആലോചിക്കുകയും ചെയ്യുന്നില്ല? അവർ അത് നിരീക്ഷണ പഠന വിധേയമാക്കിയിരുന്നുവെങ്കിൽ എല്ലാ വിധ നന്മകളെക്കുറിച്ചും അത് അവർക്ക് വിവരം നൽകുമായിരുന്നു. എല്ലാ തിന്മയിൽനിന്നും അവർക്ക് മുന്നറിയിപ്പും നൽകുമായിരുന്നു. അവരുടെ ഹൃദയങ്ങളെ ദൃഢവിശ്വാസം കൊണ്ട് മൂടുമായിരുന്നു. അത് അവ ഉന്നത ലക്ഷ്യങ്ങളിലേക്ക് വിലപിടിപ്പുള്ള സമ്മാനങ്ങളിലേക്കും കൊണ്ട് നടക്കുമായിരുന്നു. അത് അവർക്ക് അല്ലാഹുവിലേക്ക് ചെന്നു ചേരാനുള്ള മാർഗ്ഗത്തേയും സ്വർഗ്ഗത്തിലേക്ക് നടന്നടുക്കാനുള്ള വഴിയേയും വ്യക്തമാക്കുമായിരുന്നു. അത് സ്വർഗ്ഗപ്രാപ്തി പൂർണമാക്കുന്ന കാര്യങ്ങളെക്കുറിച്ചും സ്വർഗ്ഗം ഇല്ലാതാക്കുന്ന കാര്യങ്ങളെക്കുറിച്ചും വ്യക്തമായ വിവരം നൽകുമായിരുന്നു. ശിക്ഷയിലേക്ക് കൂപ്പുകുത്താനുള്ള വഴിയേയും ശിക്ഷ എങ്ങനെ സൂക്ഷിക്കണം എന്നതിനേയും അത് അവർക്ക് വ്യക്ത

മാക്കുമായിരുന്നു. തങ്ങളുടെ രക്ഷിതാവിനെക്കുറിച്ചും അവന്റെ നാമങ്ങൾ, വിശേഷണങ്ങൾ, നന്മകൾ എന്നിവയെക്കുറിച്ചും അതവരെ തെര്യപ്പെടുത്തുമായിരുന്നു. അതിമഹത്തായ പ്രതിഫലത്തിലേക്ക് അത് അവർക്ക് ആഗ്രഹം ജനിപ്പിക്കുമായിരുന്നു. വിനാശകരമായ ശിക്ഷയെക്കുറിച്ച് അവരിൽ ഭയം ജനിപ്പിക്കുമായിരുന്നു.

﴿ أَمْ عَلَىٰ قُلُوبٍ أَقْفَالُهَآ ﴾

"...അതല്ല, ഹൃദയത്തിന്മേൽ പൂട്ടുകളിട്ടിരിക്കയാണോ?" (വി.ക്വു. 47:24) എന്നു പറഞ്ഞാൽ, അവഗണിക്കുക അശ്രദ്ധ കാണിക്കുക, പ്രതിഷേധിക്കുക തുടങ്ങിയ ദുഷിപ്പുകൾ ഉള്ളിലായികൊണ്ടാണ് അവ അടക്കപ്പെട്ടത്. അതിനാൽ തന്നെ യാതൊരു നന്മയും അതിലേക്ക് പ്രവേശിക്കില്ല; ഒരിക്കലും. അതാണല്ലോ സംഭവിച്ച് കൊണ്ടിരിക്കുന്നതും.[1]

നബിﷺയിൽനിന്ന് സ്ഥിരപ്പെട്ട വചനങ്ങൾ ചിന്തിച്ച് മനസ്സിലാക്കുന്നതിൽനിന്ന് തിരിഞ്ഞ് നടക്കുന്നവൻ ക്വുർആൻ ചിന്തിച്ചു മനസ്സിലാക്കാതെ മടങ്ങുന്നവനെപ്പോലെയാണ്. കാരണം അവ രണ്ടും മതവിധികൾക്കുള്ള സ്രോതസ്സുകളാണ്, സത്യം മുറുകെ പിടിക്കാനുള്ള മാർഗ്ഗമാണ്, വഴിപിഴവിൽ നിന്നും വഴികേടിൽ നിന്നും സുരക്ഷയുമാണ്.

## ആറ്.) സലഫുകളുടെ മാർഗ്ഗം പിൻപറ്റൽ.

ഈ സമുദായത്തിലെ ഏറ്റവും ഉത്കൃഷ്ടരും ഉന്നതരുമായവർ നബിﷺയോട് ഏറ്റവും അടുത്ത തലമുറ ഏതാ

---

[1] തഫ്സീറുസ്സഅ്ദി 7:80

ണോ അതാണെന്ന് നബിﷺ വ്യക്തമാക്കി. പ്രവാചകൻﷺ പറഞ്ഞു :

﴿ خَيْرُكُمْ قَرْنِي ، ثُمَّ الَّذِينَ يَلُونَهُمْ ، ثُمَّ الَّذِينَ يَلُونَهُمْ ، ... ﴾

((നിങ്ങളിൽ ഉത്തമർ എന്റെ തലമുറക്കാരാണ്, പിന്നെ അവരെ തുടർന്നുവരുന്ന തലമുറ, പിന്നെ അവരെ തുടർന്നു വരുന്ന തലമുറ.))[1] ഈ സമുദായം എഴുപത്തിമൂന്ന് കക്ഷി കളായി പിരിയുന്ന അവസ്ഥയെ വിശദീകരിക്കവേ നബിﷺ പറഞ്ഞു:

﴿كُلُّهُمْ فِي النَّارِ إِلاَّ مِلَّة وَاحِدَة﴾

((എല്ലാവരുംനരകത്തിലായിരിക്കും; ഒരുമില്ലത്ത് ഒഴികെ.))

﴿ قَالُوا : مَنْ هِيَ يَا رَسُولَ اللهِ ؟ قَالَ : مَا أَنَا عَلَيْهِ وَأَصْحَابِي ﴾

((ചോദിക്കപ്പെട്ടു: പ്രവാചകരേ, ആരായിരിക്കും അവർ? അദ്ദേഹം അരുൾ ചെയ്തു: ഞാനും എന്റെ സ്വഹാബിക-ളും ഏതൊന്നിലാണോ (ആദർശത്തിൽ) അതിൽ നിലകൊള്ളു ന്നവർ.))[2]

ഖിലാഫത്തു റാശിദയുടെ ഭരണാന്ത്യത്തോടെ മുസ്ലിം അണികളിലേക്ക് വ്യതിയാനത്തിന്റെ വക്രരേഖ പ്രയാണം കുറിക്കുകയും പരന്നു പന്തലിക്കുകയും ചെയ്തു. അവിടെ നിന്നങ്ങോട്ട് റസൂലും സ്വഹാബത്തും നിലകൊള്ളുകയും പ്രബോധനം നടത്തുകയും ചെയ്ത ഋജുമാർഗ്ഗത്തെ മുറുകെ

---

[1] അസ്ഖലാനി, ഫത്ഹുൽബാരി 5:306

[2] അൽബാനി, സ്വഹീഹ് അത്തിർമിദി 2:334

പിടിക്കുന്നവരുടെ എണ്ണം കുറയാൻ തുടങ്ങി. പ്രസ്തുത കുറച്ചിൽ തലമുറകളേയും കാലഘട്ടങ്ങളേയും പിന്നിലാക്കി മുന്നേറി. എത്രത്തോളമെന്നാൽ സത്യം മുറുകെ പിടിക്കുന്ന വരുടെ അവസ്ഥ ചില കാലങ്ങളിലും നാടുകളിലും തീക്ക നൽ പിടിക്കുന്നവരെപ്പോലെയായി മാറി. അല്ലാഹുവേ നിന്നെ ക്കൊണ്ടല്ലാതെ യാതൊരു കഴിവും ശേഷിയുമില്ല............

അതുകൊണ്ടുതന്നെ, പ്രവാചകൻﷺ യുടേയും സ്വഹാ ബികളുടേയും അവരുടെ മാർഗ്ഗം ചാണിന് ചാണായും മുഴ ത്തിന് മുഴമായും പിൻപറ്റിയ ശേഷക്കാരുടേയും സൽപാ ന്ഥാവുമായി, ശറഈ പ്രമാണങ്ങളിൽ താൻ മനസ്സിലാക്കിയ തും, ഉൾക്കൊണ്ടതും, നടപ്പിലാക്കിയതുമായ വിഷയങ്ങളെ തട്ടിച്ചുനോക്കി, ശരിപ്പെടുത്താനുണ്ടെങ്കിൽ ശരിപ്പെടുത്തി, തെറ്റുതീർക്കാനുണ്ടെങ്കിൽ തെറ്റുതീർത്ത് ഒരു ക്രമീകരണം നടത്തലല്ലാതെ ദീൻ മുറുകെപ്പിടിക്കാനും പ്രവാചകൻﷺയെ യഥാവിധം പിൻപറ്റുവാനും ഉദ്ദേശിക്കുന്നവർക്ക് മറ്റൊരു വഴിയുമില്ല. ഇവിടെ പ്രവാചകൻﷺയുടേയും സ്വഹാബികളു ടേയും മാർഗ്ഗത്തെ പ്രത്യേകമാക്കുകയും അവരുടെ ശേഷം വന്നവർ തങ്ങളുടെ പൂർവ്വീകരെ ചാണിന് ചാണായും മുഴ ത്തിന് മുഴമായും പിൻപറ്റണമെന്ന് പറയുകയും ചെയ്തത് തന്നിഷ്ടം സംസാരിക്കാത്ത, അല്ലാഹു നൽകിയ വഹ്യ് മാ ത്രം സംസാരിക്കുന്ന നബിﷺ, താനും സ്വഹാബികളും ചലിച്ച മാർഗ്ഗമാണ് സത്യം എന്ന് തിട്ടപ്പെടുത്തിയത് കൊണ്ടാണ്. കൂടാതെ പ്രവാചകൻﷺയുടെ കാലശേഷം കടന്നുവന്ന ദേ- ഹേച്ഛകളുടെ ആദിക്യവും അറിവിൻെറ കുറവും നോക്കി യുമാണ്. പിൽകാലങ്ങളിൽ വിജ്ഞാനം കുറയുകയും തന്നി ഷ്ടങ്ങൾ പെരുകുകയും ചെയ്തതിനാൽ അതിനപ്പുറമുള്ള സലഫുകളുടെ മാർഗ്ഗം അറിയുന്നതിൻേറയും അതിനനു

സരിച്ച് പ്രവർത്തിക്കുന്നതിൻേറയും ആവശ്യം വർദ്ധിച്ചിരിക്കുന്നു.

അബ്ദുല്ലാഹിബ്നു മസ്ഊദ്ﷺവിൻെറ പരാമർശം എത്ര മനോഹരം. അദ്ദേഹം പറയുന്നു:

" مَنْ كَانَ مُسْتَنًّا فَلْيَسْتَنَّ بِمَنْ قَدْ مَاتَ فَإِنَّ الْحَيَّ لاَ تُؤْمَنُ عَلَيْهِ الْفِتْنَةُ ، أُولَئِكَ أَصْحَابُ مُحَمَّد كَانُوا أَفْضَلَ هَذِهِ الْأُمَّة ، أَبَرَّهَا قُلُوباً ، وَ أَعْمَقَهَا عِلْماً ، وَ أَقَلَّهَا تَكَلُّفاً ، قَوْمٌ اخْتَارَهُمُ اللهُ لِصُحْبَةِ نَبِيِّه ، وَإِقَامَةِ دِينِه ، فَاعْرِفُوا لَهُمْ فَضْلَهُمْ ، وَاتَّبِعُوهُمْ فِي آثَارِهِمْ ، وَتَمَسَّكُوا بِمَا اسْتَطَعْتُمْ مِنْ أَخْلاَقِهِمْ وَدِينِهِمْ ،فَإِنَّهُمْ كَانُوا عَلَى الْهُدَى الْمُسْتَقِيمِ "

“ആരെങ്കിലും മാതൃകയാകുന്നുവെങ്കിൽ മരിച്ച്പോയ (സലഫുകളെ) മാതൃകയാക്കട്ടെ, കാരണം ജീവിച്ചിരിക്കുന്നവരിൽ മാർഗ്ഗ ഭ്രംശമുണ്ടാകുന്നതിനെ കുറിച്ച് നിർഭയപ്പെടാനാവില്ല. (മരിച്ച് പോയവർ എന്ന് പറഞ്ഞാൽ) അല്ലാഹുവിൻെറ റസൂലിൻെറ സ്വഹാബികളാണ്. അവരാണ് മുഹമ്മദീയ സമുദായത്തിലെ ഉത്കൃഷ്ടർ, നന്മ നിറഞ്ഞ ഹൃദയമുള്ളവർ, അറിവാളന്മാർ, കൃത്രിമത്വം ഒട്ടുമില്ലാത്തവർ, തൻെറ പ്രവാചകൻെറ ചാരത്ത് നിൽകാനും ദീൻ സ്ഥാപിക്കാനും അല്ലാഹു തെരഞ്ഞെടുത്തവരാണവർ. നിങ്ങൾ അവർക്ക് അവരുടെ ശ്രേഷ്ടത അംഗീകരിക്കണം അവരുടെ കാൽപാടുകളെ നിങ്ങൾ പിൻപറ്റണം. അവരുടെ ദീനീ ചിട്ടയും സ്വഭാവ മഹിമകളും കഴിവതും നിങ്ങൾ പിൻപറ്റണം. കാരണം അവരായിരുന്നു നേർമാർഗ്ഗത്തിൽ നിലകൊണ്ടവർ.” [1]

---

[1] ശറഹുത്തഹാവിയ്യഃ 2:546

## ഏഴ്) സച്ഛരിതരായ സുഹൃത്തുക്കൾ.

അല്ലാഹുവിൻെറ റസൂൽﷺയുടേയും സ്വഹാബത്തിൻേറയും ആദർശത്തെ മുറുകെ പിടിച്ച് ജീവിക്കുന്ന അഹ്ലു സുന്നത്തി വൽജമാഅത്തിലെ ഒരു സുഹൃദ് വലയം, സത്യം മുറുകെപിടിക്കാനും ഇത്തിബാഇനും സഹായിക്കുന്ന മഹത്തായ ഹേതുവാണ്. കാരണം കൂട്ടുകാരൻ ഏതൊരു വ്യക്തിയുടേയും നായകനാണ്.

അല്ലാഹുവിൻെറ റസൂൽﷺ പറഞ്ഞു:

﴿ الرَّجُلُ عَلَى دِينِ خَلِيلِهِ ، فَلْيَنْظُرْ أَحَدُكُمْ مَنْ يُخَالِلْ ﴾

((ഒരു മനുഷ്യൻ തൻെറ സുഹൃത്തിൻെറ ആദർശത്തിലായിരിക്കും; അതിനാൽ ഒരാൾ താൻ ആരുമായാണ് കൂട്ടുകൂടുന്നതെന്ന് നോക്കട്ടെ...))[1]

അതിൻെറ കാരണം, ഒരു സുഹൃത്ത് തൻെറ കൂട്ടുകാരനെ താൻ ഏതൊരു ആദർശത്തിലാണോ അതിന് പ്രേരിപ്പിക്കും. സുന്നത്തിൻേറയും ഇത്തിബാഇൻേറയും വാക്താവാണ് അയാളെങ്കിൽ അതിന് പ്രേരിപ്പിക്കും, നേരെമറിച്ച് ബിദ്അത്തിൻേറയും നെറികേടിൻേറയും വാക്താവാണെങ്കിൽ അതിനായിരിക്കും പ്രേരിപ്പിക്കുക.

നബിﷺ പറഞ്ഞു :

---

[1] അൽബാനി, സ്വഹീഹ് അബീദാവീദ് 3:917

﴿مَثَلُ الْجَلِيسِ الصَالِحِ وَالسُوءِ كَحَامِلِ الْمِسْكِ وَنَافِخِ الْكِيرِ ، فَحَامِلُ الْمِسْكِ: إِمَّا أَنْ يُحْذِيكَ ، وَ إِمَّا أَنْ تَبْتَاعَ مِنْهُ ، وَ إِمَّا أَنْ تَجِدَ مِنْهُ رِيحاً طَيِّبَةً. وَنَافِخُ الْكِيرِ: إِمَّا أَنْ يُحَرِّقَ ثِيَابَكَ ، وَ إِمَّا أَنْ تَجِدَ مِنْهُ رِيحاً خَبِيثَةً ﴾

**(നല്ലവനായ കൂട്ടുകാരൻേറയും ചീത്ത കൂട്ടുകാരൻേറയും ഉപമ, കസ്തൂരി വഹിക്കുന്നവൻേറയും ഉലയിൽ ഊതുന്നവൻേറ (കൊല്ലൻ)യും ഉപമയാണ്. കസ്തൂരി വഹിക്കുന്നവൻ, ഒന്നുകിൽ അത് നിങ്ങൾക്ക് നൽകിയേക്കും, അല്ലെങ്കിൽ താങ്കൾ അവനിൽനിന്നും വിലക്ക് വാങ്ങും, അതുമല്ലങ്കിൽ താങ്കൾക്കവനിൽനിന്ന് നല്ലത് വാസനിക്കാം. എന്നാൽ ഉലയിൽ ഊതുന്നവൻ(കൊല്ലൻ) ഒന്നുകിൽ താങ്കളുടെ വസ്ത്രം(തീ പാറിച്ച്) കരിക്കും. അല്ലെങ്കിൽ താങ്കൾക്കവെനിൽനിന്ന് ദുർഗന്ധം മണക്കാം.)**[1]

സുഹൃദ് വലയത്തിൻെറ സൽസ്വാധീനം വിളിച്ചറിയിക്കുന്ന ഒരു സംഭവമാണ് യൂസുഫ് ഇബ്നു അസ്ബാത്വിൻേറത്. അദ്ദേഹം പറയുന്നു: "എൻെറ ബാപ്പ ക്വദ്രിയ്യാ വിശ്വാസക്കാരനായിരുന്നു. എൻെറ അമ്മാവന്മാരാകട്ടെ റാഫിദികളായിരുന്നു. പക്ഷേ അല്ലാഹു എന്നെ സുഫിയാനിലൂടെ രക്ഷപ്പെടുത്തി." [2]

അതിനാൽ തന്നെ, സുന്നത്ത് മുറുകെ പിടിക്കുന്ന ആളുകളോട് കൂട്ടുകൂടാനും ബിദ്അത്തിൻെറ ആളുകളെ വെടിയാനും പ്രോൽസാഹിപ്പിക്കുന്ന പൂർവ്വസൂരികളുടെ വാക്കുകൾ ധാരാളം വന്നിട്ടുണ്ട്.

---

[1] അസ്ഖലാനി, ഫത്ഹുൽബാരി 9:577

[2] ലാലികാഇ, ശറഹു ഉസൂലി ഇഅ്തിഖാദി അഹ്ലി സുന്ന1:60

അയ്യൂബുസുഖ്തിയാനി ﵁ പറയുകയാണ്: "വളർന്നു വലുതാക്കുന്ന അറബികളുടേയും അനറബിയുടേയും സൗഭാഗ്യമാണ്; അവർക്ക് ഒരു അഹ്‌ലുസുന്നത്തിലെ പണ്ഢിതനോടൊപ്പമിരുന്ന് പഠിക്കാനുള്ള ഉദവി അല്ലാഹു നൽകുകയെന്നത്."[1] അബ്ദുല്ലാഹ് ബ്നു ശൗദബ് ﵁ പറയുന്നു: "ഒരാൾ ഒരു ആരാധനാകർമ്മം നിർവ്വഹിക്കാൻ പുറപ്പെടുമ്പോൾ, സുന്നത്ത് മുറുകെപിടിച്ച് ജീവിക്കുന്ന ഒരാളെ സുഹൃത്തായി ലഭിക്കുകയെന്നത് അയാൾക്ക് അല്ലാഹു നൽകുന്ന അനുഗ്രഹത്തിൽ പെട്ടതാണ്"[2]

മലാഈ ﵁ പറയുന്നു: "ഒരു യുവാവ് അഹലുസുന്നത്തിവൽ ജമാഅത്തിൻെറ കൂടെ തൻെറ യൗവ്വനത്തിൽ വളരുന്നത് താങ്കൾ കണ്ടാൽ അവനിൽ നിങ്ങൾക്ക് പ്രതീക്ഷകൾ പുനരാവർത്തിക്കാം, ആ യൗവനം ബിദ്ഈ വിഭാഗങ്ങൾക്കൊപ്പമാണ് വളരുന്നത് താങ്കൾ കാണുന്നതെങ്കിൽ നീ അവനിൽ നിരാശപ്പെട്ടേക്കുക. കാരണം യുവത തങ്ങളുടെ യൗവ്വനത്തിൻെറ തുടക്കത്തിനനുസരിച്ചാണ്."[3]

ഇബ്നു അബ്ബാസ് ﵁ ഒരു മുന്നറിയിപ്പെന്നോണം പറഞ്ഞു:

" لاَ تَجْلِسْ أَهْلَ ٱلأَهْوَاءِ ، فَإِنَّ مُجَالَسَتَهُمْ مُمَرِّضَةٌ لِلْقَلْبِ "

"താങ്കൾ തന്നിഷ്ടത്തെ പിൻപറ്റുന്ന ദേഹേച്ഛക്കാരോടൊപ്പമിരിക്കരുത്. കാരണം അവരുടെ കൂടെയിരിക്കൽ ഹൃദയങ്ങൾക്ക് രോഗമുണ്ടാക്കും." [4]

---

[1] ലാലികാഇ, ശറഹു ഉസൂലി ഇഅ്തിഖാദി അഹ്‌ലി സുന്ന1:60

[2] ലാലികാഇ, ശറഹു ഉസൂലി ഇഅ്തിഖാദി അഹ്‌ലി സുന്ന1:60

[3] ഇബ്നു ബത്ത്വ, അൽ ഇബാനത്തുൽ കുബ്റാ 1:205

[4] ഇബ്നു ബത്ത്വ, അൽ ഇബാനത്തുൽ കുബ്റാ 1:371

അബൂ ഖിലാബ ﵁ പറയുന്നു: "നിങ്ങൾ തന്നിഷ്ടത്തെ പിൻപറ്റുന്ന ദേഹേച്ഛക്കാരോടൊപ്പമിരിക്കരുത്, അവരോട് നിങ്ങൾ തർക്കിക്കുകയുമരുത്. കാരണം അവർ അവരുടെ വഴികേടിൽ നിങ്ങളെ മുക്കികളയും എന്നതിൽ ഞാൻ നിർഭയനല്ല. അല്ലെങ്കിൽ നിങ്ങൾ നേരെ ചൊവ്വേ മനസ്സിലാക്കിയ വിഷയങ്ങളിൽ നിങ്ങൾക്ക് ആശയക്കുഴപ്പമുണ്ടാക്കും എന്നതിലും ഞാൻ നിർഭയനല്ല."[1]

# ഇത്തിബാഇന് തടസ്സമാകുന്ന കാര്യങ്ങൾ

നബി ﷺ യെ ശരിയായ വിധത്തിൽ അനുധാവനം ചെയ്യുന്നതിൽ തടയിടുന്ന ധാരാളം വിലങ്ങുകളുണ്ട്. അവയിൽ പ്രമുഖമായത് താഴെ വിവരിക്കാം.

## 1. അജ്ഞത.

ജഹ്ൽ (അറിവില്ലായ്മ) ഇത്തിബാഇന്ന് മുന്നിലെ ഏറ്റവും വലിയ കൂച്ചുവിലങ്ങാകുന്നു. നിഷിദ്ധങ്ങളിലഖിലവും അവ കുഫ്റായവയാകട്ടെ, ബിദ്അത്തുകളാകട്ടെ, പാപങ്ങളാകട്ടെ മനുഷ്യർ കൂപ്പുകുത്താനുള്ള ഏറ്റവും വലിയ കാരണവും അതാകുന്നു.[2] പ്രസ്തുത അജ്ഞത, നസ്സ്കൾ (വ്യക്തമായ തെളിവുകൾ) മനസ്സിലാകാത്തതിനാലും, അല്ലെങ്കിൽ നസ്സുകൾക്കാണ് മുൻഗണന, മറ്റുള്ളവയെല്ലാം നസ്സിനെ തുടർന്നുള്ളവയാണ് എന്ന് മനസ്സിലാകാത്തതിനാലും.

---

[1] ഇബ്നു ബത്ത്വ, അൽ ഇബാനത്തുൽ കുബ്റാ 1:369

[2] ശൈഖുൽ ഇസ്‌ലാം, മജ്മൂഅ് ഫതാവാ 14: 22

അതുമല്ലെങ്കിൽ വാക്കുകൾ വിളിച്ചറിയിക്കുന്ന ലക്ഷ്യങ്ങളെ കുറിച്ചും, ശരീഅത്തിൻെറ താൽപര്യങ്ങളെക്കുറിച്ചും, മുത്വ്ലഖ്, മുഖയ്യദ്,[1] ആമ്, ഖാസ്വ്,[2] നാസിഖ്, മൻസൂഖ്,[1]

---

[1] ഉപാധിവെക്കപ്പെടാത്ത രീതിയിൽ ഒരു കാര്യം കൈകാര്യം ചെയ്യുന്നരീതിയിലുള്ള ഒരു പദവുമായി നസ്സ്വ് (ഖണ്ഢിതമായ തെളിവ്) വന്നാൽ അതിന് മുത്വ്ലക്വ് എന്നും മറ്റൊരിടത്ത് പ്രസ്തുത പദം ഉപാധിവെക്കപ്പെട്ടാൽ അതിന് മുക്വയ്യദ് എന്നും പറയപ്പെടും. ഉദാഹരണം: സൂറത്തു ആലിഇംറാനിൽ അല്ലാഹു പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱتَّقُوا۟ ٱللَّهَ حَقَّ تُقَاتِهِۦ ﴾

“സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്.” (വി.ക്വു. 3:102)

പിന്നീട് സൂറത്തുത്തഗാബുനിൽ അല്ലാഹു പറഞ്ഞു:

﴿ فَٱتَّقُوا۟ ٱللَّهَ مَا ٱسْتَطَعْتُمْ ﴾

“അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക.. ..” (വി.ക്വു. 64:16)

ഇവിടെ ഒന്നാമത്തെ ആയത്തിൽ തക്വ്വകൊണ്ടുള്ള നിരുപാധികമായ(മുത്വ്ലക്വായ) കൽപനയാണ് അല്ലാഹു നടത്തിയത്. എന്നാൽ രണ്ടാമത്തെ ആയത്തിൽ ഉപാധിയോടുകൂടിയുള്ള(മുക്വയ്യദായ) കൽപനയാണുള്ളത്.

[2] നസ്സ്വ് ഒരുപദം കൊണ്ടുവരികയും പ്രസ്തുതപദം കൈകാര്യം ചെയ്യുന്ന മുഴുവൻ ആശയങ്ങളേയും അത് വിളിച്ചറിയിക്കുകയും ചെയ്യുന്നുവെങ്കിൽ അതിന്ന് "ആമ്" എന്നും ശേഷം പ്രസ്തുതപദം വിളിച്ചറിയിക്കുന്ന പൊതുആശയങ്ങളിൽ ചിലതിനെ മറ്റൊരു നസ്സ്വി

ലെ പദം പ്രത്യേകമാക്കുന്നുവെങ്കിൽ(തഖ്സ്വീസ്വ്) അതിന്ന് "ഖാസ്വ്" എന്നും പറയപ്പെടും.

ഉദാഹരണം: സൂറത്ത് നൂറിൽ അല്ലാഹു പറഞ്ഞു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَدْخُلُواْ بُيُوتًا غَيْرَ بُيُوتِكُمْ حَتَّىٰ تَسْتَأْنِسُواْ وَتُسَلِّمُواْ عَلَىٰٓ أَهْلِهَا ۚ ذَٰلِكُمْ خَيْرٌ لَّكُمْ لَعَلَّكُمْ تَذَكَّرُونَ ﴾

"ഹേ; സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ (ഇതു പറയുന്നത്)." (വി.ക്യു. 24:27)

പിന്നീട് സൂറത്തുന്നൂറിലെ തന്നെ 29-ാം വചനത്തിൽ അല്ലാഹു പറഞ്ഞു:

﴿ لَّيْسَ عَلَيْكُمْ جُنَاحٌ أَن تَدْخُلُواْ بُيُوتًا غَيْرَ مَسْكُونَةٍ فِيهَا مَتَٰعٌ لَّكُمْ ۚ وَٱللَّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ ﴾

"ആൾ പാർപ്പില്ലാത്തതും, നിങ്ങൾക്ക് എന്തെങ്കിലും ഉപയോഗമുള്ളതുമായ ഭവനങ്ങളിൽ നിങ്ങൾ പ്രവേശിക്കുന്നതിന് നിങ്ങൾക്ക് കുറ്റമില്ല. നിങ്ങൾ വെളിപ്പെടുത്തുന്നതും നിങ്ങൾ ഒളിച്ചു വെക്കുന്നതും അല്ലാഹു അറിയുന്നു." (വി.ക്യു. 24:29)

ഇവിടെ ഒന്നാമത്തെ ആയത്തിൽ അനുമതിചോദിക്കാതെ അന്ന്യരുടെ വീടുകളിലേക്ക് പ്രവേശിക്കുന്നതിനെ അല്ലാഹു നിരോധിച്ചു. പ്രസ്തുത നിരോധത്തിൽ എല്ലാവീടുകളും ഉൾപ്പെട്ടു. എന്നാൽ 29-ാം വചനത്തിൽ ആൾപാർപ്പില്ലാത്ത വീടുകളിലേക്ക് വല്ല

ആവശ്യനിർവ്വഹണത്തിനും അനുവാദമില്ലാതെതന്നെ പ്രവേശിക്കൽ അല്ലാഹു അനുവദിച്ചു.

[1] മുമ്പ് സ്ഥിരപ്പെട്ട വിധിയെ പിന്നീട് ദുർബലപ്പെടുത്തുമ്പോൾ ദുർബലപ്പെടുത്തിയ വിധിയാണ് നാസിഖ്. ദുർബലപ്പെടുത്തപ്പെട്ട വിധിയാണ് മൻസൂഖ്. ഉദാഹരണം., അല്ലാഹു പറഞ്ഞു :

﴿ وَعَلَى ٱلَّذِينَ يُطِيقُونَهُۥ فِدْيَةٌ طَعَامُ مِسْكِينٍ ۖ فَمَن تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهُۥ ۚ وَأَن تَصُومُوا۟ خَيْرٌ لَّكُمْ ﴾

“ (ഞെരുക്കം കൊണ്ട് മാത്രം) അതിന് സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മ ചെയ്താൽ അതവന്ന് ഗുണകരമാകുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്ക് കൂടുതൽ ഉത്തമം.” (വി.ക്വു. 2:184)

ശേഷം 185 – ാം വചനത്തിൽ അല്ലാഹു പറഞ്ഞു :

﴿ فَمَن شَهِدَ مِنكُمُ ٱلشَّهْرَ فَلْيَصُمْهُ ﴾

“........അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ അവർ ആ മാസം നോമ്പനുഷ്ഠിക്കേണ്ടതാണ്.....”(വി.ക്വു.2:185) ഇവിടെ ആദ്യത്തെ ആയത്ത് മൻസൂഖും രണ്ടാമത്തേത് നാസിഖുമാണ്. കാരണം സലമത്ത് ഇബ്നു അക്‌വഅ് ﷺ പറയുന്നു:

﴿ وَعَلَى ٱلَّذِينَ يُطِيقُونَهُۥ فِدْيَةٌ طَعَامُ مِسْكِينٍ ﴾

**മുജ്മൽ, മുബയ്യിൻ [1] പോലുള്ള കർമ്മ ശാസ്ത്രത്തിൻെറ നിദാന ശാസ്ത്ര സംബനധികളായ സാങ്കേതിക സ്വരങ്ങൾ അറിയാതിരുന്നാലും സംഭവിക്കും. [1]**

---

"(ഞെരുക്കംകൊണ്ട് മാത്രം) അതിന് സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്...." (വി.ക്വു.2:184) എന്ന ആയത്തിറങ്ങിയപ്പോൾ ഞങ്ങളിൽ നോമ്പെടുക്കാതെ ഫിദ്യ നൽകാൻ ഉദ്ദേശിക്കുന്നവർക്ക് അങ്ങനെ ചെയ്യാമായിരുന്നു. ഈ ആയത്തിന് ശേഷമുള്ള ആയത്ത് ഇറങ്ങുന്നതുവരെ. അപ്പോൾ ശേഷമുള്ള ആയത്ത് അതിനെ ദുർബലപ്പെടുത്തി (അബൂ ദാവൂദ് :506,507)

[1] മുജ്മൽ, മുബയ്യിൻ എന്നീ സാങ്കേതിക നാമങ്ങളെ വിശദീകരിക്കുന്ന ഒരു സംഭവം അബൂഹുറൈറ ﵁വിൽനിന്ന് ഇമാം മുസ്‌ലിം﵀ തൻെറ സ്വഹീഹിൽ ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു:

﴿ لِّلَّهِ مَا فِي ٱلسَّمَٰوَٰتِ وَمَا فِي ٱلْأَرْضِ ۗ وَإِن تُبْدُوا۟ مَا فِيٓ أَنفُسِكُمْ أَوْ تُخْفُوهُ يُحَاسِبْكُم بِهِ ٱللَّهُ ۖ فَيَغْفِرُ لِمَن يَشَآءُ وَيُعَذِّبُ مَن يَشَآءُ ۗ وَٱللَّهُ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴾

"ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹുവിൻെറതാകുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത് നിങ്ങൾ വെളിപ്പെടുത്തിയാലും മറച്ചുവെച്ചാലും അല്ലാഹു നിങ്ങളോട് കണക്ക് ചോദിക്കുക തന്നെചെയ്യും. എന്നിട്ടവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുകയും അവനുദ്ദേശിക്കുന്നവരെ ശിക്ഷിക്കുകയും ചെയ്യും. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു" (വി. ഖു. 2:284)

ഈ വചനം അല്ലാഹുവിൻെറ റസൂൽ ﷺക്ക് അവതരിച്ചപ്പോൾ അവിടുത്തെ സ്വഹാബികൾക്ക്﵃ പ്രയാസമായി. അവർ അല്ലാഹുവിൻെറ റസൂൽ ﷺയുടെ അടുക്കൽ വന്നുമുട്ടുകുത്തിനിന്നുകൊണ്ട് പ-

റഞ്ഞു: അല്ലാഹുവിൻെറ റസൂലെ, നമസ്കാരം, നോമ്പ്, സ്വദഖ, ജിഹാദ് എന്നിങ്ങനെ ഞങ്ങൾക്ക് സാധ്യമായ പ്രവർത്തികൾ കൊ-ണ്ടാണ് ഞങ്ങൾ കൽപ്പിക്കപ്പെട്ടിരുന്നത്. താങ്കൾക്കിതാ ഈ വചനം ഇറങ്ങിയിരിക്കുന്നു; ഞങ്ങൾക്കാകട്ടെ അത് സാധിക്കുന്നുമില്ല. അല്ലാഹുവിൻെറ റസൂൽﷺ പറഞ്ഞു: "നിങ്ങളുടെ മുമ്പ് വേദക്കാർ പറഞ്ഞത് പോലെ 'ഞങ്ങൾ കേൾക്കുകയും ധിക്കരിക്കുകയും ചെയ്തിരിക്കുന്നു' എന്ന് പറയാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്? നിങ്ങൾ പറയേണ്ടത്:

'ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ)മടക്കം." എന്നാണ്. അവർ പറഞ്ഞു:

'ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ)മടക്കം' ജനങ്ങളെല്ലാം ഇത് ഏറ്റ് ചൊല്ലുകയും അവരുടെ നാവുകൾക്ക് അത് എളുപ്പമാകുകയും ചെയ്തപ്പോൾ അതിനെത്തുടർന്ന് അല്ലാഹു,

﴿ ءَامَنَ ٱلرَّسُولُ بِمَآ أُنزِلَ إِلَيۡهِ مِن رَّبِّهِۦ وَٱلۡمُؤۡمِنُونَۚ كُلٌّ ءَامَنَ بِٱللَّهِ وَمَلَٰٓئِكَتِهِۦ وَكُتُبِهِۦ وَرُسُلِهِۦ لَا نُفَرِّقُ بَيۡنَ أَحَدٖ مِّن رُّسُلِهِۦۚ وَقَالُواْ سَمِعۡنَا وَأَطَعۡنَاۖ غُفۡرَانَكَ رَبَّنَا وَإِلَيۡكَ ٱلۡمَصِيرُ ﴾

"തൻെറ രക്ഷിതാവിങ്കൽനിന്ന് തനിക്ക് അവതരിക്കപ്പെട്ടതിൽ റസൂ-ൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും. അവരെല്ലാം അല്ലാഹുവിലും, അവൻെറ മലക്കുകളിലും, അവൻെറ വേദഗ്രന്ഥങ്ങളിലും, അവൻെറ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങ-

ൾ കൽപ്പിക്കുന്നില്ല. (ഇന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു: 'ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ! ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു (ഞങ്ങളുടെ)മടക്കം” (വി. ഖു. 2:285) എന്ന വചനം അവതരിപ്പിച്ചു. അവർ അപ്രകാരം പ്രവർത്തിച്ചപ്പോൾ അല്ലാഹു അതിനെ ദുർബലപ്പെടുത്തി. തുടർന്ന് അല്ലാഹു,

﴿ لَا يُكَلِّفُ ٱللَّهُ نَفۡسًا إِلَّا وُسۡعَهَاۚ لَهَا مَا كَسَبَتۡ وَعَلَيۡهَا مَا ٱكۡتَسَبَتۡۗ رَبَّنَا لَا تُؤَاخِذۡنَآ إِن نَّسِينَآ أَوۡ أَخۡطَأۡنَا ﴾

“അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽപെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിൻെറ സൽഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിൻെറ ദുഷ്ഫലവും അവരവരുടെമേൽ തന്നെ. ഞങ്ങളുടെ നാഥാ, ഞങ്ങൾ മറന്നുപോകുകയോ ഞങ്ങൾക്ക് തെറ്റുപറ്റുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ....” (വി.ഖു.2:286) എന്ന വചനം അവതരിപ്പിച്ചു. അദ്ദേഹം പറഞ്ഞു: അതെ.

رَبَّنَا وَلَا تَحۡمِلۡ عَلَيۡنَآ إِصۡرًا كَمَا حَمَلۡتَهُۥ عَلَى ٱلَّذِينَ مِن قَبۡلِنَاۚ

“ഞങ്ങളുടെ നാഥാ, ഞങ്ങളുടെ മുൻഗാമികളുടെമേൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെമേൽ നീ ചുമത്തരുതേ....” (വി. ഖു. 2:286) അദ്ദേഹം പറഞ്ഞു: അതെ.

رَبَّنَا وَلَا تُحَمِّلۡنَا مَا لَا طَاقَةَ لَنَا بِهِۦۖ

“ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ....” (വി. ഖു. 2:286) അദ്ദേഹം പറഞ്ഞു: അതെ.

അറിവില്ലായ്മ വരുത്തിവക്കുന്ന മഹാ അപകടത്താൽ വിശുദ്ധ ക്വുർആനും ശരിയായ സുന്നത്തും അതിനെതിരിൽ മുന്നറിയിപ്പ് നൽകികൊണ്ടും അതിൻെറ അപകടം വ്യക്തമാക്കിക്കൊണ്ടും ധാരാളം പ്രമാണങ്ങൾ ഉൾകൊണ്ടതായി നമുക്ക് കാണാം. പ്രസ്തുത പ്രമാണങ്ങൾ അറിവിനെ പ്രോൽസാഹിപ്പിക്കുകയും അതിൻെറ ശ്രേഷ്ടത വ്യക്തമാക്കുക യും ചെയ്യുന്നു. അവയിൽ ചിലത് താഴെ:

## വിശുദ്ധ ഖുർആൻ വചനങ്ങൾ:

അല്ലാഹു ﷻ പറയുന്നു:

﴿ قُلْ إِنَّمَا حَرَّمَ رَبِّىَ ٱلْفَوَٰحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ وَٱلْإِثْمَ وَٱلْبَغْىَ بِغَيْرِ ٱلْحَقِّ
وَأَن تُشْرِكُوا۟ بِٱللَّهِ مَا لَمْ يُنَزِّلْ بِهِۦ سُلْطَٰنًا وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴾

---

﴿ وَٱعْفُ عَنَّا وَٱغْفِرْ لَنَا وَٱرْحَمْنَآ ۚ أَنتَ مَوْلَىٰنَا فَٱنصُرْنَا عَلَى ٱلْقَوْمِ ٱلْكَٰفِرِينَ ﴾

"ഞങ്ങൾക്ക് നീ മാപ്പ് തരികയും, ഞങ്ങളോട് നീ പൊറുക്കുകയും, കരുണകാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനതക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ...." (വി.ഖു.2:286) അദ്ദേഹം പറഞ്ഞു: അതെ. (സ്വഹീഹ് മുസ്ലിം) ഇവിടെ ആദ്യത്തെ ആയത്തിലെ (വി. ഖു.2:284) അവ്യക്തമെന്ന് തോന്നിക്കുന്ന പ്രയോഗത്തെ അവസാനത്തെ ആയത്ത് (വി.ഖു.2:286) വിശദമാക്കി. (മുത്വ്‌ലഖ്, മുഖയ്യദ്, ആമ്, ഖാസ്വ്, നാസിഖ്, മൻസൂഖ്, മുജ്മൽ, മുബയ്യിൻ എന്നീ സാങ്കേതിക സംജ്ഞകൾക്ക് നിർവ്വചനങ്ങളും ഉദാഹരണങ്ങളും എടുത്തത് അബ്ദുല്ലാഹ് അൽജുദയ്ഇയുടെ "അൽമുഖദ്ദിമാത്തുൽ അസാസിയ്യ ഫീ ഉലൂമിൽ ഖുർആൻ" എന്ന ഗ്രന്ഥത്തിൽ നിന്നാണ്. വിവ:)

[1] അൽ ഗാമിദി, ഹഖീഖത്തുൽ ബിദ്അഃ 1:177-178

"പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും, അധർമ്മവും, ന്യായംകൂടാതെയുള്ള കയ്യേറ്റവും, യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്ക് ചേർക്കുന്നതും, അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്." (വി.ക്വു. 7:33)

ശൈഖ് നാസ്വിറുസ്സഅ്ദി ﵀

﴿ وَأَن تَقُولُواْ عَلَى ٱللَّهِ مَا لَا تَعۡلَمُونَ ﴾

"(പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത്) അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്." (വി.ക്വു. 7:33) എന്ന ഭാഗത്തെ വിവരിച്ച് പറയുന്നു: "അത് അല്ലാഹുവിന്റെ നാമങ്ങളിലും ഗുണവിശേഷണങ്ങളിലും പ്രവർത്തികളിലും ദീനിലുമാകുന്നു." [1]

ഇമാം ഇബ്നു ഖയ്യിം ﵀ പറയുന്നു: "വിവരമില്ലാത്ത കാര്യങ്ങൾ അല്ലാഹുവിന്റെമേൽ പറഞ്ഞുണ്ടാക്കുകയെന്നതാണ് നിഷിദ്ധങ്ങളിൽ അതികഠിനവും ഏറ്റവും വലിയ പാപവും. അത് കൊണ്ടാണ് മതങ്ങളാകട്ടെ മതനിയമങ്ങളാകട്ടെ ഒരു കാലത്തും അനുവദനീയമായി കാണാത്ത, നിഷിദ്ധമായി മാത്രം കണ്ട നിഷിദ്ധകാര്യങ്ങളിൽ നാലാമതായി പറയപ്പെട്ടത്. ഇവിടെ നാല് നിഷിദ്ധകാര്യങ്ങളുടെ പട്ടിക പറയപ്പെട്ടപ്പോൾ താരതമ്യേന പാപഭാരം കുറഞ്ഞത് ആദ്യം പറയുകയും പിന്നീട്

[1] തഫ്സീറുസ്സഅ്ദി 3:22

പാപഭാരം കൂടിയത് എണ്ണുകയുമാണുണ്ടായത്. അതിനാലാണ് നാലാമതായി അല്ലാഹു ﷻ പറഞ്ഞത്:

﴿ وَأَن تَقُولُوا۟ عَلَى ٱللَّهِ مَا لَا تَعْلَمُونَ ﴾

"(പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത്) അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്ക് വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്." (വി.ക്വു. 7:33)

അപ്പോൾ വിവരമില്ലാത്തത് അല്ലാഹുവിന്റെ മേൽ കെട്ടിവെച്ച് പറയുകയെന്നത് അവന്റെയടുത്ത് വലിയ നിഷിദ്ധവും അതികുറ്റകരവുമാണ്. കാരണം പ്രസ്തുത കുറ്റം അല്ലാഹുവിന്റെ പേരിൽ കളവുപറയുക, അല്ലാഹുവിനെ അവന് യോജിക്കാത്ത കാര്യങ്ങളിലേക്ക് ചേർക്കുക, അവന്റെ ദീൻ മാറ്റിമറിക്കുക, കോട്ടിമാട്ടുക, അവൻ സ്ഥാപിച്ചതിനെ നിഷേധിക്കുക, നിഷേധിച്ചതിനെ സ്ഥാപിക്കുക, അസാധുവാക്കിയതിനെ സാധൂകരിക്കുക, സാധൂകരിച്ചതിനെ അസാധുവാക്കുക, അവൻ മൈത്രി പുലർത്തിയവരോട് ശത്രുത പുലർത്തുക, അവന്റെ ശത്രുക്കളെ മിത്രങ്ങളാക്കുക, അവൻ ഇഷ്ടപ്പെട്ടതിനെ വെറുക്കുക, അവൻ വെറുത്തതിനെ ഇഷ്ടപ്പെടുക, അവന്റെ സത്തക്കും വിശേഷണങ്ങൾക്കും വാക്കുകൾക്കും അനുയോജ്യമല്ലാത്തത്കൊണ്ട് അവനെ വിശേഷിപ്പിക്കുക എന്നീ കാര്യങ്ങളെല്ലാം പ്രസ്തുത പാപത്തിൽ ഉൾപ്പെടുന്നു. നിഷിദ്ധങ്ങളുടെ ഇനങ്ങളിൽ ഇതിനേക്കാൾ വലിയ കുറ്റവും പാപവും അല്ലാഹുവിങ്കൽ ഇല്ല തന്നെ. ശിർക്കിന്റേയും കുഫ്റിന്റേയും മൂലകാരണമാണിത്. ഇതിന്മേലാണ് ബിദ്അത്തുകളും വഴികേടുകളും സ്ഥാപിതമായത്. മതത്തിൽ കടന്നുകൂടിയ വഴികേടിലാഴ്ത്തുന്ന മുഴുവൻ ബിദ്അത്തുകളുടേയും നിദാനശില 'വിവരമില്ലാത്ത

കാര്യങ്ങൾ അല്ലാഹുവിൻെറമേൽ കറ്റുകെട്ടി പറയുക* എന്ന വൻ പാപമാണ്............"[1] അല്ലാഹു ﷻ പറഞ്ഞു:

﴿ وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ إِنَّ ٱلسَّمْعَ وَٱلْبَصَرَ وَٱلْفُؤَادَ كُلُّ أُو۟لَـٰٓئِكَ كَانَ عَنْهُ مَسْـُٔولًا ﴾

"നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിൻേറയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യംചെയ്യപ്പെടുന്നതാണ്."

(വി.ക്യു. 17:36)

സയ്യിദ് ഖുതുബ് പറയുന്നു: "ഇസ്‌ലാമിക വിശ്വാസ സംഹിത മുഴുവനും വ്യക്തതയുടേയും അവക്രതയുടേയും തെളിമയുടേയും ദർശനമാണ്. അതിലൊന്നുമേ ഊഹത്തിന്മേലോ, ധാരണയിലോ, സന്ദേഹത്തിലോ സ്ഥാപിതമല്ല......"

അതിനാലാണ് അല്ലാഹു ﷻ പറഞ്ഞത്:

﴿ وَلَا تَقْفُ مَا لَيْسَ لَكَ بِهِۦ عِلْمٌ ۚ ﴾

"നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിൻേറയും പിന്നാലെ നീ പോകരുത്..." (വി.ക്യു. 17:36) നീ ദൃഢമായ അറിവ് ലഭിക്കാത്തതും ശരിയാണോ എന്ന് ഉറപ്പുവരുത്താത്തതും പിൻ പറ്റിപോകരുത്. അത് പറയപ്പെടുന്ന വാക്കാകട്ടെ, ഉദ്ധരിക്കപ്പെടുന്ന റിപ്പോർട്ടാകട്ടെ, വ്യഖ്യാനിക്കപ്പെടുന്ന ഒരു സംഭവമാകട്ടെ,

---

[1] ഇമാം ഇബ്നുൽ ഖയ്യിം, മദാരിജുസ്സാലികീൻ 1:178

കാരണം വ്യക്തമാക്കുന്ന ഒരു പ്രശ്നമാകട്ടെ, മതപരമായ ഒരു വിധിയാകട്ടെ, വിശ്വാസപരമായ ഒരു പ്രശ്നമാവട്ടെ[1]

<u>പ്രവാചകവചനങ്ങൾ:</u>

അബ്ദുല്ലാഹി ഇബ്നു അംറ്ﷺവിൽ നിന്ന് നിവേദനം, അദ്ദേഹം പറഞ്ഞു: നബിﷺ പറഞ്ഞിരിക്കുന്നു:

﴿إِنَّ اللهَ لاَ يَقْبِضُ الْعِلْمَ انْتِزَاعاً يَنْتَزِعُهُ مِنَ الْعِبَادِ ، وَلَكِنْ يَقْبِضُ الْعِلْمَ بِقَبْضِ الْعُلَمَاءِ ، حَتَى إِذَا لَمْ يَبْقَ عَالماً اتَّخَذَ النَّاسُ رُؤُوساً جُهَّالاً ، فَسُئِلُوا فَأَفْتَوْا بِغَيْرِ عِلْمٍ ، فَضَلُّوا وَ أَضَلُّوا﴾

((നിശ്ചയം, അല്ലാഹു വിജ്ഞാനത്തെ അടിയാറുകളിൽ നിന്ന് ഒറ്റയടിക്ക് ഊരിയെടുക്കില്ല. പക്ഷേ, അവൻ പണ്ഢിതന്മാരെ മരണത്തിലൂടെ പിടിച്ചെടുത്ത് അറിവെടുക്കും. പിന്നീട് ഒരു പണ്ഢിതനും അവശേഷിക്കാതെ വന്നാൽ ജനങ്ങൾ വിഢ്ഢികളായ നേതാക്കളെ സ്വീകരിക്കും. അവർ ചോദിക്കപ്പെടുകയും വിവരക്കേട് ഫത്വയായി നൽകുകയും ചെയ്യും, അതോടെ അവർ പിഴക്കും, അവർ (മറ്റുള്ളവരെ) പിഴപ്പിക്കുകയും ചെയ്യും))[2] അലിﷺവിൽനിന്ന് ഖവാരിജുകളുടെ പ്രത്യേകതയെന്നോണം നിവേദനം ചെയ്യപ്പെടുന്നു. അദ്ദേഹം പറഞ്ഞു: നബിﷺ പറയുന്നതായി ഞാൻ കേട്ടു:

---

[1] സയ്യിദ് ഖുതുബ്, ഫീ ളിലാലിൽ ഖുർആൻ 4:2227

[2] അസ്ഖലാനി, ഫത്ഹുൽബാരി 1:23

﴿سَيَخْرُجُ فِي آخرِ الزَّمَانِ قَوْمٌ أَحْدَاثُ ٱلْأَسْنَانِ ، سُفَهَاءُ ٱلْأَحْلاَمِ ، يَقُولُونَ مِنْ كَلاَمِ خَيْرِ الْبَـــرِيَّةِ ، يَقْرَؤُونَ الْقُرْآنَ لاَ يُجَاوِزُ حَنَاجِـــرَهُمْ ، يَمْرُقُـــونَ مِـــنَ الدِّينِ كَمَا يَمْـــرُقُ السَّـــهْمُ مِنَ الرَّمِـــيَّةِ ......﴾

(( കാലം അവസാനിക്കാറായാൽ ഒരു വിഭാഗം പുറത്ത് വരും, അവർ ചെറുപ്പക്കാരായിരിക്കും, ബുദ്ധിഹീനരുമായിരിക്കും. അവർ സൃഷ്ടികളിൽ ഉത്തമരുടെ വാക്കായിരിക്കും പറയുക. അവർ ക്വുർആൻ ഓതിയാൽ അവരുടെ തൊണ്ടക്കുഴിക്കപ്പുറം (ഹൃദയത്തിലേക്ക്) അത് വിട്ടിറങ്ങില്ല. വില്ലിൽ നിന്ന് അമ്പ് തെറിച്ച് പോകുന്നത് പോലെ അവർ ദീനിൽ നിന്ന് തെറിച്ച് പോകും......))[1]

## സലഫുകളുടെ വാക്കുകൾ:

ഇബ്നു മസ്ഊദ്ﷺ പറയുന്നു:

" اُغْدُ عَالماً أَوْ مُتَعَلِّماً أَوْ مُسْتَمِعاً وَلاَ تَكُنْ الرَّابِعَ فَتَهْلَكَ " "നീയൊരു പണ്ഡിതനോ പഠിതാവോ ശ്രോതാവോ ആയി പ്രയാണം നടത്തുക. ഒരു നാലാമൻ(അറിവില്ലാത്തവൻ) നീയാകരുത് എങ്കിൽ നീ നശിക്കും"[2] സൽമാനുൽ ഫാരിസിﷺ പറയുന്നു:

" لاَ يَزَالُ النَّاسُ بِخَيْرٍ مَا بَقِيَ ٱلْأَوَّلُ ، حَتَى يَتَعَلَّمَ الآخِرُ ، فَإِذَا هَلَكَ ٱلْأَوَّلُ قَبْلَ أَنْ يَتَعَلَّمَ ٱلآخِرُ هَلَكَ النَّاسُ "

[1] മുസ്ലിം, 2:747

[2] സുനനുദ്ദാരിമി 1:84

"പിൻഗാമി പഠിക്കുന്നതുവരെ (പണ്ഡിതനായ) പൂർവ്വികൻ ജീവിച്ചാൽ ജനങ്ങളെല്ലാം നന്മയിൽ ആയിക്കൊണ്ടായിരിക്കും. പിൻഗാമി പഠിക്കുന്നതിന് മുമ്പ് (പണ്ഡിതനായ) പൂർവ്വികൻ മരണപ്പെട്ടാൽ ലോകം നശിച്ചു." [1]

## രണ്ട്.) ദേഹേച്ഛയെ പിൻപറ്റൽ.

തന്നിഷ്ടം പിൻപറ്റലും മനുഷ്യമനസ്സുകൾ ഇച്ഛിക്കുന്നത് അനുഗമിക്കലും ഇത്തിബാഇന്ന് മുന്നിലെ വലിയ തടസ്സവും വ്യതിയാനത്തിൻെറ നിമിത്തവും സത്യത്തിൽ നിന്നുള്ള മാർഗ്ഗഭ്രംശവുമാണ്. മാത്രമല്ല, മുഴുവൻ ബിദ്അത്തുകളും കുറ്റകൃത്യങ്ങളും നാന്ദികുറിക്കുന്നത്, ശരിയായ പ്രമാണങ്ങളേക്കാൾ ഇച്ഛയെ മുന്തിപ്പിക്കുന്നതിൽ നിന്നാണ്. കാരണം താൻ ഇഷ്ടപ്പെടുകയും ഇച്ഛിക്കുകയും ചെയ്യുന്നതെന്തോ അതിലേക്ക് ചായുകയെന്നതാണ് മനുഷ്യമനസ്സിൻെറ പ്രകൃതി. അത്തരം ഒരു മനസ്സിൻെറ ഉടമക്ക് തൻെറ വിശ്വാസം ദൃഢമാകാത്തിടത്തോളം കാലവും, ഉറപ്പ് രൂഢമൂലമാകാത്തിടത്തോളം കാലവും മനസ്സിനെ അതിൻെറ ഇച്ഛയിൽനിന്ന് തെറ്റിക്കാനാകില്ല – വിശിഷ്യാ മനസ്സ് ഇച്ഛക്ക് അടിമയായി മാറിയിട്ടുണ്ടെങ്കിൽ. മാത്രമല്ല റസൂൽﷺയെ അനുധാവനം ചെയ്യാത്തവരും അദ്ദേഹം കൊണ്ടുവന്നതിൽ വിശ്വാസമർപ്പിച്ച് ഉത്തരം ചെയ്യാതിരിക്കുകയും ചെയ്തവരെല്ലാം തന്നെ സന്മാർഗ്ഗം തേടുന്നവരല്ല, പ്രത്യുത ദേഹേച്ഛ തേടിയലയുന്നവരും അത് പിൻപറ്റുന്നവരുമാണ്.[2] അതിനാൽ തന്നെ തന്നിഷ്ടം പിൻപറ്റുന്നതിനെ ആക്ഷേപിച്ചും തൽവിഷയത്തിൽ താ

[1] സുനനുദ്ദാരിമി 1:84

[2] തഫ്സീറുസ്സഅ്ദി 6:33

ക്കിതെന്നോണവും തെളിവുകൾ ഒട്ടനവധി വന്നിരിക്കുന്നു:

അല്ലാഹു ﷻ പറയുന്നു :

﴿ فَإِن لَّمْ يَسْتَجِيبُوا لَكَ فَاعْلَمْ أَنَّمَا يَتَّبِعُونَ أَهْوَاءَهُمْ ۚ وَمَنْ أَضَلُّ مِمَّنِ اتَّبَعَ هَوَاهُ بِغَيْرِ هُدًى مِّنَ اللَّهِ ۚ إِنَّ اللَّهَ لَا يَهْدِي الْقَوْمَ الظَّالِمِينَ ﴾

"ഇനി നിനക്ക് അവർ ഉത്തരം നൽകിയില്ലെങ്കിൽ തങ്ങളുടെ തന്നിഷ്ടങ്ങളെ മാത്രമാണ് അവർ പിന്തുടരുന്നത് എന്ന് നീ അറിഞ്ഞേക്കുക. അല്ലാഹുവിങ്കൽ നിന്നുള്ള യാതൊരു മാർഗ്ഗദർശനവും കൂടാതെ തന്നിഷ്ടത്തെ പിൻതുടർന്നവരേക്കാൾ വഴിപിഴച്ചവർ ആരുണ്ട്? അല്ലാഹു അക്രമികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല; തീർച്ച" (വി.ക്യു. 28:50)

വീണ്ടും അല്ലാഹു ﷻ പറയുന്നു:

﴿ أَفَرَأَيْتَ مَنِ اتَّخَذَ إِلَٰهَهُ هَوَاهُ وَأَضَلَّهُ اللَّهُ عَلَىٰ عِلْمٍ وَخَتَمَ عَلَىٰ سَمْعِهِ وَقَلْبِهِ وَجَعَلَ عَلَىٰ بَصَرِهِ غِشَاوَةً فَمَن يَهْدِيهِ مِن بَعْدِ اللَّهِ ۚ أَفَلَا تَذَكَّرُونَ ﴾

"എന്നാൽ തൻെറ ദൈവത്തെ തൻെറ തന്നിഷ്ടമാക്കിയവനെ നീ കണ്ടുവോ? അറിഞ്ഞുകൊണ്ടുതന്നെ അല്ലാഹു അവനെ പിഴവിലാക്കുകയും, അവൻെറ കാതിനും ഹൃദയത്തിനും മുദ്ര വെക്കുകയും, അവൻെറ കണ്ണിന്മേൽ ഒരു മൂടിയുണ്ടാക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹുവിന് പുറമെ ആരാണ് അവനെ നേർവഴിയിലാക്കുവാനുള്ളത്? എന്നിരിക്കെ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ?" (വി.ക്യു.45:23)

മുആവിയാ ﷺ നിവേദനം, അദ്ദേഹം പറഞ്ഞു: നബി ﷺ പറഞ്ഞിരിക്കുന്നു:

﴿وَ إِنَّهُ سَيَخْرُجُ مِنْ أُمَّتِي أَقْوَامٌ تَجَارَى بِهِمْ تِلْكَ الْأَهْوَاءُ كَمَا يَتَجَارَى الْكَلَبُ لِصَاحِبِهِ ، لاَ يَبْقَى مِنْهُ عِرْقٌ وَلاَ مَفْصَلٌ إِلاَّ دَخَلَهُ﴾

((എന്റെ ഉമ്മത്തികളിൽ ഒരു വിഭാഗം പുറത്ത് വരാനിരിക്കുന്നു. അവരേയും കൊണ്ട് തന്നിഷ്ടങ്ങൾ ചലിക്കും, പേരോഗം അത് ബാധിച്ചവനിൽ ചലിക്കുന്നത് പോലെ; അയാളിൽ ഒരു സന്ധിയോ നാഡിയോ അവശേഷിക്കുകയില്ല (പേരോഗം) കടന്നുചെല്ലാതെ.))[1]

ദേഹേച്ഛകൾ പിൻപറ്റുന്നതിനെ പ്രവാചകൻ ﷺ ഭയപ്പെട്ടിരുന്നു. അദ്ദേഹം അല്ലാഹുവിൽനിന്ന് ഇപ്രകാരം രക്ഷ തേടാറുണ്ടായിരുന്നു.

﴿اَللَّهُمَّ إِنِّي أَعُوذُ بِكَ مِنْ مُنْكَرَاتِ الْأَخْلاَقِ وَالْأَعْمَالِ وَالْأَهْوَاءِ﴾

((അല്ലാഹുവേ, അധിക്ഷിപ്ത സ്വഭാവങ്ങളിൽനിന്നും, പ്രവർത്തികളിൽനിന്നും ദേഹേച്ഛകളിൽനിന്നും നിന്നോട് ഞാൻ കാവലിനെ തേടുന്നു.))[2]

ദേഹേച്ഛ ഒരാളുടെ ഉള്ളിൽ ഉണ്ടാകുകയെന്നതല്ല പ്രശ്നം; കാരണം അത് പരീക്ഷണത്തിന്റെ മേഖലയാണ്, അയാൾ (ദേഹേച്ഛയെ ഇല്ലാതാക്കൽ) ഉടമപ്പെടുത്തിയതായിക്കൊള്ളണമെന്നില്ല. പ്രശ്നം ഒരാൾ ഇച്ഛയെ പിൻതുടരുകയും, ഇച്ഛ ഇഷ്ടപ്പെടുന്നത് അവൻ സ്വീകരിക്കുകയും,

---

[1] അൽബാനി, സ്വഹീഹ് അബീദാവീദ് 3:869
[2] അൽബാനി, സ്വഹീഹ് അത്തിർമിദി 3:184

ഇച്ഛ വെറുക്കുന്നത് തള്ളുകയും, അല്ലാഹുവിൻെറ ഇഷ്ട ത്തോട് യോജിക്കട്ടെ വിയോജിക്കട്ടെ, രണ്ടായാലും തനിക്ക് പറയാനും ചെയ്യാനുമുള്ള ചോദനയും പ്രേരകവും തൻെറ ഇച്ഛയെ ആക്കുകയും ചെയ്യുക എന്നത് മാത്രമാണ്.[1]

ചിലപ്പോൾ ദേഹേച്ഛ അല്ലെങ്കിൽ തന്നിഷ്ടം പ്രമാ ണങ്ങളോട് ബന്ധമുള്ളവരിലും കടന്നു വരാം. അവിടെ ത ൻെറ ഇച്ഛ, പ്രമാണങ്ങളെ പൂർണമായും തള്ളാനോ അതി ൽനിന്ന് തിരിഞ്ഞുകളയാനോ അവനോട് ആവശ്യപ്പെട്ടുകൊ ള്ളണമെന്നില്ല. പ്രത്യുത അത് അവനെ അവനെന്താണോ ഉദ്ദേശിക്കുന്നത് അത് ആദ്യമായി സമർത്ഥിക്കാനും പിന്നീട് തെളിവുകളന്വേഷിച്ച് പോകുവാനും അവയിൽനിന്ന് തൻെറ ഇച്ഛക്ക് യോജിച്ചതെന്താണോ അത് സ്വീകരിക്കുന്നവനു മാക്കിത്തീർക്കുകയാണ് ചെയ്യുക.

മഹ്മൂദ് ശൽതൂത് പറയുന്നു: "ചിലപ്പോൾ പ്രമാണ ങ്ങൾ പരതി നോക്കുന്നവർ ദേഹേച്ഛകൾ അവരെ കീഴ് പ്പെടുത്തിയവരായേക്കാം. അപ്പോൾ അവ അവനെ തൻെറ ലക്ഷ്യം സാക്ഷാൽകൃതമാകാനുള്ള വിധി സ്വീകരിക്കാൻ പ്രേരി പ്പിക്കും. പിന്നീട് അവൻ താൻ അവലംഭിക്കുന്ന തെളിവ് ആരായാനും അതിന് തർക്കിക്കാനും തുടങ്ങും. ഇവിടെ യഥാർത്ഥത്തിൽ സംഭവിക്കുന്നത് അവൻ തൻെറ ഇച്ഛ യെ നിദാനവും അതിന്മേൽ പ്രമാണങ്ങളെ വഹിക്കുകയു മാണ്. ഇച്ഛകൊണ്ട് അവൻ പ്രമാണങ്ങളുടെ മേൽ വിധി ക്കുകയാണ്. അതാകട്ടെ 'തശ്രിഇ'നെ (മതം നടപ്പിലാക്കുക) യെന്ന വിഷയത്തെ അട്ടിമറിക്കലാണ്. പ്രമാണങ്ങൾ സ്ഥാപി ക്കലിലൂടെ നിയാമകനായ അല്ലാഹു എന്താണോ ലക്ഷ്യമിട്ടത്

---

[1] ശൈഖുൽ ഇസ്‌ലാം, മജ്മൂഅ് ഫതാവാ 28: 131-133

അതുതന്നെ ഉടച്ചുവാർക്കലുമാണ്. "[1]

## മൂന്ന്) സ്ഥിരപ്പെട്ടപ്രമാണങ്ങളേക്കാൾ ആളുകളുടെ അഭിപ്രായങ്ങൾക്ക് പ്രാമുഖ്യം കൽപ്പിക്കൽ.

ഇത്തിബാഇന് തടസ്സം സൃഷ്ടിക്കുന്ന സംഗതികളിലൊന്നാണ് പിതാക്കൾ, ശൈഖുമാർ, പ്രമാണിമാർ എന്നിവരുടെ അഭിപ്രായഗതികൾക്ക് ശരിയായി സ്ഥിരപ്പെട്ട പ്രമാണങ്ങളേക്കാൾ മുൻഗണന നൽകൽ. അല്ലാഹു ﷻ പറയുന്നു :

﴿ وَإِذَا قِيلَ لَهُمْ تَعَالَوْاْ إِلَىٰ مَآ أَنزَلَ ٱللَّهُ وَإِلَى ٱلرَّسُولِ قَالُواْ حَسْبُنَا مَا وَجَدْنَا عَلَيْهِ ءَابَآءَنَآ ۚ أَوَلَوْ كَانَ ءَابَآؤُهُمْ لَا يَعْلَمُونَ شَيْـًٔا وَلَا يَهْتَدُونَ ﴾

"അല്ലാഹു അവതരിപ്പിച്ചതിലേക്കും, റസൂലിലേക്കും വരുവിൻ എന്ന് അവരോട് പറയപ്പെട്ടാൽ, 'ഞങ്ങളുടെ പിതാക്കളെ ഏതൊരു നിലപാടിലാണോ ഞങ്ങൾ കണ്ടെത്തിയത് അതു തന്നെ മതി ഞങ്ങൾക്ക്' എന്നായിരിക്കും അവർ പറയുക. അവരുടെ പിതാക്കൾ യാതൊന്നുമറിയാത്തവരും, സന്മാർഗ്ഗം പ്രാപിക്കാത്തവരും ആയിരുന്നാൽപോലും (അത് മതിയെന്നോ?)" (വി.ക്വു.5:104) പ്രസ്തുത ആയത്തിനെ വ്യാഖ്യാനിച്ച് ഇമാം ഇബനു കഥീർ رحمه الله പറഞ്ഞു: "അഥവാ, അവർ അല്ലാഹുവിൻെറ ദീനിലേക്കും ശരീഅത്തിലേക്കും അവൻ നിർബന്ധമാക്കിയ കാര്യങ്ങൾ ചെയ്യുന്നതിലേക്കും നിഷിദ്ധമാക്കിയ കാര്യങ്ങൾ ഉപേക്ഷിക്കുന്നതിലേക്കും ക്ഷണിക്കപ്പെട്ടാൽ, അവർ പറയും: ഞങ്ങളുടെ പിതാക്കളും പ്രപിതാക്കളും നില

---

[1] മഹ്മൂദ് ശൽതൂത്, അൽബിദ്അത്ത് അസ്ബാബുഹാ...:24

കൊണ്ട ത്വരീഖത്തുകളും മാർഗ്ഗങ്ങളും ഞങ്ങൾക്ക് മതിയെന്ന്. അല്ലാഹു ﷻ പറയുന്നതാകട്ടെ:

﴿ أَوَلَوْ كَانَ ءَابَآؤُهُمْ لَا يَعْلَمُونَ شَيْـًٔا وَلَا يَهْتَدُونَ ﴾

“......അവരുടെ പിതാക്കൾ യാതൊന്നുമറിയാത്തവരും, സന്മാർഗ്ഗം പ്രാപിക്കാത്തവരും ആയിരുന്നാൽ പോലും (അത് മതിയെന്നോ? ” (വി.ക്വു. 5:104) അഥവാ അവർ യാഥാർത്ഥ്യം ഗ്രഹിക്കാത്തവരും, അറിയാത്തവരും, അതിലേക്ക് വഴിയറിയാത്തവരുമാണ്. അവസ്ഥ ഇതായിരിക്കെ അവർ അവരെയെങ്ങിനെയാണ് പിൻപറ്റുക? അവരെ പിൻപറ്റുന്നവർ അവരേക്കാൾ വലിയ വിവരദോഷികളും മാർഗ്ഗം പിഴച്ചവരുമായിരിക്കും. ”[1]

അല്ലാഹു ﷻ പറയുന്നു :

﴿ يَوْمَ تُقَلَّبُ وُجُوهُهُمْ فِى ٱلنَّارِ يَقُولُونَ يَٰلَيْتَنَآ أَطَعْنَا ٱللَّهَ وَأَطَعْنَا ٱلرَّسُولَا ۝ وَقَالُوا۟ رَبَّنَآ إِنَّآ أَطَعْنَا سَادَتَنَا وَكُبَرَآءَنَا فَأَضَلُّونَا ٱلسَّبِيلَا۠ ۝ رَبَّنَآ ءَاتِهِمْ ضِعْفَيْنِ مِنَ ٱلْعَذَابِ وَٱلْعَنْهُمْ لَعْنًا كَبِيرًا ﴾

“അവരുടെ മുഖങ്ങൾ നരകത്തിൽ കീഴ്മേൽ മറിക്കപ്പെടുന്ന ദിവസം. അവർ പറയും: ഞങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ! ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളുടെ നേതാ-

[1] ഇബ്നു കഥീർ, തഫ്സീറുൽ ഖുർആനിൽഅദീം 2:108,109

ക്കന്മാരേയും പ്രമുഖന്മാരേയും അനുസരിക്കുകയും, അങ്ങ നെ അവർ ഞങ്ങളെ വഴിതെറ്റിക്കുകയുമാണുണ്ടായത്. ഞ ങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ രണ്ടിരട്ടി ശിക്ഷ നൽകു കയും, അവർക്ക് നീ വൻശാപം ഏല്പിക്കുകയും ചെ യ്യേണമേ എന്നും അവർ പറയും." (വി.ക്വു. 33:66,67,68)

ഇമാം ശൗകാനിﷻ പറയുന്നു: " ഇവിടെ*സാദത്ത്* *കു ബറാഅ്* എന്നത് കൊണ്ടുള്ള വിപക്ഷ നേതാക്കളും നായ കരുമാണ്. ദുനിയാവിൽ ആളുകൾ അവരെയാണ് അനുഗമി ക്കുകയും അവരുടെ കൽപ്പനകളാണ് പൂലർത്തുകയും ചെ യ്തത്. അനുകരണത്തിനെതിരിൽ കണക്കിനു ശകാരമുണ്ട് ഇവിടെ. അന്ധമായ അനുകരണത്തിനെതിരിൽ വിശുദ്ധ ക്വുർആനിൽ എത്ര മുന്നറിയിപ്പുകളും താക്കീതുകളും അതി ൽനിന്ന് അകറ്റിനിറുത്തുന്ന പ്രയോഗങ്ങളുമാണുള്ളത്. പക്ഷേ അതെല്ലാം അല്ലാഹുവിൻെറ വചനങ്ങളുടെ ആശയം ഗ്രഹി ക്കുകയും അവ പിൻപറ്റുകയും സ്വന്തത്തോട് തന്നെ നീതി പൂലർത്തുകയും ചെയ്യുന്നവർക്ക് മാത്രം. അല്ലാതെ ഗ്രാഹ്യ ശേഷിയില്ലാത്ത, മൂഢനായ, പക്ഷപാതിത്വത്തിൽ തീവ്രനായ മൃഗതുല്യന്മാർക്കല്ല." [1]

## സലഫുകളിൽ നിന്ന് ഏതാനും സംഭവങ്ങൾ:

ഒരുപ്രശ്നത്തിൽ ഉർവ്വ ഇബ്നു സുബൈർﷻ ഇബ്നുഅബ്ബാസ്ﷻ വിനോട് പറഞ്ഞു: "എന്നാൽ അബൂബക്ക റും ഉമറും അപ്രകാരം ചെയ്തിട്ടില്ല. ഇത് കേട്ട ഇബ്നു അബ്ബാസ്ﷻ പറഞ്ഞു :

[1] ശൗകാനി, ഫത്ഹുൽ ഖദീർ 4:431

" واللهِ وَمَا أَرَاكُمْ مُنْتَهِينَ حَتَى يُعَذِّبَكُمُ اللهُ ، نُحَدِّثُكُمْ عَنْ النَّبِـــيِّ ﷺ وَتُحَدِّثُونَا عَنْ أَبِي بَكَرٍ وَعُمَرَ "

അല്ലാഹുവാണെ, അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നത് വരെ നിങ്ങൾ വിരമിക്കുമെന്ന് ഞാൻ വിചാരിക്കുന്നില്ല. നബിﷺ പറഞ്ഞതായി ഞാൻ നിങ്ങളോട് പറയുന്നു , നിങ്ങൾ നമ്മോട് അബൂബക്കറും ഉമറും പറഞ്ഞിരിക്കുന്നുവെന്ന് പറ യുകയോ? [1]

ഇബ്നു മസ്ഊദ്ؓ പറയുന്നു :

" أَلاَ لاَ يُقَلِّدَنَّ أَحَدُكُمْ دِينَهُ رَجُلاً ، إِنْ آمَنَ آمَنَ وَإِنْ كَفَرَ كَفَرَ ، فَإِنْ كُنْتُمْ لاَ بُدَّ مُقْتَدِينَ فَبِالْمَيِّتِ ؛ فَإِنَّ الْحَيَّ لاَ يُؤْمَنُ عَلَيْهِ الْفِتْنَةَ "

"അറിയണം, നിങ്ങളിൽ ആരുമേ തന്റെ ദീനിന്റെ കാര്യത്തിൽ ഒരാളേയും അനുകരിക്കരുത്; അവൻ വിശ്വാസി യെങ്കിൽ താൻ വിശ്വസിച്ചു, അവിശ്വാസിയെങ്കിൽ അവിശ്വ സിച്ചു എന്നിങ്ങനെ. ഇനി നിങ്ങൾക്ക് അനുകരിക്കൽ അനി വാര്യമെങ്കിൽ മരിച്ച് പോയ(സ്വഹാബികളെ)വരെ മാത്രം. കാ രണം ജീവിച്ചിരിക്കുന്നവർ കുഴപ്പങ്ങൾക്ക് വിധേയരാകി ല്ലെന്ന് നിർഭയരാകാനൊക്കില്ല.[2] "അദ്ദേഹത്തിൽ നിന്ന് തന്നെ യുള്ള മറ്റൊരു റിപ്പോർട്ടിൽ :

" أَلاَ لاَ يُقَلِّدَنَّ أَحَدُكُمْ دِينَهُ رَجُلاً ، إِنْ آمَنَ آمَنَ وَإِنْ كَفَرَ كَفَرَ، فَإِنَّـــهُ لاَ أُسْوَةَ فِي الشَّرِّ "

---

[1] ജാമിഉ ബയാനിൽ ഇൽമി വഫദ്ലുഹു 2:1209

[2] ലാലികാഇ, ശറഹു ഉസൂലി ഇഅ്തിഖാദി അഹ്ലി സുന്ന1:903

"നിങ്ങളിൽ ഒരാളുമേ തൻെറ ദീനിൻെറ കാര്യത്തിൽ ഒരാളേയും അനുകരിക്കരുത്; അവൻ വിശ്വാസിയെങ്കിൽ വിശ്വസിച്ചു. അവിശ്വാസിയെങ്കിൽ അവിശ്വസിച്ചു എന്നിങ്ങനെ. നിശ്ചയം തിന്മയിൽ മാതൃക സ്വീകരിക്കലില്ലേയില്ല."[1]

ഉമറു ബ്നു അബ്ദുൽ അസീസ്ﷺ പറഞ്ഞു: അല്ലാഹുവിൻെറ റസൂൽﷺ ചര്യയാക്കിയ സുന്നത്തുള്ളതോടൊപ്പം ഒരാൾക്കും ഒരു അഭിപ്രായവുമില്ല."[2]

ഇമാം ശാഫിഇﷺ പറഞ്ഞു: "ഒരാൾക്ക് അല്ലാഹുവിൻെറ റസൂൽﷺയിൽനിന്ന് ഒരു സുന്നത്ത് വ്യക്തമായിക്കഴിഞ്ഞാൽ പിന്നെ, ലോകരിൽ ഒരാളുടെ വാക്കിന് വേണ്ടിയും ആ സുന്നത്ത് ഉപേക്ഷിക്കാൻ പാടില്ലെന്ന വിഷയത്തിൽ പണ്ഢിതർ ഏകാഭിപ്രായക്കാരാണ്." അദ്ദേഹത്തിൽനിന്ന് തന്നെയുള്ള മറ്റൊരു വാക്കിൽ: "അല്ലാഹുവിൻെറ റസൂൽﷺയുടെ സുന്നത്തുണ്ടായാൽ പിന്നെ ഒരാൾക്കും ഒരു വാക്കുമില്ല."[3]

ഇമാം ഇബ്നു ഖുസൈമﷺ പറയുന്നു: "അല്ലാഹുവിൻെറ റസൂൽﷺയിൽ നിന്ന് ഒരു ഹദീഥ് സ്ഥിരപ്പെട്ടു വന്നാൽ അതോടെ ഒരാൾക്കും ഒരു വാക്കുമില്ല."[4]

ഈ വിഷയ സംബന്ധമായി ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യﷺക്ക് ചില വിലപ്പെട്ട വാക്കുകളുണ്ട്. അദ്ദേഹം പറയുന്നു: "അല്ലാഹുവിൻെറ ദീൻ വിശുദ്ധ ക്വുർആനിനാലും തിരുസുന്നത്തിനാലും ഇജ്മാഅിനാലും സ്ഥാപിത

---

[1] ഇബ്നുൽ ഖയ്യിം, ഇഅ്ലാമുൽ മുവഖിഈൻ 2:135
[2] ഇബ്നുൽ ഖയ്യിം, ഇഅ്ലാമുൽ മുവഖിഈൻ 2:201
[3] ഇബ്നുൽ ഖയ്യിം, ഇഅ്ലാമുൽ മുവഖിഈൻ 2:201
[4] ഇബ്നുൽ ഖയ്യിം, ഇഅ്ലാമുൽ മുവഖിഈൻ 2:202

മാണ്. ഇവ മൂന്നിലും പാപസുരക്ഷിതത്വമുണ്ട്. സമുദായം ഏതൊന്നിൽ ഭിന്നിച്ചുവോ അത് അല്ലാഹുവിലേക്കും റസൂൽ ﷺയിലേക്കും മടക്കുക. ഈ സമുദായത്തിന് ഒരു വ്യക്തിയെ നിശ്ചയിച്ചുകൊണ്ട് ആ വ്യക്തിയുടെ ത്വരീഖത്തിലേക്ക് ആളെ കൂട്ടാനും പ്രസ്തുത ത്വരീഖത്തിൻെറ പേരിൽ സ്നേഹിക്കാനും വെറുക്കുവാനും ഒരാൾക്കും പാടുള്ളതല്ല. പ്രസ്തുത സമീപനങ്ങളെല്ലാം അല്ലാഹുവിൻെറ ഗ്രന്ഥത്തോടും തിരുസുന്നത്തിനോടും സ്ഥിരപ്പെട്ട ഇജ്മാഇനോടും മാത്രം. ബിദഈ കക്ഷികളുടേതാണ് പ്രസ്തുത നടപടി; അവർ തങ്ങൾക്ക് ഒരു വ്യക്തിയേയോ, ഒരു പ്രമേയത്തേയോ നിശ്ചയിക്കും. അതിലൂടെ അവർ സമുദായത്തിൽ ഛിദ്രതയുണ്ടാക്കും. വിശുദ്ധക്വുർആനിനെക്കാളും തിരുസുന്നത്തിനേക്കാളും അവർ തങ്ങൾ നിശ്ചയിച്ച വ്യക്തിയുടേയോ പ്രമേയത്തിൻേറയോ പേരിൽ മുവാലാത്തും (സ്നേഹം) മുആദാത്തും (വെറുപ്പും) വെച്ച് പുലർത്തും." [1]

വ്യക്തികൾ അവർ ആരായാലും അവരുടെ അഭിപ്രായങ്ങൾക്ക് ശരിയായ പ്രമാണങ്ങളേക്കാൾ മുൻഗണന നൽകുക എന്ന മഹാപാതകത്തെ വിളിച്ചറിയിക്കുന്നതാണ് കർഖീ – (അല്ലാഹു അദ്ദേഹത്തിന് മാപ്പാക്കട്ടെ)യുടെ താഴെ വരുന്ന വാക്കുകൾ. അദ്ദേഹം പറഞ്ഞു: "(ഹനഫീ മദ്ഹബുകാരായ) ഞങ്ങളുടെ ആളുകളുടെ നിലപാടുകൾക്കെതിരാകുന്ന എല്ലാ ആയത്തുകളും ഒന്നുകിൽ അത് (മദ്ഹബിനനുസരിച്ച്) വ്യാഖ്യാനിക്കപ്പെടേണ്ടതാണ്. അല്ലങ്കിൽ അത് ദുർബലപ്പെടുത്തപ്പെടേണ്ടതാണ്. ഇപ്രകാരമാണ് എല്ലാ ഹദീഥുകളും. ഒന്നുകിൽ അത് വ്യാഖ്യാനിച്ചൊപ്പിക്കപ്പെടേണ്ടതാണ്. അല്ലെങ്കിൽ

---

[1] ശൈഖുൽ ഇസ്‌ലാം, മജ്മൂഅ് ഫതാവാ 20: 164

ദുർബലപ്പെടുത്തപ്പെടേണ്ടതാണ്."[1]

വർത്തമാനകാലത്ത് ധാരാളം മുസ്‌ലിംകൾ എത്തിപ്പെട്ട തും ഇവിടെയാണ്. അവർ തങ്ങളുടെ ശൈഖുമാരുടേയോ സംഘടനകളുടേയോ, കക്ഷികളുടേയോ അഭിപ്രായങ്ങൾക്ക്, ശരിയായതും സ്ഥിരപ്പെട്ടതുമായ പ്രമാണങ്ങളേക്കാൾ പ്രാ മുഖ്യം കൽപിക്കുകയാണ് ചെയ്തത്.

മഹാനും ഉന്നതനുമായ അല്ലാഹുവേ നിന്നെകൊണ്ട ല്ലാതെ യാതൊരു കഴിവും ശേഷിയുമില്ല. അല്ലാഹുവേ നി ൻെറ കാവൽ......

## നാല്.) ബുദ്ധിക്ക് മുൻഗണന നൽകൽ.

അല്ലാഹു മനുഷ്യനെ ബുദ്ധി നൽകി ആദരിക്കുകയും ശ്രേഷ്ടനാക്കുകയും ചെയ്തു. അവൻ തൻെറ ഗ്രന്ഥത്തി ലൂടെ ശോഭനീയമായ ധിഷണശാലികളേയും ബുദ്ധിമാന്മാ രേയും പുകഴ്ത്തി. അല്ലാഹു ﷻ പറയുന്നു:

﴿ إِنَّمَا يَتَذَكَّرُ أُوْلُواْ ٱلْأَلْبَٰبِ ﴾

" ബുദ്ധിമാന്മാർ മാത്രമേ ചിന്തിച്ചു മനസ്സിലാക്കുകയുള്ളു. " (വി.ക്വു. 13:19)

വീണ്ടും അല്ലാഹു ﷻ പറയുന്നു:

﴿ كِتَٰبٌ أَنزَلْنَٰهُ إِلَيْكَ مُبَٰرَكٌ لِّيَدَّبَّرُوٓاْ ءَايَٰتِهِۦ وَلِيَتَذَكَّرَ أُوْلُواْ ٱلْأَلْبَٰبِ ﴾

" നിനക്ക് നാം അവതരിപ്പിച്ചു തന്ന അനുഗ്രഹീതമായ ഗ്രന്ഥമത്രെ ഇത്. ഇതിലെ ദൃഷ്ടാന്തങ്ങളെപ്പറ്റി അവർ

---

[1] കർഖി, അർറിസാലതു ഫീ ഉസൂലിൽ ഹനഫിയ്യഃ 169-170

ചിന്തിച്ചു നോക്കുന്നതിനും ബുദ്ധിമാന്മാർ ഉത്ബുദ്ധരാകേണ്ട തിനും വേണ്ടി." (വി.ക്വു. 38:29)

പക്ഷേ, ലോകരിൽ സിഹരും ബുദ്ധിയെ അല്ലാഹു നിശ്ചയിച്ച സ്ഥാനത്ത് നിറുത്തിയില്ല. പ്രത്യുത ബുദ്ധിയുടെ വിഷയത്തിൽ അവർ രണ്ടായി വഴിപിരിഞ്ഞു:

- ഒരു വിഭാഗം ബുദ്ധിയെ പാടെ ജീർണ്ണിപ്പിച്ചു. അതിന് ഒരു വിലയും അവർ കൽപ്പിച്ചില്ല.
- മറ്റൊരു വിഭാഗം ബുദ്ധിയുടെ വിഷയത്തിൽ തീവ്രരായി. അവർ അതിനെ മതനിയമ നിർമ്മാണത്തിൻെറ സ്രോതസ്സാക്കി മാറ്റുകയും പ്രമാണ വചനങ്ങളേക്കാൾ മുന്തിപ്പിക്കുകയും ചെയ്തു. അവർ സ്വന്തങ്ങൾക്കെന്നോണം ധാരാളം വഴികേടുകൾ പടച്ചിടുകയും, ചിലപ്പോൾ അവക്ക് ഹഖായിഖ്, യഖീനിയ്യാത്ത് എന്നോ, മറ്റു ചിലപ്പോൾ മസ്വാലിഹ്, ഗായാത്ത് എന്നൊക്കെ പേരിട്ടു വിളിച്ചു.

ഈ മസ്വാലിഹും ഗായാത്തും സാക്ഷാൽകരിക്കാനാണ് പ്രമാണങ്ങൾ ലക്ഷ്യമിടുന്നത്; അവ വ്യക്തമായി എടുത്ത് കാണിച്ചില്ലെങ്കിലും. പിന്നീടവർ ളന്നിയാത് (ദൃഢജ്ഞാനം ന ൽകാത്തത്) എന്ന് തങ്ങൾ പേരുവെച്ച സ്ഥിരപ്പെട്ട പ്രമാണ ങ്ങളെ എടുത്ത് തങ്ങളുടെ *ഹഖായിഖ്, യഖീനിയാത്ത്, മസ്വാ ലിഹ്, ഗായത്ത്* എന്നീ മാർഗ്ഗ ഭ്രംശത്തിൻെറ സംജ്ഞകളു മായി മാറ്റുരക്കും. അവക്ക് യോജിച്ച പ്രമാണങ്ങളേതോ അ തവരെടുക്കും, അവക്കെതിരാകുന്ന പ്രമാണങ്ങളേതോ അത വർ തള്ളും. 'യഖീൻ (ദൃഢജ്ഞാനം) ശക്ക്(സംശയാസ്പദം)

കൊണ്ട് നീങ്ങി പോകില്ല' എന്ന തത്വമാണ് അവർ അവലംഭിക്കുക. [1]

---

[1] 'ഹഖായിഖ് യഖീനിയ്യാത്ത്' എന്നിവ വഴിവിട്ട സൂഫിസത്തിൻെറ രണ്ട് സാങ്കേതിക സ്വരങ്ങളാണ്. അല്ലാഹുവിലുള്ള ആരാധനയിലൂടെ ഒരാൾ പാരമ്യതയിലെത്തുമെന്നും അതോടെ അവൻ വിധി വിലക്കുകൾ ബാധകമല്ലാത്ത 'യഖീൻ' 'ഹഖായിഖ്' എന്ന സ്ഥാനത്തെത്തുമെന്ന് സൂഫികൾ ജൽപ്പിക്കുന്നു. പിന്നെ ആരാധനകളില്ല, നിഷിദ്ധങ്ങളെന്തും ചെയ്യാം.

മസ്വാലിഹ്(നന്മകൾ) ഗയാത്(ലക്ഷ്യങ്ങൾ) എന്ന വിഷയം കൊണ്ടു നടക്കുന്നത് മിക്കപ്പോഴും അഖ്ലാനികളാണ് (Intelectual movement) ദീൻ ലക്ഷ്യമിടുന്ന പൊതുതാൽപര്യങ്ങളുടേയും ദീൻ മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങളുടേയും മറപിടിച്ച് ക്വുർആനിലും സുന്നത്തിലും സ്ഥിരപ്പെടാത്ത സംഗതികൾ ഈ മറക്ക് പിന്നിൽ സ്ഥാപിക്കലാണ്. അവരുടെ ജോലി. ഉദാഃ പ്രപിതാവിൻെറസ്വത്തിൽ – വസ്വിയ്യത്തിലൂടെയല്ലാതെ – അനന്തരാവകാശമായി മരിച്ചുപോയ മകൻെറ മക്കൾക്ക് തങ്ങളുടെ എളാപ്പ മൂത്താപ്പമാരോടൊപ്പം സ്വത്ത് വിഹിതം ഇല്ലല്ലോ. പക്ഷേ ചില ബുദ്ധിജീവികൾ എന്ന് പറയുന്നവർ ദീൻ കാരുണ്യമല്ലേ ലക്ഷ്യമിടുന്നത്, ദീനിൻെറ താൽപര്യം അനാഥകളോട് കാരുണ കാണിക്കലല്ലേ എന്നൊക്കെ പറഞ്ഞ് പിതാമഹൻെറ സ്വത്തിൽനിന്ന് അനന്തരമായി സ്വത്ത് വിഹിതം വാങ്ങി നൽകുന്നു. ദീനിൻെറ പൊതുതാൽപര്യത്തിൻേറയും ലക്ഷ്യത്തിൻേറയും മറപിടിച്ചാണിത് ചെയ്യുന്നതെങ്കിലും വഹ്യിനാൽ സ്ഥിരപ്പെടാത്തതും ബുദ്ധിയെ മുന്തിപ്പിച്ച് കൊണ്ടുള്ള വേലത്തരവുമാണിത്. പ്രമാണങ്ങളോടുള്ള ഈ രണ്ടുകൂട്ടരുടേയും (സൂഫികളെപ്പോലുള്ള അദ്ധ്യാത്മീക വാദികളുടേയും, അഖ്ലാനികളെപ്പോലുള്ള ഭൗതിക വാദികളുടേയും) സമീപനം അവ ളന്നിയാത്ത് (ദൃഢജ്ഞാനം നൽകാത്തവ) എന്ന രീതിയിലാണ്, എന്നാൽ അവരുടെ ബുദ്ധിയാകട്ടെ

ഈ കൂട്ടർ, മനുഷ്യബുദ്ധികൾക്ക് സംവേദന ക്ഷമത യിൽ അവ ചെന്നെത്തിനിൽക്കുന്ന ചില സീമകളുണ്ടെന്നും കാര്യങ്ങളെല്ലാം എത്തിപ്പിടിക്കാനുള്ള മാർഗ്ഗങ്ങൾ അല്ലാഹു മനുഷ്യബുദ്ധികൾക്ക് തുറന്നിട്ടില്ലെന്നും അറിയുന്നില്ല.[1] അപ്ര കാരം തന്നെ അല്ലാഹു തൻെറ ദീനിനെ കാക്കുമെന്നും ത ൻെറ പ്രവാചകൻﷺ ദീനെത്തിക്കുന്ന വിഷയത്തിൽ വ്യതിചലി ക്കുന്നതിൽ നിന്നും അടിപതറുന്നതിൽനിന്നും അദ്ദേഹത്തെ സംരക്ഷിക്കുമെന്നും ഇക്കൂട്ടർ അറിഞ്ഞില്ല. നബിﷺ എന്തൊന്ന് കൊണ്ട് വന്നുവോ അത് സംശയത്തിൻെറ ലാഞ്ചനയില്ലാത്ത സത്യം മാത്രമാണ്. എന്നാൽ അവർ പേരിട്ട് വിളിച്ച *യഖീനി യാത്തും**ഹഖായിഖുക*ളും *മസ്വാലിഹുക*ളും നിർണയിക്കുന്ന വിഷയത്തിൽ വിവിധ മനുഷ്യരുടെ ബുദ്ധികളും ഗ്രാഹ്യതക ളും വ്യത്യസ്തമാണ് എന്നതാണ് അവ ബാത്വിലാണ് എന്ന തിൻെറ തെളിവ്, കൂടാതെ അല്ലാഹു ﷻ നമ്മോട് അവൻെറ വിധിതീർപ്പിന്നും പ്രവാചകൻﷺയുടെ വിധിതീർപ്പിന്നും നിരുപാ ധികം കീഴ്പ്പെടാനാണ് കൽപ്പിച്ചത്, അല്ലാതെ പ്രമാണങ്ങൾ സ്വീകരിക്കുന്നതിന് മുന്നോടിയായി ബുദ്ധിയോട് വിധിതേടി (ബുദ്ധിക്ക് അവ യോജിക്കുമോ, യോജിക്കില്ലേ എന്ന് നോ ക്കി)യല്ല. അല്ലാഹു ﷻ പറയുന്നു:

﴿ فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا۟
فِىٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا۟ تَسْلِيمًا ﴾

---

അവർക്ക് യഖീനിയ്യാത്തുമായിരിക്കും (ദൃഢജ്ഞാനംനൽകുന്നവ) എന്നും. വിവ:

[1] ഇമാം ശാത്വിബി, അൽ ഇഅ്തിസ്വാം 2:349

"ഇല്ല, നിൻെറ രക്ഷിതാവിനെ തന്നെയാണെ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപ്പിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല". (വി.ക്വു.4:65)

ഇബ്നു അബിൽ ഇസ്സുൽഹനഫിﷺയുടെ വാക്ക് എത്ര സുന്ദരം! അദ്ദേഹം പറയുന്നു : ഇമാം ത്വഹാവിﷺ പറഞ്ഞു: "ഇസ്ലാമിൻെറ പാദം സമർപ്പണത്തിൻേറയും സർവ്വാൽമനാ അംഗീകരിക്കുന്നതിൻേറയും പുറത്താണ് ഉറച്ചു നിൽക്കുക." അഥവാ വിശുദ്ധ ക്വുർആനിന്നും തിരുസുന്നത്തിന്നും സമർപ്പിക്കാത്തവൻെറയും അതിന് കീഴൊതുങ്ങാത്തവൻേറയും ഇസ്ലാം (സമർപ്പണം) ഉറക്കുകയില്ല. അതിനാൽ അതിന്നെതിരിൽ അവൻ തിരിയാതിരിക്കണം, തൻെറ ബുദ്ധികൊണ്ടോ, ചിന്തകൊണ്ടോ, അനുമാനംകൊണ്ടോ, അവയെ എതിർക്കാതിരിക്കുകയും വേണം." [1] ഇമാം മുഹമ്മദ് ബ്നു ശിഹാബ് അസ്സുഹ്രിﷺ പറഞ്ഞതായി ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു: "അല്ലാഹുവിൽ നിന്നാകുന്നു രിസാലത്ത്. അത് എത്തിക്കൽ മാത്രമാകുന്നു റസൂൽﷺയുടെ ബാധ്യത, അതിന് കീഴ്പ്പെടൽ നമ്മുടെമേൽ നിർബന്ധമാണ്. " [2]

---

[1] ശറഹുൽ അഖീദതി ത്ത്വഹാവിയ്യ 1 :231
[2] അസ്ഖലാനി, ഫത്ഹുൽ ബാരി 13: 504

## അഞ്ച്) ശുബുഹാത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കൽ.

അല്ലാഹുവിൻെറ വഹ്യ് നിരുപാധികം സമ്മതിച്ച് അനുസരിക്കുന്നതിലാണ് ദീൻ നിലനിൽക്കുന്നത്. എന്നാൽ വഹ്യിനെ കുറിച്ച് വിവരംകുറഞ്ഞ ധാരാളമാളുകൾ ശുബുഹാത്തിലും (സന്ദേഹാസ്പദമായ കാര്യങ്ങൾ) പലവിധ ഭാവനാപരമായ അയാഥാർത്ഥ്യങ്ങളിലും നല്ലതെന്ന് തോന്നുന്നവയിലും പൂണ്ടുകൂടുന്നു. അവർ പ്രസ്തുത ബന്ധപ്പെടലിലൂടെ വിചാരിക്കുന്നത് അവയെല്ലാം സത്യമറിയാനുള്ള വഴിയാണ്, സത്യത്തിലേക്ക് ചെന്നെത്താനുള്ള മാർഗ്ഗമാണ് എന്നൊക്കെയാണ്. ഈ അവസ്ഥയിൽ നടന്നു നീങ്ങുന്നവരുടെ അടുക്കലേക്ക് തെളിവ് കൊണ്ട് ഒരു സത്യവർത്തി ചെന്നാൽ അവരുടെ ഹൃദയം അതിൽ കുടിയിരുന്ന സന്ദേഹങ്ങളും വഴികേടുകളുമായി പൂണ്ടു കൂടുകയും, അവർ സ്വയം സത്യത്തിൽ വിശ്വസിച്ചില്ലായെന്ന് മാത്രമല്ല തങ്ങളുടെ ഹൃദയത്തിലുള്ള ബാതിലുകൊണ്ട് അവർ ലോകരിലും ആശയക്കുഴപ്പമുണ്ടാക്കും. അതോടെ അവർ പിഴക്കും ഇതരരെ പിഴപ്പിക്കുകയും ചെയ്യും. ഇത്തരം അപകടജടിലമായ കാര്യത്തിൻെറ ദുരന്തഫലം മുന്നിൽകണ്ട പ്രവാചകൻﷺ ഇത്തരക്കാർക്കെതിരെ സമുദായത്തിന് മുന്നറിയിപ്പുനൽകി.

ആയിശാ(റ)യിൽ നിന്ന് നിവേദനംചെയ്യപ്പെടുന്ന ഹദീസിൽ നബി ﷺ പറയുന്നു:

(فَإِذَا رَأَيْتُمُ الَّذين يَتَّبِعُونَ مَا تَشَابَهَ مِنْهُ فَأُولَئِكَ الَّذينَ سَمَّى اللهُ فَاحْذَرُهُمْ )

((വിശുദ്ധ ക്വുർആനിൽ, ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നവരെ നിങ്ങൾ കണ്ടാൽ അവരാണ്

(മനസ്സിൽ വക്രതയുള്ളവർ എന്ന്) അല്ലാഹു പേരുവെച്ച വിഭാഗം. അവരെ നിങ്ങൾ സൂക്ഷിക്കുക.))[1]

നബി ﷺ പറഞ്ഞു:

﴾ سَيَكُونُ فِي آخِرِ أُمَّتِي نَاسٌ يُحَدِّثُونَكُمْ مَا لَمْ تَسْمَعُوا أَنْـــتُمْ وَلاَ آبَاؤُكُمْ ؛ فَإِيَّاكُمْ وَإِيَّاهُمْ ﴿

(( കാലാവസാനമായാൽ ചില ആളുകൾ വരും, നിങ്ങളും നിങ്ങളുടെ പൂർവ്വപിതാക്കളും കേൾക്കാത്തത് നിങ്ങളോട് അവർ പറയും. നിങ്ങൾ അവരെ കാത്തുകൊള്ളുവീൻ))[2]

സലഫുകളിൽ നിന്ന് ശുബുഹാത്തുകൾ (സന്ദേഹങ്ങൾ)ക്കെതിരിലും അവ ജനിപ്പിക്കുന്നവർക്കെതിരിലും എണ്ണമറ്റ വാക്കുകൾ സ്ഥിരപ്പെട്ടിരിക്കുന്നു.

ഉമർ رضي الله عنه പറയുന്നു:

" إِنَّهُ سَيَأْتِي نَاسٌ يُجَادِلُونَكُمْ بِشُبْهَاتِ الْقُرْآنِ ، فَخُذُوهُمْ بِالسُّنَنِ ؛ فَإِنَّ أَصْحَابَ السُّنَنِ أَعْلَمُ بِكِتَابِ اللهِ "

"ഒരുവിഭാഗം വരാനിരിക്കുന്നു, ഖുർആനിലെ ആശയസാദൃശ്യമുള്ള വചനങ്ങളിൽ അവർ നിങ്ങളോട് തർക്കിക്കും. അവരെ നിങ്ങൾ സുന്നത്തുകൾകൊണ്ട് പിടികൂടുക. കാരണം സുന്നത്ത് മുറുകെ പിടിക്കുന്നവരാണ് വിശുദ്ധ ക്വുർആനെക്കുറിച്ച് കൂടുതൽ അറിയുന്നവർ"[3]

---

[1] അസ്ഖലാനി, ഫത്ഹുൽബാരി 8: 57

[2] സ്വഹിഹുമുസ്‌ലിം 1: 12

[3] സുനനുദ്ദാരിമി 1: 53

അബൂ ഖിലാബﷺ പറയുന്നു: ദേഹേച്ഛ പിൻപറ്റുന്ന വരോടൊപ്പം നിങ്ങൾ കൂടിയിരിക്കരുത്, അവരോട് സംസാരി ക്കുകയുമരുത്. കാരണം അവർ നിങ്ങളെ അവരുടെ വഴി കേടിൽ ആഴ്ത്തുന്നതിൽ നിന്നും അല്ലെങ്കിൽ നിങ്ങളറിഞ്ഞ കാര്യങ്ങളിൽ നിങ്ങൾക്ക് ആശയകുഴപ്പമുണ്ടാക്കുന്നതിൽ നിന്നും നിർഭയനല്ല ഞാൻ"[1]

ഒരു മുന്നറിയിപ്പെന്നോണം ഇമാം ഇബ്നു സീരിൻﷺ പറഞ്ഞു : "വിജ്ഞാനം അത് ദീനാണ്. നിങ്ങൾ നിങ്ങളുടെ ദീൻ ആരിൽ നിന്നാണ് സ്വികരിക്കുന്നതെന്ന് നോക്കുക." [2]

## ആറ്.) പണ്ഢിതന്മാരുടെ മൗനം.

സത്യം പ്രചരിപ്പിക്കുന്ന വിഷയത്തിലും അസത്യത്തിന്നെ തിരിൽ മുന്നറിയിപ്പു നൽകുന്ന വിഷയത്തിലും പണ്ഢിതർ മൗനം ഭജിച്ചാൽ അസത്യത്തിൻെറ ശബ്ദം ഉയരുകയും സ ത്യത്തിൻെറ ശബ്ദം ക്ഷയിക്കുകയും ചെയ്യും. മാത്രമല്ല ധാ രാളമാളുകൾ, അസത്യത്തിൻെറ വക്താക്കളെ അവരുടെ വർദ്ധനവും വ്യാപനവും കാരണത്താൽ അവരാണ് സത്യത്തി ൻെറ വാക്താക്കളെന്ന് ധരിച്ചുവശാകും. സത്യം അവരോ ടൊപ്പമായതിനാലാണ് അവർക്ക് പ്രഭാവവും വളർച്ചയും അ ല്ലായിരുന്നുവെങ്കിൽ അവർ വളരുകയോ, തെളിയുകയോ ചെയ്യുമായിരുന്നില്ല എന്നതാണ് പ്രസ്തുത വിചാരത്തിനുള്ള പിൻബലം. അതോടെ സത്യത്തിൻെറ വാക്താകളുടെ എണ്ണം കുറയും എന്നതായിരിക്കും ഫലം.

---

[1] ഇമാം ദഹബി, സിയറു അഅ്ലാമിന്നുബലാഅ് 4: 472

[2] സ്വഹിഹുമുസ്‌ലിം 1: 14

അതിനാൽ തന്നെയാണ് അറിവ് മറച്ച് വെക്കുന്നതിനെതിരിലും പ്രചരിപ്പിക്കാതിരിക്കുന്നതിനെതിരിലും മുന്നറിയിപ്പെന്നോണം പ്രമാണങ്ങൾ വന്നത്. അല്ലാഹു ﷻ പറഞ്ഞു:

﴿ إِنَّ ٱلَّذِينَ يَكۡتُمُونَ مَآ أَنزَلۡنَا مِنَ ٱلۡبَيِّنَٰتِ وَٱلۡهُدَىٰ مِنۢ بَعۡدِ مَا بَيَّنَّٰهُ لِلنَّاسِ فِي ٱلۡكِتَٰبِ أُوْلَٰٓئِكَ يَلۡعَنُهُمُ ٱللَّهُ وَيَلۡعَنُهُمُ ٱللَّٰعِنُونَ إِلَّا ٱلَّذِينَ تَابُواْ وَأَصۡلَحُواْ وَبَيَّنُواْ فَأُوْلَٰٓئِكَ أَتُوبُ عَلَيۡهِمۡۚ وَأَنَا ٱلتَّوَّابُ ٱلرَّحِيمُ ﴾

"നാമവതരിപ്പിച്ച തെളിവുകളും മാർഗ്ഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കികൊടുത്തതിന് ശേഷം മറച്ചുവെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശപിക്കുന്നതാണ്. എന്നാൽ പശ്ചാതപിക്കുകയും, നിലപാട് നന്നാക്കിത്തീർക്കുകയും, (സത്യം ജനങ്ങൾക്ക്) വിവരിച്ച് കൊടുക്കുകയും ചെയ്തവർ ഇതിൽനിന്ന് ഒഴിവാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം ഞാൻ സ്വീകരിക്കുന്നതാണ്. ഞാൻ അത്യധികം പശ്ചാതാപം സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ." (വി.ക്വു. 2:159,160)

പ്രസ്തുത വചനത്തിന്റെ വിശദീകരണമെന്നോണം ഇമാം ശൗകാനി ؓ പറയുന്നു: "ഇത് കൊണ്ട് വിവക്ഷയെന്ത്? എന്നതിൽ പണ്ഢിതർ ഭിന്നിച്ചു. ചിലർ പറഞ്ഞു: മുഹമ്മദ് ﷺയുടെ കൽപനകൾ കയ്യൊഴിച്ച യഹൂദപണ്ഢിതരും ക്രിസ്തീയ പുരോഹിതരുമാണ്. വേറെ ചിലർ പറഞ്ഞു: സത്യം മറച്ചുവെക്കുകയും അല്ലാഹു വ്യക്തമാക്കികൊടുക്കണമെന്ന് നിർബന്ധമാക്കിയത് വിവരിക്കാത്തവരുമാണ് ഉദ്ദേശം. ഈ പറയപ്പെട്ടതാണ് പ്രബലമായ അഭിപ്രായം. കാരണം നിദാന

ശാസ്ത്രത്തിൽ പറയപ്പെടുന്നതുപോലെ ആയത്തിലെ പദങ്ങൾ അറിയിക്കുന്ന പൊതുവായ ആശയത്തിനാണ് പരിഗണന. അല്ലാതെ അവതരണ പശ്ചാതലത്തിലുള്ള പ്രത്യേക കാരണത്തിനല്ല. ആയത്തിൻെറ അവതരണ പശ്ചാതലവുമായി ബന്ധപ്പെട്ട യഹൂദരുടേയും ക്രൈസ്തവരുടേയും മറച്ചുവെക്കൽ നാടകം ഇവിടെ സങ്കൽപ്പിച്ചാൽ തന്നെയും സത്യം മറച്ചുവെക്കുന്ന എല്ലാ ആളുകളേയും ആയത്ത് കൈകാര്യം ചെയ്യുന്നതിനെ പ്രസ്തുത സംഭവം നിരാകരിക്കുന്നില്ല. ഈ ആയത്തിൽ സങ്കൽപ്പിക്കാനാകാത്ത ശക്തമായ താക്കീതാണ് ഉള്ളത്. കാരണം ഒരാളെ അല്ലാഹുവും അവൻെറ അടിയാറുകളിൽ നിന്ന് ശപിക്കാൻ കഴിയുന്നവരൊക്കെ ശപിക്കുകയും ചെയ്താൽ, അയാൾ നഷ്ടത്തിൻേറയും കഷ്ടത്തിൻേറയും പാരമ്യത്തിൽ എത്തിപ്പെടും." [1]

അബൂ ഹുറയ്റ ﵁ ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു: അല്ലാഹുവിൻെറ റസൂൽ ﷺ പറഞ്ഞു:

﴿مَنْ سُئِلَ عَنْ عِلْمٍ عَلِمَهُ ثُمَّ كَتَمَهُ أُلْجِمَ يَوْمَ الْقِيَامَةِ بِلِجَامٍ مِنْ نَارٍ﴾

(( ഒരാൾ താൻ അറിഞ്ഞ് മനസ്സിലാക്കിയ ഒരു അറിവിനെ കുറിച്ച് ചോദിക്കപ്പെടുകയും അയാൾ അത് മറച്ചുവെക്കുകയും ചെയ്താൽ നരകത്തീയിൽനിന്ന് ഒരു കടിഞ്ഞാൺ അയാൾക്ക് ധരിപ്പിക്കപ്പെടും.))[2] മറ്റൊരു റിപ്പോർട്ടിൽ:

﴿مَا مِنْ رَجُلٍ يَحْفَظُ عِلْماً فَيَكْتُمُهُ إِلاَّ أُتِيَ بِهِ يَوْمَ الْقِيَامَةِ مُلْجَماً بِلِجَامٍ مِنَ النَّارِ﴾

[1] ശൗകാനി, ഫത്ഹുൽ ഖദീർ 1:238

[2] അൽബാനി, സ്വഹീഹുത്തിർമിദി: 2135

(( ഒരു വിജ്ഞാനം ഹൃദ്യസ്തമാക്കുകയും പിന്നീട് അത് മറച്ച് വെക്കുകയും ചെയ്യുന്ന യാതൊരു ആളുമില്ല അന്ത്യനാളിൽ നരകത്തീയിൽ നിന്നുള്ള മൂക്കുകയർ ധരിപ്പിക്കപ്പെട്ട് അയാൾ കൊണ്ടുവരപ്പെടാതെ.))[1]

## ഏഴ്.) പുത്തൻവാദികളുടേയും പാപികളുടേയും കൂടെയിരിക്കൽ.

ഒരാൾ ബിദ്അത്തിൻെറ ആളുകളോടും പാപികളോടുമൊപ്പമിരിക്കൽ ഇത്തിബാഇന് വലിയ തടസ്സം സൃഷ്ടിക്കുന്ന വിഷയമാണ്. തിന്മയുടെ വാക്താക്കൾ അവരുടെ കൂടെയിരിക്കുന്നവന് അസത്യം നല്ലതായി തോന്നിപ്പിക്കുകയും അതാണ് സത്യമെന്ന് ചിത്രീകരിക്കുകയും ചെയ്യും. ഇനി അവൻെറ മസ്തിഷ്കത്തിൽ സത്യം മാറ്റി ചിത്രീകരിക്കാനും കാര്യബോധം മാറ്റിമറിക്കാനും അവർക്കായില്ലെങ്കിൽ അവരുടെ നിരർത്ഥകത പ്രവർത്തിക്കാൻ അവർ അവനെ നിർബന്ധിച്ചെന്ന് വരാം. ഒന്നുകിൽ അവരോട് ഒരു സോപ്പിംങ് എന്നനിലയിലോ, അല്ലെങ്കിൽ അവർ പരിഹസിക്കുമെന്നോ നിരൂപണം നടത്തുമെന്നോ ഭയന്നുമായേക്കാം അയാൾ നിർബന്ധത്തിന് വഴങ്ങുന്നത്. അവർക്ക് അതിന് സാധ്യമായില്ലെങ്കിൽ ചുരുങ്ങിയപക്ഷം അവരെ എതിർക്കുകയെന്ന ദൗത്യം ഉപേക്ഷിച്ചും അവരുടെ തന്നിഷ്ടങ്ങൾക്കിണങ്ങാത്ത സത്യപ്രവർത്തനം കയ്യൊഴിച്ചും അവൻ അവർക്ക് വഴങ്ങികൊടുക്കുന്ന പരിവത്തിൽ അവർ അവനെ എത്തിക്കും. അതുകൊണ്ടുതന്നെ അഹ്ലുസുന്നത്തിൻെറ വക്താക്കൾ ചീത്ത കൂട്ടാളികളോട് കൂടിയിരിക്കുന്നതിനെതിരിൽ സലഫുകളുടെ

---

[1] അൽബാനി, സ്വഹീഹു ഇബ്നി മാജ: 210

പ്രതിഷേധം അതിതീവ്രവും അവരുടെ മുന്നറിയിപ്പുകൾ കഠിനവുമായിരിക്കുന്നു,

ഉമർ ﷺ, സ്വബീഗ് ബ്നു ഇസ്‌ലി[1]നെ നാടുകടത്തിയ സംഭവത്തിൽ അബൂഉഥ്മാനുർറാവി ﷺ പറയുന്നു: "ഞങ്ങൾ അയാളുടെ കൂടെയിരിക്കരുതെന്ന് ഉമർ ﷺ ഞങ്ങളെ എഴുതി അറിയിച്ചു. അബൂഉഥ്മാൻ ﷺ തുടരുന്നു: ഞങ്ങൾ നൂറ് പേരുണ്ടായിരിക്കെ സ്വബീഗ് ഞങ്ങളുടെ കൂടെയിരിക്കുകയാണെങ്കിൽ ഞങ്ങൾ അയാളെ വിട്ടുപിരിഞ്ഞ് പോകുമായിരുന്നു." [2]
ഇബനു അബ്ബാസ് ﷺ പറയുകയാണ്:

" لاَ تَجْلِسْ أَهْلَ ٱلأَهْوَاءِ ، فَإِنَّ مُجَالَسَتَهُمْ مُمَرِّضَةٌ لِلْقَلْبِ "

---

[1] സ്വബീഗ് ബ്നു ഇസ്‌ൽ അൽഇറാഖി, വിശുദ്ധക്വുർആനിലെ മുതശാബിഹാതുകളായ (ദൃഢജ്ഞാനമില്ലാത്തവർക്ക് അശയനിർണ്ണയത്തിൽ സന്ദേഹമുണ്ടാകാനിടയുള്ള) ആയത്തുകളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ചോദ്യമുന്നയിക്കാൻ തുടങ്ങിയപ്പോൾ അംറ് ഇബ്നുൽ ആസ്വ് ﷺ, ഖലീഫ ഉമർ ﷺ വിനെ വിവരമറിയിച്ചു. തുടർന്ന് ഉമർ ﷺ സബീഗിനെ വിളിച്ചുവരുത്തി, ഈത്തപ്പനമടൽ കൊണ്ട് നൂറ് അടി ശിക്ഷയായി നൽകി. ശേഷം ഒരു റൂമിൽ പാർപ്പിച്ചു. വ്രണം മാറിയ ശേഷം വീണ്ടും നൂറ് അടി നൽകി. ഇറാഖിലേക്ക് അയാളെ കയറ്റി അയക്കുമ്പോൾ സ്വബീഗ് നിഷ്കളങ്കമായ തൗബ ചെയ്യുന്നതു വരെ ആരും അയാളുമായി കൂടിയിരിക്കരുതെന്നും സംസാരിക്കരുതെന്നും ഉമർ ﷺ എഴുതി അറിയിച്ചിരുന്നു.(സുനനുദ്ദാരിമി 1:66,67, ഇബ്നു ബത്ത്വയുടെ അൽ ഇബാനത്തുൽ കുബ്റാ 1:415,416, ആജുരിയുടെ അശ്ശരീഅ: 73,74, ലാലികാഇയുടെ ശറഹു ഉസൂലി ഇഅ്തിഖാദി അഹ്‌ലിസുന്ന 2:634,635 നോക്കുക)

[2] ഇബ്നു ബത്ത്വ, അൽ ഇബാനത്തുൽ കുബ്റാ 1:414

"തന്നിഷ്ടം പിൻപറ്റുന്നവരോട് നീ കൂടിയിരിക്കരുത്. കാരണം അവരോട് കൂടിയിരിക്കൽ ഹൃദയത്തിന് രോഗ മുണ്ടാക്കും." [1]

മുസ്അബ് ഇബ്നു സഅദ്ﷺ പറയുന്നു: "ഒരു മാർഗ്ഗ ഭ്രംശിയോട് നീ കൂടിയിരിക്കരുത്. കാരണം അവനിൽ നിന്നുള്ള രണ്ടാലൊന്ന് നിന്നിൽ നിന്ന് ഉന്നം തെറ്റുകയില്ല. ഒന്നുകിൽ അവൻ നിന്നെ കുഴപ്പത്തിലാക്കും അതോടെ നീ അവനെ അനുഗമിക്കും. അല്ലങ്കിൽ നീ അവനെ വിട്ടുപിരി യും മുമ്പ് അവൻ നിന്നെ ദ്രോഹിക്കും." [2]

മുഫദ്ദൽ ഇബ്നു മുഹല്ലൽﷺ പറയുന്നു: " ഒരു ബി ദ്അത്തിൻെറ വക്താവ് നീ അവനോടൊപ്പമിരിക്കുമ്പോൾ അവൻെറ ബിദ്അത്തുകളാണ് നിന്നോട് പറയുന്നതെങ്കിൽ നീ അവനെ സൂക്ഷിക്കുകയും അവനിൽനിന്ന് ഓടിയകലു കയും ചെയ്യുമായിരുന്നു. പക്ഷേ അവൻ അവൻെറ സദസ്സു കൾ ആരംഭിക്കുമ്പോൾ സുന്നത്തിൽ സ്ഥിരപ്പെട്ട ഹദീസു കൾ പറയുകയും പിന്നീട് അവൻെറ ബിദ്അത്തുകൾ നിന്നി ലേക്ക് തിരുകികയറ്റുകയും ചെയ്യും. അതാകട്ടെ നിൻെറ ഹൃദയത്തിൽ കുടിയിരിക്കും. പിന്നെയെന്നാണ് അത് നിൻെറ ഹൃദയത്തിൽ നിന്ന് പടിയിറങ്ങുക?!! " [3]

ഇമാം ഇബ്നു സീരീൻﷺനോട് ഒരാൾ പറഞ്ഞു: ഇ ന്നയാൾ താങ്കളുടെ അടുക്കൽ വരാൻ ഉദ്ദേശിക്കുന്നു. അയാ ൾ താങ്കളോട് ഒന്നുമേ സംസാരിക്കില്ല. ഇമാം പറഞ്ഞു: "നി ങ്ങൾ അയാളോട് പറയുക, അയാൾ വരരുത്; കാരണം

---

[1] ഇബ്നു ബത്ത്വ, അൽ ഇബാനത്തുൽ കുബ്റാ 2:438
[2] ഇബ്നു ബത്ത്വ, അൽ ഇബാനത്തുൽ കുബ്റാ 2:442
[3] ഇബ്നു ബത്ത്വ, അൽ ഇബാനത്തുൽ കുബ്റാ 2:444

മനുഷ്യഹൃദയം ദുർബലമാണ്. ഞാൻ അവനിൽ നിന്ന് വല്ല തും കേൾക്കുകയും പിന്നീട് എന്റെ ഹൃദയം പൂർവ്വസ്ഥി തിയിലേക്ക് മടങ്ങുകയുമില്ലേ എന്ന് ഞാൻ ഭയപ്പെടുന്നു." [1]

## എട്ട്) സ്ഥിരപ്പെടാത്ത ഹദീഥുകളെ അവലംബിക്കൽ.

വ്യാജനിർമ്മിതവും ദുർബലവുമായ ഹദീഥുകളെ ആശ്ര യിക്കുകയും മതനിയമങ്ങൾ അവകൊണ്ട് സ്ഥാപിക്കുകയും ശരിയായ പ്രമാണങ്ങൾ കൊണ്ട് സ്ഥിരിപ്പെട്ട യാഥാർത്ഥ്യം അവകൊണ്ട് തള്ളുകയും ചെയ്യുക എന്ന പ്രവണത ഇത്തി ബാഇന് മുമ്പിലെ വലിയ തടസ്സമാണ്. ഒന്നുകിൽ അറിവി ല്ലായ്മ കൊണ്ട്, അല്ലെങ്കിൽ ഹഥീസുകളിലെ സ്വഹീഹ്, ദ ഈഫ്, (മൗദൂഅ്)വ്യാജനിർമ്മിതം എന്നിവ വേർതിരിച്ചറിയാ നുള്ള കഴിവില്ലായ്മകൊണ്ട്, അതുമല്ലെങ്കിൽ ദുർബലമായ ഹദീഥുകൾകൊണ്ട് 'ഫദാഇലുൽ അഅ്മാലിൻ' അമല് ചെ യ്യാം എന്ന ചിലപണ്ഢിതരുടെ വാദഗതിയിൽ വഞ്ചിതരായി ക്കൊണ്ട്. ഇങ്ങനെ ഏത് രീതിയിലായാലും എല്ലാം ഇത്തിബാ ഇന് തടസ്സംതന്നെ.

ദുർബലമായ ഹദീഥുകൾ 'ഫദാഇലുൽ അഅ്മാലിൽ' തെളിവാക്കാം എന്ന് പറയുന്ന പണ്ഢിതർ തന്നെ അതിന് വെച്ച നിബന്ധനകൾ ഇക്കൂട്ടർ ബോധപൂർവ്വം വിസ്മ രിക്കുന്നു. അവയിൽ പ്രധാനപ്പെട്ട നിബന്ധനകൾ ചുവടെ:

1. അമല് ചെയ്യുമ്പോൾ ഹദീഥ് സ്ഥിരപ്പെട്ടതാണെന്ന് വി ശ്വസിക്കാതിരിക്കുക; നബിﷺ പറയാത്തത് അദ്ദേഹത്തി ലേക്ക് ചേർക്കപ്പെടാതിരിക്കാനാണത്.

[1] ഇബ്നു ബത്ത്വ, അൽ ഇബാനത്തുൽ കുബ്റാ 2:446

2. ഹദീഥിൻെറ ദുർബലത കടുത്തതല്ലാതിരിക്കുക.
3. ദുർബലഹദീഥ് സ്ഥാപിക്കുന്ന മതവിധി ഇസ്‌ലാമിൻെറ ഒരു പൊതുതത്വത്തിന് താഴെ വരുന്നതാകണം. ഇസ്‌ലാമിൽ യാതൊരു അടിസ്ഥാനവുമില്ലാത്ത എല്ലാം തള്ളപ്പെടുന്നതിന് വേണ്ടിയും എങ്ങിനെയെങ്കിലുമൊക്കെ മതവിധി സ്ഥാപിതമായാൽമതി എന്ന ചിന്തയെ തടയിടാനുമാണത്.[1]

ഇത്തിബാഇൻെറ യാഥാർത്ഥ്യത്തെ പറ്റി ഏതാനും വീക്ഷണങ്ങളാണ് നടേക്കുറിച്ചത്. അവകൾ എൻെറ ദീനീ സുഹൃത്തുക്കൾക്ക് ഞാൻ സമ്മാനിക്കുന്നു. യഥാർത്ഥ അനുധാവനം ആദരവായ നബിﷺക്ക് മാത്രമാക്കാനും പ്രവാചക സ്നേഹം പുലമ്പുന്ന ബിദ്ഈപാർട്ടികളുടേയും ത്വരീഖത്തിൻെറ വാക്താക്കളുടേയും നിജസ്ഥിതി വെളിച്ചത്ത് കൊണ്ടുവരാനും, സൽപാന്ഥാവിൽനിന്നുള്ള അവരുടെ വ്യതിയാനം എത്രത്തോളമാണെന്ന് അളക്കാനുമാണ് ഈ സമർപ്പണം.

﴿ إِنۡ أُرِيدُ إِلَّا ٱلۡإِصۡلَٰحَ مَا ٱسۡتَطَعۡتُۚ وَمَا تَوۡفِيقِيٓ إِلَّا بِٱللَّهِۚ عَلَيۡهِ تَوَكَّلۡتُ وَإِلَيۡهِ أُنِيبُ ﴾

"....എനിക്ക് സാധ്യമായത്ര നന്മ വരുത്താനല്ലാതെ മറ്റൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹു മുഖേന മാത്രമാണ് എനിക്ക് (അതിന്) ഉതവി ലഭിക്കുന്നത്. അവൻെറ മേലാണ് ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു." (വി.ക്വു. 11:88)

[1] ഇമാം ശാത്വിബി, അൽ ഇഅ്തിസാം 1:228-231

# വിഷയസൂചി


| | |
|---|---|
| ○ **ആമുഖം** | 5 |
| ○ **ഇത്തിബാഇൻെറ ഭാഷാർത്ഥം** | 6 |
| ○ **ഇത്തിബാഇൻെറ സാങ്കേതിക അർത്ഥം** | 7 |
| • വിശ്വാസകാര്യങ്ങളിലുള്ള ഇത്തിബാഅ് | 7 |
| • വാക്കുകളിലുള്ള ഇത്തിബാഅ് | 8 |
| • പ്രവർത്തികളിലുള്ള ഇത്തിബാഅ് | 9 |
| • ഉപേക്ഷകളിലുള്ള ഇത്തിബാഅ് | 11 |
| ○ **മുഖാലഫത് ഇത്തിബാഇന് നേർവിരുദ്ധം** | 12 |
| • വിശ്വാസത്തിലുള്ള മുഖാലഫ | 12 |
| • വാക്കുകളിലുള്ള മുഖാലഫ | 13 |
| • പ്രവർത്തികളിലുള്ള മുഖാലഫ | 13 |
| • ഉപേക്ഷകളിലുള്ള മുഖാലഫ | 13 |
| ○ **ഇത്തിബാഇന് സ്ഥലകാലങ്ങളുമായുള്ളബന്ധം** | 14 |
| ○ **നബിﷺ യുടെ പ്രവർത്തികൾ** | 17 |
| • അൽഅഫ്ആലുൽ ജിബില്ലിയ | 17 |
| • നബിﷺ ക്ക് പ്രത്യേകമാണെന്നറിയിക്കപ്പെട്ട പ്രവർത്തികൾ | 19 |
| • അൽ അഫ്ആൽ അത്തഅബ്ബുദിയ്യഃ | 21 |
| ○ **ചില സുപ്രധാന താത്വിക നിയമങ്ങൾ** | 22 |
| ○ **ഇത്തിബാഇന് ശരീഅത്തിലുള്ള സ്ഥാനം.** | 41 |

| | |
|---|---|
| • ആരാധനകൾ സ്വീകരിക്കപ്പെടാനുള്ള-നിബന്ധനയാണ് ഇത്തിബാഅ് | 41 |
| • ഇസ്‌ലാമിൻെറ രണ്ട് അടിസ്ഥാനങ്ങ-ളിലൊന്നത്രെ ഇത്തിബാഅ് | 43 |
| • ഇത്തിബാഇലൂടെയാണ് സ്വർഗ്ഗപ്രവേശനം | 45 |
| • അല്ലാഹുവോടുള്ള സ്നേഹത്തിൻെറ തെളിവാണ് ഇത്തിബാഅ് | 46 |
| • പ്രവാചകസ്നേഹം സാധ്യമാകാനുള്ള യഥാർത്ഥ മാർഗ്ഗമത്രെ ഇത്തിബാഅ് | 49 |
| • റസൂൽﷺയെ അനുസരിക്കാനുള്ള കൽപ്പ-നകൾ നിർവ്വഹിക്കാനും അതിഭീഷണമായ താക്കീതുകളിൽ നിന്ന് വിട്ടുനിൽക്കാനുമുള്ള മാർഗ്ഗമാണ് ഇത്തിബാഅ് | 51 |
| • ഇത്തിബാഅ് സത്യവിശ്വാസികളുടെ അനുപേക്ഷണീയ ഗുണമാണ് | 52 |
| • ഇത്തിബാഅ് തഖ്‌വയുടെഅടയാളമാണ് | 54 |
| ○ **ഇത്തിബാഇൻെറ മതവിധി** | 55 |
| ○ **ഇത്തിബാഉം ജനങ്ങളും** | 60 |
| ○ **ഇത്തിബാഇൻെറ പ്രകടരൂപങ്ങൾ** | 62 |
| • ശറഈ പ്രമാണങ്ങളെ ആദരിക്കൽ | 62 |
| • വ്യതിയാനക്കുരുക്കിൽ അകപ്പെടുമെന്ന ഭയം | 68 |
| • പ്രത്യക്ഷത്തിലും പരോക്ഷത്തിലും നബിﷺ യെ അനുധാവനം ചെയ്യലും മാതൃകയാക്കലും | 70 |

| | |
|---|---|
| • മതത്തെ വിധികർത്താവാക്കുക, അതിലേക്ക് വിധിതേടുക. | 72 |
| • റസൂൽﷺ യുടെ വിധിയിൽ തൃപ്തിയടയൽ | 73 |
| ○ **ഇത്തിബാഇന് സഹായകമാകുന്ന മാർഗ്ഗങ്ങൾ** | 76 |
| • തഖ്‌വയും അല്ലാഹുവെകുറിച്ചുള്ള ഭയവും | 76 |
| • ആത്മാർത്ഥതയും നിഷ്കളങ്കതയും | 78 |
| • അല്ലാഹുവിന് മുന്നിൽ വിനയപ്പെടുക | 80 |
| • ശറഇയായ വിധികൾ പഠിക്കൽ | 83 |
| • ശരിയായ പ്രമാണങ്ങൾ ഗ്രഹിക്കുക, ആശയങ്ങൾ ചിന്തിച്ച് അറിയുക | 84 |
| • സലഫുകളുടെ മാർഗ്ഗം പിൻപറ്റൽ | 87 |
| • സച്ചരിതരായ സുഹൃത്തുക്കൾ | 91 |
| ○ **ഇത്തിബാഇന് തടസ്സമാകുന്ന കാര്യങ്ങൾ** | 94 |
| • അജ്ഞത | 94 |
| • ദേഹേച്ഛയെ പിൻപറ്റൽ | 107 |
| • സ്ഥിരപ്പെട്ടപ്രമാണങ്ങളേക്കാൾ ആളുകളുടെ അഭിപ്രായങ്ങൾക്ക് പ്രാമുഖ്യം കൽപ്പിക്കൽ | 111 |
| • ബുദ്ധിക്ക് മുൻഗണന നൽകൽ | 117 |
| • ശുബുഹാത്തിൽ ബന്ധപ്പെട്ടുകൊണ്ടിരിക്കൽ | 122 |
| • പണ്ഡിതന്മാരുടെ മൗനം | 124 |
| • പാപികളുടെ കൂടെയിരിക്കൽ | 127 |
| • സ്ഥിരപ്പെടാത്ത ഹദീഥുകളെ അവലംബിക്കൽ | 130 |

# ഇത്തിബാഉസ്സുന്നഃ

ശൈഖ് ഫൈസൽ
ഇബ്ൻ അലി അൽ ബുഅ്ദാനി

വിവർത്തനം:
അബ്ദുൽ ജബ്ബാർ അബ്ദുല്ല